# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഫെബ്രുവരി 10 | ദീപം 54 | നാളം 43 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കുതിപ്പിന് ഡിജിറ്റൽ ഡോസ്

## ദുരിതങ്ങൾക്കു മരുന്നില്ല...





ജോർജ് കള്ളിവയലിൽ

അടിസ്ഥാനസൗകര്യവികസനത്തിനു ബൂസ്റ്റർ ഡോസ്. ഡിജിറ്റൽ യുഗത്തിലേക്കുള്ള ഇന്ത്യയുടെ കുതിപ്പിൽ പക്ഷേ, കൊവിഡ് മഹാമാരിയിൽ ദുരിതത്തിലായവർക്ക് ഒരു ഡോസ് പോലുമില്ല! രൂക്ഷമായ തൊഴിലില്ലായ്മയും വിലക്കയറ്റവും പരിഹരിക്കാൻ വ്യക്തമായ പദ്ധതികളോ സാമ്പത്തിക പാക്കേജോ ഇല്ല. ഇടത്തരക്കാരും മുതിർന്ന പൗരന്മാരും പ്രതീക്ഷിച്ച ആദായ നികുതി ഇളവുകളുമില്ല.

കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമന്റെ 2022 ലെ ബജറ്റ് കോർപ്പറേറ്റ്, സ്വകാര്യലോബികൾക്കാകും സന്തോഷം നൽകുന്നത്. ഇന്ദ്രജാലങ്ങളോ അദ്ഭുതങ്ങളോ കാണാനില്ലാത്ത ബജറ്റിൽ വ്യക്തമായ സാമ്പത്തിക കാഴ്ചപ്പാടും ദിശാബോധവും ദൃശ്യമല്ല. എയർ ഇന്ത്യയും എൽഐസിയും ഉൾപ്പെടെ പൊതുമേഖല വിറ്റുതുലച്ചും ക്രിപ്റ്റോ കറൻസിയടക്കം എന്തിലും ഏതിലും കച്ചവടവും ലാഭക്കൊതിയും നികുതിവരുമാനവുമാണു ധനമന്ത്രി ലക്ഷ്യമിട്ടത്.

### കരുണയില്ലാതെ കടുംവെട്ട്

പാവങ്ങൾക്കും തൊഴിലാളികൾക്കും സഹായപദ്ധതികൾ ഒന്നും കൊടുത്തില്ലെങ്കിലും ഉള്ള കഞ്ഞികൂടി കുറയ്ക്കാൻ കേന്ദ്രസർക്കാർ മടിച്ചില്ല. പോഷകാഹാരം, ഭക്ഷ്യം, ധാന്യസംഭരണം, വളം, പാചകവാതകം തുടങ്ങിയ സബ്സിഡികളും വിള ഇൻഷ്വറൻസും മാത്രം ഒറ്റയടിക്ക് ഈ ബജറ്റിൽ വെട്ടിക്കുറച്ചത് 1,35,398 കോടി രൂപയാണ്. സാധാരണക്കാരോടും ദരിദ്രരോടും കർഷകരോടും കരുണയും കരുതലുമുള്ള ഒരു സർക്കാരിനും ഇതു ചെയ്യാനാകില്ല.

ഭക്ഷ്യസബ്സിഡിയിനത്തിൽ മാത്രം 65,009 കോടി രൂപയുടെ കുറവാണു സർക്കാർ വരുത്തിയത്. 2020-21 ൽ 4,62,789 കോടി രൂപയുണ്ടായിരുന്ന ഭക്ഷ്യസബ്സിഡി 2020-21 ൽ പകുതിയിലും കുറച്ച് 2,10,929 കോടിയാക്കിയിരുന്നു. ഇപ്പോൾ 2022-23 ലെ ബജറ്റിൽ ഈ തുക വീണ്ടും കുറച്ച് 1,45,920 കോടി രൂപയാക്കി. പാചകവാതക സബ്സിഡിയായി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 2020-21 ൽ 23,667 കോടി രൂപ കൈമാറിയ സ്ഥാനത്തു പുതിയ ബജറ്റിൽ ഇതിനായി വെറും 4,000 കോടിയാണു വകയിരുത്തിയത്. എൽപിജി സബ്സിഡിയിലും 19,667 കോടിയുടെ കുറവ്.

സമൂഹത്തിലെ പകുതിയിലേറെ വരുന്ന പാവം പൊതുജനത്തിന് ആശ്വാസമേകാൻ വ്യക്തമായ സഹായ, ക്ഷേമ പദ്ധതികളില്ലെന്നതും വലിയ പോരായ്മയാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും പരിഹരിക്കാനും കഷ്ടത്തിലായ ജനതയെ സഹായിക്കാനുമുള്ള ക്ഷേമപദ്ധതികളില്ലാത്ത ബജറ്റിനോട് ജനത്തിനും പ്രിയമുണ്ടാകുക പ്രയാസമാകും.

### ആം ആദ്മിക്ക് ആലംബമില്ല

നൂറ്റാണ്ടിലെ ഏറ്റവും കടുത്ത പ്രതിസന്ധിയിൽനിന്നു കരകയറാൻ ജനങ്ങൾക്കു കൈത്താങ്ങാകാനോ ആശ്വാസം നൽകാനോ ബജറ്റിനു കഴിഞ്ഞില്ല. എന്തിനേറെ, രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാനും ജനജീവിതം ദുസ്സഹമാക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാനും കാര്യമായ ശ്രമങ്ങൾപോലുമുണ്ടായില്ല. ഇതിനായി തുക വകയിരുത്തുകയോ പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല.

പുതുതായി 60 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന വാഗ്ദാനത്തിനു വലിയ വില കല്പിക്കേണ്ടതില്ല. പ്രതിവർഷം രണ്ടു കോടി തൊഴിൽ നൽകുമെന്ന ബിജെപിയുടെ പഴയ വാഗ്ദാനംപോലെയേ ഇതിനെയും കാണാനാകൂ. തൊഴിലവസരം കൂട്ടുന്നതിനുള്ള പദ്ധതികളോ വിശദാംശങ്ങളോ ബജറ്റിൽ പറയുന്നുമില്ല. ലോകത്തിലെതന്നെ ഏറ്റവും കൂടുതൽ ദരിദ്രരുള്ള രാജ്യമായിട്ടും അവരുടെ പട്ടിണി മാറ്റാൻ പുതുതായൊന്നും ബജറ്റിലില്ല.

പുതിയ സാമൂഹികക്ഷേമപദ്ധതികൾ, സാമ്പത്തിക സഹായ പാക്കേജുകൾ തുടങ്ങിയവ പ്രതീക്ഷിച്ച ജനകോടികൾക്കു തെറ്റി.

» 8

# ഈ മരണമണി മുഴക്കുന്നത്

## കേന്ദ്രസർക്കാരോ റബർ ബോർഡോ?





ഷെവ. വി.സി. സെബാസ്റ്റ്യൻ

വിലത്തകർച്ചയിൽ നട്ടംതിരിയുന്ന അവസ്ഥയിൽ കർഷകനെ കുരുതികൊടുത്ത് പുതിയ നിയമം നിർമിച്ച് ആഗോളവിപണിക്കും വ്യവസായമേഖലയ്ക്കും പുത്തനുണർവേകാനുള്ള ഉത്സാഹത്തിലാണ് കേന്ദ്രസർക്കാർ. നിലവിലുണ്ടായിരുന്ന റബർ ആക്ട് 1947 റദ്ദു ചെയ്ത് പുതിയ നിയമമായ റബർ ബിൽ 2022 അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ മാർച്ച് 14 മുതൽ ഏപ്രിൽ 8 വരെയുള്ള രണ്ടാം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെടുമെന്നുറപ്പായിരിക്കുന്നു. സർക്കാരിന് പാർലമെന്റിലുള്ള മൃഗീയഭൂരിപക്ഷമുപയോഗിച്ച് ഈ ബില്ലും എളുപ്പത്തിൽ പാസ്സാക്കാൻ കഴിയും. പൊതുജനത്തിന് അഭിപ്രായം പറയാൻ പത്തു ദിവസം മാത്രം നൽകിയതിന്റെ ലക്ഷ്യം കാര്യമായ പ്രതികരണങ്ങളൊന്നും ആഗ്രഹിക്കുന്നില്ലെന്നാണെന്ന് അനുമാനിക്കേണ്ടിവരും. എന്നിരുന്നാലും പുതിയ റബർ ബില്ലിലെ വ്യവസ്ഥകൾ എത്രമാത്രം കർഷകവിരുദ്ധമാണെന്ന് റബർ കർഷകരും ജനപ്രതിനിധികളും രാഷ്ട്രീയ നേതാക്കളും വിലയിരുത്തേണ്ടതാണ്.

### പുതിയ വകുപ്പുകളേറെ

1947 ലെ റബർ ആക്ട് 1954, 1960, 1982, 1994, 2010 എന്നീ വർഷങ്ങളിലായി അഞ്ചു തവണ ഭേദഗതി ചെയ്തിരുന്നു. ഈ ഭേദഗതികളെല്ലാം ഓരോ കാലഘട്ടത്തിലും കേന്ദ്രസർക്കാർ ഏർപ്പെട്ട സ്വതന്ത്രവ്യാപാരമുൾപ്പെടെ രാജ്യാന്തരക്കരാറുകളുടെയും റബർ വ്യവസായികളുടെ താൽപര്യങ്ങളുടെയും ഭാഗമായിട്ടാണ്. നിലവിലുള്ള റബർ നിയമത്തിൽ 28 വകുപ്പുകളുണ്ടെങ്കിൽ പുതിയ നിയമത്തിൽ 39 വകുപ്പുകളാണ് നിർദേശിച്ചിരിക്കുന്നത്.

നിർദിഷ്ട കരടിലെ വകുപ്പ് 2 ലെ നിർവചനങ്ങളിൽത്തന്നെ കൂട്ടിച്ചേർക്കലുകൾ ഒട്ടേറെയുണ്ട്. റബറിനും റബർ മരങ്ങൾക്കും നൽകുന്ന നിർവചനങ്ങൾക്കുപുറമെ റബർ വ്യവസായവും റബർ ഉത്പന്നങ്ങളും ഇടം നേടിയിട്ടുണ്ട്. 25 ഏക്കറിൽ താഴെ റബർ കൃഷി വിസ്തീർണമുള്ളവരെല്ലാം ചെറുകിട കർഷകരുടെ പരിധിയിൽ വരും.

### ലൈസൻസ് വേണ്ട; രജിസ്ട്രേഷൻ മതി

നിലവിലെ 14, 15 വകുപ്പുകൾപ്രകാരം റബറിന്റെ ക്രയവിക്രയത്തിനായി റബർ ബോർഡിൽനിന്നു വ്യാപാരികൾ ലൈസൻസ് വാങ്ങണമായിരുന്നു. ലൈസൻസിനു നിശ്ചിത സമയപരിധിയും പുതുക്കലും ചില സാഹചര്യങ്ങളിൽ പിൻവലിക്കലും ഏർപ്പെടുത്തിയിരുന്നു. എന്നാൽ, കരടുനിയമം 7-ാം വകുപ്പിലിത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്ന തലത്തിലേക്കു മാറ്റി. രജിസ്ട്രേഷനാകുമ്പോൾ സ്വാഭാവികമായും സമയപരിധിയോ പുതുക്കലോ ആവശ്യമില്ല, ഒരിക്കൽ മാത്രം മതിയാകും.

» 10

'ഹൃദയരാഗങ്ങൾ' എന്ന ആത്മകഥയിലൂടെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു നേടിയ ഡോ. ജോർജ് ഓണക്കൂറുമായി സാഹിത്യകാരി സിജിത അനിൽ നടത്തിയ അഭിമുഖം: **രണ്ടാം ഭാഗം**

# ഗ്രാമവിശുദ്ധിയുടെ സ്നേഹവീണ മീട്ടിയ ഹൃദയരാഗങ്ങൾ



**? മഹാകവി വൈലോപ്പിള്ളിയുടെ 'മകരക്കൊയ്ത്ത്' എന്ന കവിതാസമാഹാരത്തിന്റെ പേരിനു പിന്നിൽ താങ്കളാണെന്നു കേട്ടിട്ടുണ്ട്?**

1980 മുതൽ മൂന്നു വർഷക്കാലം സാഹിത്യപ്രവർത്തകസഹകരണസംഘം ഡയറക്ടർ ബോർഡംഗമായി പ്രവർത്തിച്ചത് മഹാകവി വൈലോപ്പിള്ളിക്ക് ഒപ്പമാണ്. കോട്ടയത്തുവച്ച് സഹകരണസംഘത്തിന്റെ ഡയറക്ടർ ബോർഡ് യോഗം ചേർന്ന സമയം. വൈലോപ്പിള്ളി വന്നത് കൈയിൽ വലിയൊരു കടലാസുപൊതിയുമായാണ്. മെല്ലെ അതു വിടർത്തി ഒരു കെട്ടെടുത്ത് മേശപ്പുറത്തു വച്ചു. പുതിയ കവിതകളുടെ സമാഹാരം. അടുത്തിരുന്ന ഞാൻ അതു തുറന്നു.

'കിഞ്ചിച്ഛേഷം അഥവാ ഇത്തിരി ബാക്കി' എന്നാണ് കാവ്യസമാഹാരത്തിനു നൽകിയിരിക്കുന്ന പേര്. ഞാനത് വായിച്ചിട്ടു ചിരിച്ചുകൊണ്ടു ചോദിച്ചു:

"എന്താ മാഷേ ഇത്? വൈലോപ്പിള്ളിക്കവിതയ്ക്ക് ഇങ്ങനെ ഒരു പേരോ?" അദ്ദേഹം എന്നെ നോക്കി.

"ചെറുപ്പക്കാരാ, ഈ പേരിനെന്താ തകരാറ്?"

"അങ്ങയുടെ മറ്റു കവിതകളുടെ കാവ്യാത്മകമായ പേരിനൊപ്പം കിഞ്ചിച്ഛേഷം എന്തോ, തീരെ ചേരാത്ത പോലെ തോന്നി." ഞാൻ പറഞ്ഞത് അദ്ദേഹത്തിന് ഇഷ്ടമായില്ലെന്നു തോന്നി.

"കവിതയ്ക്ക് എന്തു പേരിടണമെന്നു തീരുമാനിക്കാൻ കവിക്കാണ് അവകാശം" വൈലോപ്പിള്ളി പറഞ്ഞു. അസ്വസ്ഥനായി കവിതകൾ മടക്കി കൈയിലെടുത്തു വേഗം പുറത്തേക്കു പോയി. എനിക്കും വിഷമമായി. കവിമനസ്സ് വ്രണപ്പെടുത്തിയോ എന്ന ചിന്തയിലായിരുന്നു ഞാനും. രാത്രി മുറിയിൽ വന്നു കിടന്നിട്ടും ഉറങ്ങാൻ കഴിഞ്ഞില്ല. അങ്ങനെ കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ വാതിൽക്കൽ ഒരു മുട്ടുകേട്ടു. ഞാൻ എഴുന്നേറ്റുചെന്ന് വാതിൽ തുറന്നപ്പോൾ മുന്നിൽ വൈലോപ്പിള്ളി. സ്നേഹമസൃണമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു: "ചെറുപ്പക്കാരാ, താങ്കൾ പറഞ്ഞതാണു ശരി. വീണ്ടും ആലോചിച്ചപ്പോൾ എനിക്കതു ബോധ്യമായി. ഞാനാ പേരുമാറ്റി. ഇതാ നോക്കൂ." പുതിയ പേരിട്ട് കൈയെഴുത്തു പ്രതി എന്റെ നേർക്കു നീട്ടി.

ആദ്യത്തെ പേരു വെട്ടിയിട്ട് പകരം 'മകരക്കൊയ്ത്ത്' എന്ന് എഴുതിയിരിക്കുന്നു. എനിക്ക് ആഹ്ലാദം അടക്കാനായില്ല. ഞാൻ അദ്ദേഹത്തിന്റെ കാലിൽ തൊട്ടു നമസ്കരിച്ചു. അദ്ദേഹംതന്നെയാണു കവിതയ്ക്കു പേരിട്ടതെങ്കിലും അതിനൊരു പ്രേരണയാകാൻ കഴിഞ്ഞതിൽ സന്തോഷം. 'കന്നിക്കൊയ്ത്തുമുതൽ മകരക്കൊയ്ത്തു വരെ' എന്ന് വൈലോപ്പിള്ളിക്കവിതയെ ചരിത്രം അടയാളപ്പെടുത്തുമ്പോൾ സ്വകാര്യമായ അഭിമാനം ഉണ്ട്.

**? "Beauty is our religion, Says George Onakkoor; young writer from the southern part of the country." താങ്കളുടെ ചെറുപ്പത്തിൽ ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന ഈ വാർത്ത ഒരുപാടു വാർത്താപ്രാധാന്യം നേടിയിരുന്നല്ലോ.**

മൂന്നുവട്ടം അക്കാദമി ജനറൽ കൗൺസിലിലും ഒരു തവണ നിർവാഹകസമിതിയിലും അംഗമായിരുന്നു ഞാൻ. സാഹിത്യ അക്കാദമിയുടെ സാംസ്കാരിക വിനിമയ പരിപാടിയിൽ ഉൾപ്പെട്ട് ഒരിക്കൽ ഗുജറാത്ത് സന്ദർശിക്കാനിടയായി. ഞങ്ങളുടെ നേതാവ് തകഴി ശിവശങ്കരപ്പിള്ളയാണ്. അക്കിത്തം അച്യുതൻ നമ്പൂതിരി, വി.പി. മുഹമ്മദ്, സെക്രട്ടറി പവനൻ എന്നിവരുമുണ്ട്. അഹമ്മദാബാദിൽവച്ച് ഗുജറാത്തി സാഹിത്യകാരൻമാരുമായുള്ള സമ്മേളനം ഉണ്ടായിരുന്നു. ഉമാശങ്കർ ജോഷിയാണ് അധ്യക്ഷത വഹിക്കുന്നത്. സാഹിത്യചർച്ചയ്ക്കിടയിൽ ഗുജറാത്തിലെ ഒരു എഴുത്തുകാരൻ ഞങ്ങളെ നോക്കി ചോദിച്ചു: "നിങ്ങളുടെ കൂട്ടത്തിൽ ഒരു ബ്രാഹ്മണനുണ്ട്. രണ്ടു പേർ ഹിന്ദുക്കൾ, പിന്നെ ഒരു മുസ്‌ലീം. മറ്റൊരാൾ ക്രിസ്ത്യാനിയും. നിങ്ങൾ ഒരുമിച്ചാണോ യാത്ര ചെയ്യുന്നത്?"

ജാതീയതയുടെ വിഷം ചീറ്റുന്ന ചോദ്യം. ഞങ്ങളുടെ സംഘത്തലവൻ തകഴിച്ചേട്ടൻ അതിനു മറുപടി നൽകാൻ എനിക്കു നിർദേശം നൽകി.

"ഞങ്ങൾ കേരളത്തിൽനിന്നു വരുന്ന എഴുത്തുകാരാണ്. ഞങ്ങൾക്ക് ഒരു മതമേയുള്ളൂ. സൗന്ദര്യമാണ് ഞങ്ങളുടെ മതം – Beauty is our religion, ഞാൻ പറഞ്ഞു. അതിനു പിന്നാലെ 'മാനവപ്രശ്നങ്ങൾ തൻ മർമകോവിദന്മാരേ, ഞാനൊരു വെറും സൗന്ദര്യാത്മകകവി മാത്രം' എന്ന വൈലോപ്പിള്ളിക്കവിതയും 'ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ' എന്ന് ഉള്ളൂർക്കവിതയും ഓർമപ്പെടുത്തി. 'അതേ, പ്രേമവും സൗന്ദര്യവുമാണ് സ്വന്തം മതം എന്ന തിരിച്ചറിവിലാണ് കലയും സാഹിത്യവും സംസ്കാരപൂർണമാകുന്നത്, എഴുത്തും എഴുത്തുകാരനും ചരിത്രത്തിൽ ഇടം നേടുന്നത്.' അതു കേട്ട് തകഴിച്ചേട്ടൻ എന്നെ അഭിനന്ദിച്ചു. ടൈംസ് ഓഫ് ഇന്ത്യയിലും മറ്റു മാധ്യമങ്ങളിലും വൻപ്രാധാന്യത്തോടെ എന്റെ പ്രതികരണം അച്ചടിച്ചു വന്നു. കാലത്തിനു വലിയ നന്മകൾ സമ്മാനിച്ച കവി വൈലോപ്പിള്ളിയുടെ വരികളാണ് ആ സദസ്സിൽ വച്ച് ശക്തമായ മറുപടി പറയാൻ പ്രേരണയായിത്തീർന്നത് എന്ന് ഇപ്പോഴും ഓർക്കുകയാണ്.

**? അമ്മമനസ്സുള്ള എഴുത്തുകാരനെന്ന് താങ്കൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടല്ലോ. എങ്ങനെയാണ് എപ്പോഴും ഒരു അമ്മമനസ്സ് കാത്തുസൂക്ഷിക്കാൻ സാധിക്കുന്നത്?**

എന്റെ ആത്മകഥയുടെ ആദ്യധ്യായംതന്നെ അമ്മയെക്കുറിച്ചാണ്. ത്യാഗം, സ്നേഹം ഇതൊക്കെയാണല്ലോ അമ്മ. അങ്ങനെ ഒരു അമ്മമനസ്സ് എനിക്ക് ഉണ്ടായെങ്കിൽ, ശക്തിയുടെ, സ്നേഹത്തിന്റെ, ത്യാഗത്തിന്റെ ഒക്കെ ചെറിയ ഒരു മനോഭാവം കാത്തുസൂക്ഷിക്കാൻ സാധിച്ചുവെങ്കിൽ, എനിക്കു കടപ്പാടുള്ളത് എന്റെ മുത്തശ്ശിയോടാണ്.

എന്റെ അച്ഛന്റെ അമ്മ ഇരുപത്തിയൊന്നാമത്തെ വയസ്സിൽ വിധവയായതാണ്. എന്റെ മുത്തച്ഛൻ അച്ഛന് ഒന്നര വയസ്സുള്ളപ്പോൾ മരിച്ചു. യുവതിയായ ഒരു സ്ത്രീ വർഷങ്ങൾക്കുമുമ്പ് ഒറ്റയ്ക്കു ജീവിതത്തെ നേരിട്ട് ഒരു കുട്ടിയെ വളർത്തുക എന്നു പറയുന്നതു നിസ്സാരകാര്യമാണോ? ദൈവാശ്രയത്തിൽ ശക്തി കണ്ടെത്തി ഈ ഒന്നരവയസ്സുള്ള കുട്ടിയെ വളർത്തിയെടുത്തു പഠിപ്പിച്ച്, വിവാഹം കഴിപ്പിച്ച് അതിൽ ആദ്യം പിറന്ന കുട്ടിയാണു ഞാൻ. അച്ഛമ്മ എന്റെ അച്ഛനോടു പറയുന്നതു ഞാൻ പലതവണ കേട്ടിട്ടുണ്ട്: നിന്നെ ഞാൻ കണ്ണീരിൽ കുളിപ്പിച്ചാണു വളർത്തിയത്. സന്തോഷവും സമാധാനവും ഞാനറിഞ്ഞത് ഈ കൊച്ചുമോൻ ഉണ്ടായതിനു ശേഷമാണ്. അതുകൊണ്ട് അച്ഛമ്മ എനിക്കു ദൈവമാണ്. ഒറ്റയ്ക്കു ജീവിച്ച് പ്രശ്നങ്ങളെ നേരിട്ട് ഒരു കുടുംബത്തെ മുന്നോട്ടു നയിച്ച ഒരു പാവപ്പെട്ട ഗ്രാമീണയായ അമ്മ. വിദ്യാഭ്യാസംപോലുമില്ല. എന്റെ അച്ഛമ്മയെയാണ് ഞാൻ ആദ്യം നമസ്കരിക്കുന്നത്. എന്റെ ഹോം ലൈബ്രറിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ചിത്രവും എന്റെ അച്ഛമ്മയുടേതാണ്. ഗ്രന്ഥപ്പുരയിലെ അമ്മ എന്ന ഒരു ലേഖനവും അച്ഛമ്മയെക്കുറിച്ച് ഞാൻ എഴുതിയിട്ടുണ്ട്. എന്റെ ആത്മകഥ ഹൃദയരാഗങ്ങൾ സമർപ്പിച്ചിരിക്കുന്നത് എന്റെ അമ്മയ്ക്ക്, അമ്മമനസ്സുള്ള എല്ലാവർക്കും എന്നാണ്. അമ്മയാണ് പ്രധാനമെന്ന് ഞാൻ എന്റെ എഴുത്തുവഴികളിലൂടെ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. അമ്മയിലൂടെ എല്ലാ അമ്മമാരെയും ഞാൻ കാണുന്നു. മാതൃത്വത്തിന്റെ ശക്തി ഞാനറിയുന്നു.

**? എഴുത്തുകാരനായതിൽ അഭിമാനം തോന്നാറില്ലേ?**

തീർച്ചയായും. ഒരു എഴുത്തുകാരനായതിൽ എനിക്കഭിമാനമുണ്ട്. ജീവിതത്തിൽ എന്താകണമെന്നാഗ്രഹിച്ചുവെന്നു ചോദിച്ചാൽ അങ്ങനെ ആഗ്രഹിക്കാൻ പറ്റുന്ന പാരമ്പര്യമുള്ള പശ്ചാത്തലത്തിൽ ഒന്നുമല്ല ഞാൻ ജനിച്ചത്. പക്ഷേ, എന്തെങ്കിലും ആയിത്തീരണമെന്ന ആഗ്രഹം കുട്ടിക്കാലത്തേ ഉണ്ടായിരുന്നു. അതുകൊണ്ട് ജീവിതപരിസരത്തെ മനസ്സിലാക്കി പഠിക്കാൻ ശ്രമിച്ചു. അന്നു മിക്ക സമയത്തും വായന തന്നെ ആയിരുന്നു. ലഹരി പിടിപ്പിക്കുന്ന വായന. ഹൈസ്കൂളിലായപ്പോഴേക്കും ലോകസാഹിത്യത്തിലെ മലയാളത്തിൽ വന്ന വിശ്രുതമായ കൃതികൾ മിക്കവയുംതന്നെ വായിച്ചു. അങ്ങനെ എഴുത്തുകാരനാകണമെന്നുള്ള അദമ്യമായ മോഹമുണ്ടായി. ഞാൻ വായിക്കുന്ന പുസ്തകങ്ങളുടെയെല്ലാം ഉള്ളടക്കം എന്താണെന്നു കേട്ടറിയാൻ എന്റെ അച്ഛമ്മ കാണിച്ച ആഗ്രഹം, അവർക്കതു ലളിതമായി പറഞ്ഞുകൊടുക്കാൻ നടത്തിയ പരിശ്രമം ഒക്കെ എന്റെ മനസ്സിൽ ഓരോ കൃതികളുടെ ഭംഗിയും ആശയത്തിന്റ പ്രാധാന്യവും ഉറപ്പിക്കുന്നതിനിടയായിത്തീർന്നു. അങ്ങനെ വായന എന്റെ ജീവിതത്തെ നവീകരിക്കുകയും വിപുലീകരിക്കുകയും ചെയ്തു. പിന്നെ ഒട്ടേറെ സാംസ്കാരികസദസ്സുകളുമായി ബന്ധപ്പെട്ടു. ഞങ്ങളുടെ ഗ്രാമീണ ലൈബ്രറിയിൽ ഉണ്ടായിരുന്ന പുസ്തകങ്ങൾ വായിച്ചു. അങ്ങനെ വികസിച്ചുവരുന്ന ഒരു സാംസ്കാരികബോധത്തോടെയാണ് ഞാൻ മുന്നോട്ടുപോയത്.

**? മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി നേടിക്കൊടുക്കാൻ താങ്കൾ നിരന്തരം പോരാടിയിട്ടുണ്ടല്ലോ.**

മലയാളം നമ്മുടെ മാതൃഭാഷയാണ്. ഒരാൾക്കു മാതൃഭാഷ മറ്റേതു ഭാഷയെക്കാളും വലുതായിരിക്കണം. കാരണം, നമ്മുടെ സംസ്കാരമാണത്. തമിഴിനും തെലുങ്കിനുമൊക്കെ കിട്ടിയ ശ്രേഷ്ഠഭാഷാപദവി മലയാളത്തിനും അർഹതപ്പെട്ടതാണെന്നു കണ്ടിട്ടാണു ഞങ്ങൾ, കുറെ ഭാഷാസ്നേഹികൾ മലയാളം ശ്രേഷ്ഠഭാഷയാക്കണം എന്നുള്ളതിനെക്കുറിച്ചു നിരന്തരമായ സമ്മർദങ്ങൾ ചെലുത്തിക്കൊണ്ടിരുന്നത്. 2013 ൽ അതു യാഥാർത്ഥ്യമായിത്തീർന്നു എന്നതും ഞാൻ ഓർമിക്കുന്നു. നമ്മുടെ ഭാഷയെ വളർത്തിയെടുക്കാൻ നമുക്കു കഴിയണം. അതൊരു സംസ്കാരത്തിന്റെ അടയാളമാണ്. നമ്മുടെ മൗലികമായ ചിന്തകൾ, വികാരങ്ങൾ എപ്പോഴും ആവിഷ്കരിക്കപ്പെടുന്നത് മാതൃഭാഷയിലൂടെയാണ് എന്ന് നമ്മൾ ഓർമിക്കുക. മഹാകവി രവീന്ദ്രനാഥ ടാഗോർ നൊബേൽ സമ്മാനത്തിനർഹമായ 'ഗീതാഞ്ജലി' എന്ന കാവ്യം മാതൃഭാഷയായ ബംഗാളിയിലാണ് എഴുതിയത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ ആത്മകഥ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' ഇംഗ്ലീഷിലല്ല, ഗുജറാത്തിയിലാണ് എഴുതിയിരിക്കുന്നത്. പിന്നീടത് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി എന്നു മാത്രമേയുള്ളൂ. മലയാളത്തിനു ശ്രേഷ്ഠഭാഷാപദവി കിട്ടിയെങ്കിലും അതിനോട് അനുബന്ധിച്ചുള്ളതൊന്നും ഇതുവരെ കിട്ടിയിട്ടില്ല. ശ്രേഷ്ഠപദവി കിട്ടുന്നതോടൊപ്പം ഒട്ടേറെ അംഗീകാരങ്ങളും ആനുകൂല്യങ്ങളും ലഭിക്കേണ്ടതാണ്.

**? പുതിയ എഴുത്തുകാരോടു താങ്കൾക്ക് എന്താണു പറയാനുള്ളത്?**

പുതിയ എഴുത്തുകാരോടു പറയാനുള്ളത്, സ്നേഹിക്കുക. ആരെയും വെറുക്കാതിരിക്കുക. നമുക്കു വിയോജിക്കേണ്ടിവരുമ്പോഴും സ്നേഹപൂർവം വിയോജിക്കുക, മാന്യമായി വിയോജിക്കുക. സമൂഹത്തെ മുന്നോട്ടു നയിക്കാത്ത, മനുഷ്യസ്നേഹത്തെ വളർത്താത്ത ഒരു ആശയത്തോടും വാക്കിനോടും ഒരിക്കലും എഴുത്തുകാരൻ ചേർന്നുനിൽക്കരുത് എന്നാണ് എന്റെ അഭിപ്രായം. മലയാളിയായതിൽ അഭിമാനം കൊള്ളുക. ഭാഷയുടെ ശുദ്ധിയും സൗന്ദര്യവും നിലനിർത്തുക.

പത്രപ്രവർത്തകനായ വി.എസ്. രാജേഷ് ഒരിക്കൽ എന്നോടു ചോദിച്ചു: 'നിങ്ങൾ ആരാണ്?' പെട്ടെന്ന് ഞാൻ പറഞ്ഞ ഉത്തരം, 'ഞാനൊരു ഉഴവുചാലിൽ പൊട്ടിക്കിളിർത്ത ഒരു ചെടിയാണ്' എന്നാണ്. ആരോ കരുണ തോന്നി അത് അവിടെനിന്നു പിഴുതെടുത്ത് കരഭൂമിയിൽ നട്ടു, വെള്ളമൊഴിച്ചു, വളം ചേർത്തു. പയ്യെപ്പയ്യെ ഒരു ചെറുമരമായി ഇപ്പോൾ ഈ ഭൂമിയിൽ ഞാൻ ആയിരിക്കുന്നു. ധാരാളമായി തളിർക്കുകയും പൂക്കുകയും വല്ലപ്പോഴും കായ്ക്കുകയും ഒക്കെ ചെയ്യുന്ന ഒരു ചെറുമരമായി വലിയ മരങ്ങൾക്കിടയിൽ ഞാനും ഈ ഭൂമിയിലുണ്ട്. തീർച്ചയായും ആ ഒരു അടയാളം ഉണ്ട്. ആത്മബോധത്തിന്റെ അടയാളമായി എന്റെ ഹൃദയരാഗങ്ങൾ.

■



റ്റോം ജോസ് തഴുവംകുന്ന്

# വിളക്കേന്തേണ്ടവർ വാളേന്തുകയോ?

**സ്വാ**തന്ത്ര്യവും ജനാധിപത്യവുമൊക്കെ നമ്മുടെ എക്കാലത്തെയും പ്രസംഗവിഷയങ്ങളാണ്. എന്നാൽ, സ്വാതന്ത്ര്യത്തിന് അതിരുകളുണ്ടെന്നും നിത്യമായ ജാഗ്രതയാണു സ്വാതന്ത്ര്യത്തിന്റെ വിലയെന്നും നാമറിയാതെപോകുന്നു. സാക്ഷരതയിൽ മുന്നിലാകുമ്പോഴും സാർത്ഥകമായ സാക്ഷരസഞ്ചാരം യാഥാർത്ഥ്യമാകുന്നില്ല.

കലാലയാന്തരീക്ഷം കലുഷിതമാകുമ്പോൾ കാലവും കലുഷിതമാകുന്നു; ഒപ്പം, നാടിന്റെ ഭാവി അപകടത്തിലുമാകുന്നു. കലാലയങ്ങൾ വെറും പഠിതാക്കളുടെ ഇടമോ ഒത്തുചേരുന്ന സ്ഥലമോ അല്ല; മറിച്ച്, പുസ്തകങ്ങൾക്കും തൊഴിൽസങ്കല്പങ്ങൾക്കുമപ്പുറം സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും സത്യസന്ധതയുടെയും സന്മനോഭാവത്തിന്റെയും സമന്വയവേദിയാണ്. സ്നേഹമെന്നതിന്റെ അനിർവചനീയമാനം നാളെയുടെ മക്കൾ തിരിച്ചറിഞ്ഞ് അനുഭവിക്കണം. അതാണ് കലാലയവീക്ഷണം.

മാനവികതയുടെ അടിത്തറ തകരുന്നിടത്ത് രാഷ്ട്രീയം നിരർത്ഥകമാകും. ആശയസംഘട്ടനങ്ങളും സംവാദങ്ങളും രാഷ്ട്രീയത്തിലുണ്ട്. എന്നാൽ, ചൂടേറിയ സംവാദങ്ങളുടെ രത്നച്ചുരുക്കം നന്മയുടെ പടുത്തുയർത്തലും അഹിംസയുടെ ചുവടുറപ്പും തിരിച്ചറിയുന്നതാകണം. ഈ തിരിച്ചറിവിൽ വിദ്വേഷം എന്നതിനും അടിച്ചമർത്തൽ എന്നതിനും പ്രസക്തിയില്ല. വൈവിധ്യങ്ങളുടെ കുടക്കീഴിൽ സാഹോദര്യം മൊട്ടിടണം; സകലർക്കും സമാധാനത്തിന്റെ സംവേദനങ്ങൾ പകരണം. നാമാരെയാണ് ഇല്ലായ്മ ചെയ്യാൻ വെമ്പുന്നത്? പടുത്തുയർത്താൻ നിയോഗിക്കപ്പെട്ട രാഷ്ട്രീയത്തിന് എങ്ങനെയാണ് പടവെട്ടി മരിക്കാനുള്ള ബോധനം കിട്ടിയത്? ഒരുവന്റെ ജീവന്റെ വിലയോളം വലിയ ആശയസംഘട്ടനങ്ങൾ ഉണ്ടാകാമോ? ഭയരഹിതമായി തോളോടു തോൾ ചേർന്ന് രാജ്യസ്നേഹം പ്രോജ്ജ്വലിപ്പിക്കേണ്ട നാളെയുടെ മക്കൾക്ക് അരുതാത്ത വൈകാരികത ഉണ്ടാകാൻ പാടില്ല. ആശയങ്ങൾ സംവദിക്കട്ടെ, മത്സരിക്കട്ടെ, അപ്പോഴും മുഖാമുഖമിരുന്ന് പുഞ്ചിരിക്കാനും സൗഹൃദം പങ്കിടാനും നാളെയുടെ തലമുറയ്ക്കു വിവേകമുണ്ടാകണം.

മനുഷ്യരില്ലെങ്കിൽ ആശയങ്ങൾക്ക് അർത്ഥമുണ്ടാകുമോ? ഹിംസാത്മകമായ വൈകാരിക രാഷ്ട്രീയം രാജ്യസ്നേഹമോ പാർട്ടിസ്നേഹമോ വ്യക്തിതാത്പര്യമോ ആകുന്നില്ല. കലാലയത്തിലെത്തുന്ന നമ്മുടെ മക്കൾ ചേരിതിരിവിന്റെ മതിൽക്കെട്ടുകളിൽ തളയ്ക്കപ്പെട്ടുകൂടാ! രാഷ്ട്രീയത്തിന്റെ പ്രവർത്തനശൈലിയിൽ അസഹിഷ്ണുതയും വിദ്വേഷവും കടന്നുകൂടാൻ പാടില്ല. നമുക്കൊപ്പമുള്ളവർ പറയുന്നതു പക്വതയോടെ ശ്രദ്ധിക്കാനും നമുക്കു യോജിക്കാനാകാത്തതെങ്കിൽ വിവേകത്തോടെ വിയോജിക്കാനും സാധിക്കണം. വൈവിധ്യങ്ങളുടെ സമന്വയം ഒരു മേശയ്ക്കു ചുറ്റും ഉണ്ടാകുമ്പോഴാണു രാഷ്ട്രീയക്കാർ രാഷ്ട്രനിർമിതിയിൽ പങ്കാളികളാകുന്നത്. നിർമിതിയുടെ ആത്യന്തിക 'രൂപം' നന്മയുടെ മലർവാടിയാകണം; ആരെയും അവഗണിക്കാത്ത വിശാലവീക്ഷണത്തിന്റെ മാനസിക ഇടം രാഷ്ട്രീയത്തിന്റെ കളരിയാകണം. അപരന്റെ ദുരന്തം സ്വന്തം മനഃസാക്ഷിയിലേക്ക് ഒന്നു പറിച്ചുനട്ടു നോക്കൂ... വേദനയുടെ ആഴവും പരപ്പും അപ്പോൾ തിരിച്ചറിയാനാകും!

ദ്രോഹവും ക്രോധവും നിഗ്രഹവും രാഷ്ട്രീയത്തിൽനിന്നു മാറ്റണം. നിറവും കൊടിയും കുറ്റാരോപണവും മാറ്റിവച്ച് അക്രമത്തെ മനുഷ്യത്വഹീനമായി തിരിച്ചറിയാനും ആവർത്തിക്കാതിരിക്കാനും നമ്മുടെ മക്കളുടെ മനഃസാക്ഷിയെ ഉണർത്തണം. ആരെയും ഇല്ലാതാക്കുമ്പോഴല്ല സകലരെയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും കൈപിടിച്ചുയർത്തുകയും ചെയ്യുമ്പോഴാണ് ഓരോ പാർട്ടിയുടെയും ശക്തി തിരിച്ചറിയപ്പെടുന്നതും നേതൃത്വം പ്രശംസിക്കപ്പെടുന്നതും. വിജയപരാജയങ്ങൾ ആപേക്ഷികമാണ്. എന്നാൽ, മനുഷ്യത്വത്തിൽ ആപേക്ഷികതയില്ല, തുല്യത മാത്രം!

നന്മയ്ക്കു നേതൃത്വം കൊടുക്കുന്നവരെ മാത്രമാണ് നേതാവെന്നു വിവക്ഷിക്കുന്നത്. അങ്ങനെത്തന്നെയാകണം ഓരോ നേതാവും. തകിടം മറിക്കുന്നതും തച്ചുടയ്ക്കുന്നതും മറ്റുള്ളവരുടെ ജീവനു ഭീഷണിയാകുന്നതും നേതൃപാടവത്തിലെ വഴിവിട്ട സഞ്ചാരം മാത്രമാണ്. കലാലയത്തിനുപുറത്തുനിന്ന് കലാലയത്തിൽ രാഷ്ട്രീയം വിതയ്ക്കുന്നതു നിർത്തണം. കലാലയാന്തരീക്ഷത്തിൽ നിന്നുകൊണ്ട് രാഷ്ട്രീയത്തിന്റെ ബാലപാഠവും നേതൃപാഠവും പഠിക്കണം, കടന്നുപോയ മഹാവ്യക്തികളുടെ ചരിത്രത്താളുകൾ മറിച്ചുനോക്കണം. അനുകരണീയമായ വ്യക്തിത്വങ്ങളെ മാതൃകയാക്കാനും പുറംരാഷ്ട്രീയത്തിനുമപ്പുറം കലാലയങ്ങളിൽ 'ലീഡർഷിപ്' വഹിക്കാനും എല്ലാ വിദ്യാർത്ഥികളുടെയും നേതാവാകാനും ശീലിക്കണം. ആശയങ്ങളുടെ നിറവ്യത്യാസം മത്സരക്കളരിയെ മനോഹരമാക്കാനും സൗഹൃദം ബലപ്പെടുത്താനുമുതകണം. കായികമായി നേരിടുന്നതിൽ ഒരുതരം രാഷ്ട്രീയവുമില്ല. മറിച്ച്, മാനവികത നശിക്കുന്നിടത്ത് മുള പൊട്ടുന്ന മൃഗീയത മാത്രമാണ്.



തന്റെ പിറകിൽ 'കീ ജയ്' വിളിക്കാൻ പടുത്തുയർത്തുന്ന പടവെട്ടുതൊഴിലാളികളായി നാളെയുടെ തലമുറയെ വളർത്തരുത്. താന്താങ്ങളുടെ വഴിയിൽ വിജയം വരിക്കാനുള്ള അവസരവും ആയുസ്സും നിഷേധിക്കാൻ ആർക്കുമവകാശമില്ല. അക്രമം മനഃസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതയിലേക്ക് എത്തുമ്പോൾ മരിച്ചവരുടെ നിറം പറയാതെ 'മനുഷ്യൻ മരിക്കുന്നു'വെന്ന ചിന്തയാകണം സകലർക്കും. സ്വന്തം കാര്യലാഭവും നേട്ടവും മാത്രം ദർശിക്കുന്ന 'അന്ധത' തിരുത്തണം. കൊടിയുടെ നിറം പറഞ്ഞ് കലാലയരാഷ്ട്രീയം കലാപരാഷ്ട്രീയമാക്കരുത്. അണികളുടെ രക്തത്തിളപ്പിനെ അഥവാ പ്രസരിപ്പിനെ ചൂഷണം ചെയ്യുന്ന നേതൃഭാവം മാറ്റണം. നാളെയുടെ മക്കളെക്കൊണ്ട് കുടുംബത്തിനും നാടിനും രാജ്യത്തിനും ലോകത്തിനുതന്നെയും നന്മയുടെ പ്രകാശമുണ്ടാകണം.

നമ്മുടെ നാട്ടിൽ രാഷ്ട്രീയം ഒരു തൊഴിലാണ്. അതിനുമപ്പുറം ഒരു വിശ്വപൗരനാകാൻ നമ്മിലെ താലന്ത് യഥാസമയം ഉപയുക്തമാക്കണം. വ്യക്തിയുടെ സ്വത്വബോധം സജീവമാക്കുന്നതിൽ കലാശാലകൾ കാരണമാകണം. കലാലയങ്ങളിൽ രാഷ്ട്രീയക്കാരുടെ 'ജന്മം' ഉണ്ടാകാതെ രാഷ്ട്രീയക്കാരാകുന്നതിലേക്കുള്ള ദിശാബോധം ജനിക്കണം. രാഷ്ട്രീയക്കാരുടെ കളരിയല്ല കലാലയം. നേതൃപാടവത്തിന്റെ തികവിൽ നന്മ മത്സരക്കളത്തിലേക്കു വരണം. മികവുറ്റതും മാതൃകയുടെ പാഠവുമായ രാഷ്ട്രീയനേതാക്കളുടെ രാഷ്ട്രീയവീക്ഷണ ക്ലാസ്സുകൾ കലാലയങ്ങളിൽ ഉണ്ടാകണം. രാഷ്ട്രീയം ഒരു പാഠഭാഗംതന്നെയാകട്ടെ. അതല്ലാതെ രാഷ്ട്രീയം എന്ന 'തൊഴിൽ' സ്വന്തമാക്കാനുള്ള 'വേട്ടയാടൽ' കേന്ദ്രമായി കലാലയങ്ങളെ മാറ്റരുത്.

രാഷ്ട്രീയമേതായാലും തനിക്കും നാടിനുംവേണ്ടി തൊഴിലെടുക്കാനുള്ള അഭിവാഞ്ഛയും കലാലയത്തിൽ ഉടലെടുക്കണം.

തിരുത്തും തിരിച്ചുപോക്കുമാണ് യഥാർത്ഥ 'ഭവന'ത്തിലെത്താനുള്ള ആദ്യചുവടുവയ്പ്പ്. മരിക്കുന്നവർക്കു കൊടിയുടെ നിറം ചാർത്താതെ ക്രൂരതയെ തള്ളിപ്പറയാനും കലാപരാഷ്ട്രീയം ആവർത്തിക്കാതിരിക്കാനുമുള്ള മുൻനിര പോരാട്ടം സകലരിലും നിന്നുണ്ടാകണം. കലാലയത്തിൽ രാഷ്ട്രീയം പാഠഭാഗമാക്കണം. പ്രായോഗികതയിലേക്കു കടക്കുംമുമ്പ് രാഷ്ട്രീയത്തെക്കുറിച്ചും ചരിത്രത്തിന്റെ ഈടുറ്റ നേതൃനിരയെക്കുറിച്ചും തികഞ്ഞ ബോധനമുണ്ടാകണം. യുവാക്കളെ രാഷ്ട്രീയപ്പാർട്ടികളുടെ ഭാഗഭാക്കാക്കി നേതാക്കളുടെ ഇംഗിതത്തിനൊത്തു നിർത്തുന്നത് തെറ്റാണ്. പരസ്പരം ഹനിക്കുന്ന ഒരു തരത്തിലുള്ള പ്രവർത്തനവും നാട്ടിൽ അരങ്ങേറാതിരിക്കേണ്ടത് രാഷ്ട്രീയത്തിന്റെ ചുമതലയായി ഏറ്റെടുക്കണം. സകലർക്കും കാവലാകുന്ന ജാഗ്രതയുടെ രാഷ്ട്രീയം മുളപൊട്ടണം.

സമാധാനം എല്ലാവർക്കും ലഭിക്കേണ്ടതാണ്. സ്വൈരജീവിതവും തൊഴിലുറപ്പും മരീചികയായി തുടരാതിരിക്കാൻ രാഷ്ട്രീയത്തിനു ദീർഘവീക്ഷണവും ഇച്ഛാശക്തിയുമുണ്ടാകണം. ജ്ഞാനം നമ്മോടു സമീപിച്ചിരിക്കുന്നതിനെക്കാളും അടുത്താണ് മനഃസാക്ഷിയിരിക്കുന്നത് എന്ന ബോധം മക്കൾക്കു നൽകണം. മനഃസാക്ഷിയെ സജീവമാക്കി നിർത്തുമ്പോൾ ഏത് ആശയസംഘട്ടനങ്ങൾക്കു നടുവിലും ദൈവസ്വരം കേൾക്കാനാകും; ക്രൂരത അരങ്ങേറില്ല; ചുറ്റുമുള്ളവരെയും ജീവിക്കാനനുവദിക്കുന്ന നല്ല മനസ്സ് സജീവമായി നിലകൊള്ളുകയും ചെയ്യും!

നമുക്കു നന്നായിക്കൂടേ? ചിന്തിച്ചു തിരുത്തിക്കൂടേ? അഹിംസയുടെ അതായത്, സ്നേഹത്തിന്റെ പാതയിലൂടെ നമുക്കു പലപ്പോഴും ഏകാകിയായിത്തന്നെ നടക്കേണ്ടിവരും. ഹിംസാലുവിന്റെ മുദ്ര അവന്റെ ആയുധമാണ്. അഹിംസാലുവിന്റെ രക്ഷാകവചമാണ് ഈശ്വരൻ എന്നാണു ഗാന്ധിജി പറഞ്ഞിരിക്കുന്നത്. രാഷ്ട്രീയത്തിന്റെ ബാലപാഠം അഹിംസയാകണം; അഹിംസകൊണ്ടു ലോകമനഃസാക്ഷിയെ കീഴടക്കിയ മഹാത്മജിയുടെ ഭാരതത്തിൽ ഇനിയൊരു കലാപരാഷ്ട്രീയവും കൊലപാതകരാഷ്ട്രീയവും ഉണ്ടാകരുത്. പ്രസ്താവനയെക്കാൾ പ്രകരണങ്ങളാകുന്ന മുഖാമുഖസംവാദങ്ങളും തീരുമാനങ്ങളെടുക്കുന്നതിലെ കൂട്ടായ്മയുമാണ് പ്രധാനം! നല്ല പ്രവർത്തനങ്ങൾ ഒരിക്കലും നഷ്ടമാകുകയില്ല; കാത്തുസൂക്ഷിക്കപ്പെടുന്ന നിധിയാണതെല്ലാം. പ്രകാശം പരത്താൻ രണ്ടു മാർഗങ്ങളുണ്ട്. ഒന്നുകിൽ വിളക്കാകുക, അല്ലെങ്കിൽ പ്രകാശം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാകുക. ഒരുപക്ഷേ, നമുക്കു രണ്ടുമാകാൻ കഴിഞ്ഞേക്കാം.

■




# ചങ്കിൽ പ്രാർത്ഥനയും ചുണ്ടിൽ സ്തുതിഗീതവും



ആഷ്‌ലി
ടെസ് ജോൺ

**ആ**ദ്യത്തെ പ്രസവത്തിൽ ഇരട്ടപ്പെൺകുട്ടികൾ. രണ്ടാമത്തെ പ്രസവത്തിലും അതുതന്നെയാവർത്തിച്ചപ്പോൾ പ്രിയ കിടന്ന ലേബർ റൂമിന്റെ വാതിൽക്കൽ വന്ന് ഡോക്ടർ ടോണിയോടു ചോദിച്ചു: "ഇനി കുട്ടികൾ വേണ്ടല്ലോ അല്ലേ? ഇനിയുള്ള പ്രസവങ്ങളിലും ഇരട്ടപ്പെൺകുട്ടികളുണ്ടാവാനാണു സാധ്യത. ഇപ്പോത്തന്നെ നാലു പെൺകുട്ടികളുണ്ടല്ലോ?'' മറുപടി പെട്ടെന്നു വന്നു: "അതു വേണ്ട ഡോക്ടറേ, എനിക്കിനിയും കുട്ടികൾ വേണം. എത്ര പെൺകുട്ടികളെക്കിട്ടിയാലും എനിക്കു സന്തോഷമേയുള്ളൂ."

കോട്ടയം വെള്ളികുളം തോട്ടപ്പള്ളിൽ വീട്ടിൽ ടോണിക്കും പ്രിയയ്ക്കും അഞ്ചു മക്കളാണ്. ആദ്യത്തെ പ്രസവത്തിൽ ഇരട്ടക്കുട്ടികൾ. അലീനയും അനീനയും. രണ്ടാമത്തെ ജോഡികൾ അഖിലയും അനിലയും. മൂന്നാമത്തേത് ആൺകുട്ടിയാണ്, അലൻ. "ആദ്യത്തെ കുട്ടികൾ ഉണ്ടായപ്പോൾ തൂക്കം കുറവായിരുന്നു. കൂടെ ശ്വാസംമുട്ടലും. മാസം തികയാതെ ജനിച്ചതുകൊണ്ട് ആരോഗ്യക്കുറവുണ്ടായിരുന്നു. പല ചികിത്സകൾക്കുശേഷം, ഒത്തിരി പരീക്ഷണങ്ങൾ പിന്നിട്ടാണ് ആരോഗ്യത്തോടെ അവർ വളരാൻ തുടങ്ങിയത്. അവർക്കൊരു നാലു വയസ്സൊക്കെ ആയതിൽപ്പിന്നെയാണ് ഞാൻ കുറച്ചൊരു സമാധാനത്തിലായത്." കടന്നുപോയ ഉറങ്ങാത്ത രാത്രികളെപ്പറ്റി ചിരിച്ചുകൊണ്ടു പറഞ്ഞുതുടങ്ങി പ്രിയ.

"ചേന്നാട് മണിയംകുളത്താണ് എന്റെ വീട്. കല്യാണം കഴിച്ച് വെള്ളികുളത്തെ ടോണിയുടെ വീട്ടിലേക്കു വരുമ്പോൾ ഇവിടെ അച്ചായനും അമ്മച്ചീം മൂന്നു ചേട്ടന്മാരും അവരുടെ ഭാര്യമാരും മക്കളും എല്ലാമുള്ള വലിയ കുടുംബമായിരുന്നു. എനിക്കതു പറഞ്ഞാൽ തീരാത്ത ഒരനുഗ്രഹമായി മാറി. ആദ്യത്തെ കുഞ്ഞുങ്ങളുടെ ആശുപത്രിവാസവും ബാലാരിഷ്ടതകളും രണ്ടാമത്തെ ഇരട്ടക്കുഞ്ഞുങ്ങളുടെ വളർത്തലുമെല്ലാം കുടുംബത്തിലെ എല്ലാവരുടെയും സഹായംകൊണ്ടു മാത്രമാണ് അധികം ബുദ്ധിമുട്ടുകളില്ലാതെ കടന്നുപോയത്. രണ്ടാമത്തെ പ്രഗ്നൻസിയുടെ സമയത്ത് സ്കാനിങ് കഴിഞ്ഞ് അതും ഇരട്ടക്കുട്ടികളാണെന്ന് അറിഞ്ഞപ്പോ ഞാനൊന്നു ടെൻഷനിലായി. പക്ഷേ, ടോണി ധൈര്യം പകർന്നു: "ഞാനില്ലേ നിന്റെകൂടെ? മക്കളെത്തരുന്നത് ദൈവമല്ലേ? ബാക്കിയെല്ലാം അവിടുന്ന് നോക്കിക്കൊള്ളും! കുഴപ്പങ്ങളൊന്നുമില്ലാതെ അവരെ കൈയിൽ കിട്ടിയപ്പോ ആശ്വാസമായി. മൂന്നാമത്തെ കുഞ്ഞ് ഉള്ളിലുള്ളപ്പോ മൂത്ത നാലു ചേച്ചിമാരും കൂടി ഉള്ളുരുകി പ്രാർത്ഥിച്ചു, ഞങ്ങൾക്കിനിയൊരു ആൺകുഞ്ഞുവാവയെത്തരണേയെന്ന്.


വെള്ളികുളം തോട്ടപ്പള്ളിൽ ടോണിയും പ്രിയയും മക്കളോടൊപ്പം

ഉദരത്തിൽ കൈകൾവച്ച് സ്തുതിച്ചു പ്രാർത്ഥിച്ചിരുന്നു, ഞാനും ടോണിയും അവൻ പുറത്തു വരുംവരെ, ആരോഗ്യമുള്ള ഒരു കുഞ്ഞാവയാവണേ എന്ന്. അങ്ങനെ അതും അവിടുന്നു തന്നു. കഷ്ടപ്പാടുണ്ട്. എന്നാലും ഒരു കാര്യത്തിനും ഒരു കുറവും ദൈവം വരുത്തുന്നില്ല." പരാതിപ്പെടാൻ ഒത്തിരിക്കാര്യങ്ങളുണ്ടായിട്ടും ഒരു ചെറുപുഞ്ചിരിയോടെ ജീവിതത്തെ പുണരുകയാണ് പ്രിയ, ഒത്തിരി പ്രിയത്തോടെ.

"അവളെല്ലാക്കാര്യത്തിനും എന്റെ ഒപ്പം നിൽക്കും. ഞാൻ രാവിലെ മൂന്നുമണിക്ക് റബർവെട്ടാൻ പോകുമ്പോൾ കൂടെ എഴുന്നേല്ക്കും. ഏഴരമണിക്കു പണികളൊതുക്കി ഭക്ഷണം തന്നെന്നെ യാത്രയാക്കും. ചോറ് പൊതികെട്ടി കൈയിൽത്തന്നുവിടും. മാതാപിതാക്കളുടെയും മക്കളുടെയും കാര്യങ്ങളെല്ലാം നോക്കും. കുഞ്ഞുങ്ങളുടെ കണ്ണിലെ സ്നേഹം കാണുമ്പോ എത്ര കഷ്ടപ്പെടാനും ഞങ്ങൾ റെഡിയാണ്. ഞാൻ രാവിലെ പണിക്കു പോകുമ്പോ മക്കളെല്ലാം വന്ന് കവിളിൽ ഉമ്മ തരും, കിടക്കാൻ നേരവും. അമേരിക്കൻ പ്രസിഡന്റും എന്റപ്പനു താഴെയേയുള്ളൂ എന്ന മട്ടിലാണ് അലൻ എന്റെ കൂടെ നടക്കുന്നത്, എല്ലാം കണ്ടും കേട്ടും പഠിച്ചും. ടോണി പറഞ്ഞു, എന്തിനാണ് നമ്മൾ വലിയ പടയോട്ടങ്ങൾ ജയിക്കാനാഗ്രഹിക്കുന്നത്? സന്തോഷം ഇതുപോലെ കൈയെത്തും ദൂരത്തുള്ളപ്പോൾ."

"ടോണിയാണ് മക്കളുടെ റോൾ മോഡൽ. ദേഷ്യപ്പെടാറില്ല. ഞാൻ ദേഷ്യപ്പെട്ടാലും ഒന്നും പ്രതികരിക്കില്ല. പിന്നെ എന്റെ അടുത്തു വന്ന് സമാധാനം പറഞ്ഞുതരും. നല്ല വിശ്വാസമുണ്ട് ടോണിക്ക്, തമ്പുരാന്റെ വഴികളിൽ. അലീനയും അനീനയും കാഴ്ചയിൽ ഒരുപോലല്ല, സ്വഭാവത്തിലും. അലീന എപ്പോഴും സഹായമായി പുറംജോലികളിൽ എന്റെ കൂടെയുണ്ടാവും. അനീനയ്ക്കു വീട്ടകത്തെ ജോലികളാണിഷ്ടം. അഖിലയും അനിലയും പരസ്പരം പിരിയാറില്ല. ഒരാളില്ലാതെ മറ്റെയാൾക്കു ബുദ്ധിമുട്ടാണ്. അനുജനെ അടിക്കുകയോ ശകാരിക്കുകയോ ചെയ്താൽ നാലു ചേച്ചിമാരാവും ആദ്യം കരയുക. അലൻ അപ്പനെപ്പോലെ മെഷീൻ നന്നാക്കാനും, മറ്റു പണികൾക്കുമെല്ലാം മിടുക്കനാണ്. അപ്പന്റെ ഫാനാണ്, ഈ കുഞ്ഞു ടോണി. വിശ്വാസത്തിലും ജ്ഞാനത്തിലും മക്കളെ വളർത്താനുള്ള കൃപയ്ക്കായി ഞങ്ങളെന്നും പ്രാർത്ഥിക്കാറുണ്ട്." പ്രിയ പറഞ്ഞു നിർത്തി.

ചങ്കിൽ പ്രാർത്ഥനയും ചുണ്ടിൽ സ്തുതിഗീതവുമായി ടോണിയും പ്രിയയും തുഴയുന്ന തോണി മുന്നോട്ടു നീങ്ങുകയാണ്; ഒരിക്കലും ഉതിരാത്ത സ്നേഹത്തെ പങ്കായമാക്കി അങ്ങനെ തുഴഞ്ഞു തുഴഞ്ഞ്....

■

## ഗാനരചനാമത്സരം

മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ആയിരത്തിത്തൊള്ളായിരത്തി അമ്പതാം ഓർമയാചരണത്തോടനുബന്ധിച്ച് റൂഹാ മീഡിയ ഗാനരചനാമത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിന്റെ നിബന്ധനകൾ താഴെച്ചേർക്കുന്നു:

1) മാർത്തോമ്മാശ്ലീഹായും പ്രേഷിതപ്രവർത്തനവും, മാർത്തോമ്മാനസ്രാണികൾ (പാരമ്പര്യം, സുറിയാനിപൈതൃകം), സീറോ മലബാർ സഭ (സ്വയംഭരണവകാശത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ, രൂപതകൾ, കുടിയേറ്റങ്ങൾ, പ്രേഷിതപ്രവർത്തനങ്ങൾ), മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിത്വശുശ്രൂഷ ഇന്ന്, എന്നീ ആശയങ്ങളാണ് ഗാനരചനയിൽ ഉൾപ്പെടുത്തേണ്ടത്. 2) സീറോ മലബാർ സഭയുടെ അംഗങ്ങളിൽ സ്വത്വബോധവും അഭിമാനവും ആവേശവും ഒരുമയും ജനിപ്പിക്കുന്ന വരികളാണു പ്രതീക്ഷിക്കുന്നത്. 3) രചനകൾ മലയാളത്തിലായിരിക്കണം. കോറസ് ഉൾപ്പടെ പരമാവധി 20 വരികൾ ആവാം. 4) സീറോ മലബാർ സഭാംഗങ്ങളായ ഏതു ജീവിതാന്തസ്സുകളിൽപ്പെട്ടവർക്കും പ്രായ/ലിംഗഭേദമെന്യേ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 5) ഒരാൾക്ക് ഒന്നിൽക്കൂടുതൽ എൻട്രികൾ സമർപ്പിക്കുന്നതിനു തടസ്സമില്ല. 6) രചനകൾ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഫെബ്രുവരി 28. 7) ഗാനരചനയോടൊപ്പം പേര്, വീട്ടുപേര്, ഇടവക, രൂപത, ഫോൺ നമ്പർ, വാട്സാപ് നമ്പർ എന്നിവ ഏറ്റവും മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം പതിനായിരം, ഏഴായിരം, അയ്യായിരം രൂപ സമ്മാനമായി ലഭിക്കും.

വിശദവിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക: roohamedia@gmail.com 0918547933789(Jetto) 0919497499757(Amal).

മിനിക്കഥ

ജോൺ ജെ. പുതുച്ചിറ

## ജേതാക്കൾ

ആ ഗ്രൗണ്ടിൽ ഓട്ടമത്സരത്തിനുവേണ്ടി അണിനിരന്നവർ എല്ലാവരും വികലാംഗർ. കാരണം അതു സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ ഒരു മത്സരവേദി ആയിരുന്നു.

ഒരു വിസിൽ മുഴക്കത്തിനൊപ്പം ആ ഓട്ടമത്സരവും ആരംഭിക്കുകയായി. ശരവേഗത്തിൽ മുന്നേറുന്നവർ ആരുമില്ല. അംഗപരിമിതിയിൽ പരിമിതവേഗത്തിലുള്ള പ്രയാണം മാത്രം.

അവരിൽ ഇപ്പോൾ ഏറ്റവും മുന്നിൽ വിഷ്ണുവാണ്. പോളിയോ ബാധിച്ച കാലുകൾ ഇടർച്ച സൃഷ്ടിക്കുന്നുണ്ടെങ്കിലും ഓടുന്ന ഏഴുപേരിൽ ഇപ്പോൾ അവനാണു മുന്നിൽ.

തന്റെ ശാരീരികപരിമിതികൾ മറന്ന് അവൻ സ്റ്റാർട്ടിങ് പോയിന്റിലേക്കു കുതിക്കുകയാണ്.

പെട്ടെന്ന് അതു സംഭവിച്ചു.

ഫിനിഷിങ് പോയിന്റിനു തൊട്ടടുത്തുവച്ച് അവൻ കാലിടറി നിലത്തുവീണു.

കാണികളിൽ ചിലർ കൂക്കു വിളിച്ചു. തൊട്ടുപിന്നിലുള്ള കുട്ടികൾ ജയിച്ചു മുന്നേറുന്നതിനുവേണ്ടി കൈയടിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

പക്ഷേ, ആരും അവനെ കടന്നു മുന്നോട്ടുപോയില്ല. വന്നവർ വന്നവർ ഓട്ടം നിറുത്തി വീണവനെ കൈപിടിച്ചുയർത്തുകയായി.

പിന്നീട് വീണുപോയവനെക്കൂടി കൈചേർത്തു പിടിച്ച് അവരെല്ലാവരും ഒരുമിച്ച് ഫിനിഷിങ് പോയിന്റിലേക്ക്!

# ഹോമബലിയായിത്തീർന്ന ജീവിതങ്ങൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്

**ഹാ**വായ് ദ്വീപസമൂഹങ്ങളിൽ കുഷ്ഠരോഗം പടർന്നുപിടിക്കുകയാണ്. 1863 ആയപ്പോഴേക്കും ഏതാണ്ട് 15 ശതമാനം ജനങ്ങളും കുഷ്ഠരോഗികളായി മാറി. പ്രത്യേക ചികിത്സ ഒന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്ത കാലം! എന്താണു നീക്കുപോക്ക്? എവിടെയാണു തുടങ്ങുക? അവസാനം കുഷ്ഠരോഗികളെയെല്ലാം പിന്നാക്കദ്വീപായ കലാവോപ്രദേശത്തേക്കു മാറ്റാൻ തീരുമാനമായി. 1865 ജനുവരി മൂന്നാം തീയതി അതിനുള്ള രാജശാസന നിലവിൽ വന്നു. തങ്ങളെ വിട്ടുപിരിഞ്ഞ് എന്നന്നേക്കുമായി മൊളോക്കോയിലെ കലാവോയിലേക്കു നീക്കപ്പെട്ട പ്രിയപ്പെട്ടവരെ ഓർത്ത് ബന്ധുമിത്രാദികൾ പൊട്ടിക്കരഞ്ഞു; അതുപോലെ നീക്കപ്പെട്ടവരും.

കലാവോയിലെത്തിയ കുഷ്ഠരോഗികളുടെ കാര്യം കഷ്ടം തന്നെയായിരുന്നു. അവിടെ ഡോക്ടർമാരോ നഴ്സുമാരോ മരുന്നോ ശുദ്ധജലംപോലുമോ ഉണ്ടായിരുന്നില്ല. ആദ്യമാദ്യം അവിടെയെത്തിയവരിൽ 40 ശതമാനം പേരും മരിച്ചുപോയതായിട്ടാണു കണക്ക്.

'നിയമമില്ലാത്ത'വരുടെ നാടായിരുന്നു മൊളോക്കോ; സർവരാലും വെറുക്കപ്പെട്ടവർ ഒത്തുകൂടിയ സ്ഥലം! അവിടെ അവർ തങ്ങൾക്കിഷ്ടംപോലെ ജീവിച്ചു – മദ്യപിച്ചും അടിപിടി കൂടിയും സ്ത്രീകളെ ഉപദ്രവിച്ചും.

സ്ഥലത്തെ മെത്രാനായിരുന്ന മൈഗ്രറ്റിനെ ദ്വീപിന്റെ ദയനീയ സ്ഥിതി വല്ലാതെ അലട്ടി. 1873 മേയ് നാലിന് വൈലക്കു എന്ന സ്ഥലത്ത് ദൈവാലയപ്രതിഷ്ഠ നടക്കുമ്പോൾ തന്റെ ദുഃഖം അവിടെയുള്ളവരുമായി അദ്ദേഹം പങ്കുവച്ചു – മൊളോക്കോയുടെ സങ്കടം! ആരോടെന്നില്ലാതെ അദ്ദേഹം ചോദിച്ചു: എന്താണു മാർഗം? ആരെയാണു ഞാൻ അയയ്ക്കുക? മുപ്പത്തിമൂന്നുകാരനായ ഒരു യുവവൈദികൻ എണീറ്റുനിന്നു പറഞ്ഞു: "ഇതാ ഞാൻ. എന്നെ അയച്ചാലും" (ഏശയ്യാ. 6:8). മെത്രാൻ അദ്ദേഹത്തെ അവർക്കു കൊടുത്തു. തങ്ങൾക്കു കിട്ടിയ സമ്മാനമായ ആ യുവവൈദികൻ – ഫാ. ഡാമിയൻ – തങ്ങൾക്കുവേണ്ടി ജീവിക്കാനും മരിക്കാനും തയ്യാറായി വന്ന വ്യക്തിയാണെന്ന് ക്രമേണ അവർക്കു മനസ്സിലായി.

ഫാ. ഡാമിയൻ അവർക്കുവേണ്ടി അകലങ്ങളിൽനിന്നു ശുദ്ധജലമൊഴുക്കിക്കൊണ്ടുവന്നു. അവരെ കുളിപ്പിച്ചു; വസ്ത്രങ്ങൾ അലക്കിക്കൊടുത്തു. ചീഞ്ഞുനാറിയ വ്രണങ്ങൾ കഴുകിക്കെട്ടി. കൈവിരലുകൾ പഴുത്തുപോയവർക്കു ഭക്ഷണം വാരിക്കൊടുത്തു. കിടക്കയിൽ എടുത്തുകിടത്തി. കുഷ്ഠരോഗികൾക്കു കിടക്ക ഉണ്ടായിരുന്നെങ്കിലും ഡാമിയൻ തറയിലാണു കിടന്നത്. അവർക്കു കുടിലുകളുണ്ടായിരുന്നെങ്കിലും അദ്ദേഹം മരച്ചുവടുകളിലാണ് രാത്രികാലം കഴിച്ചുകൂട്ടിയത്.

പക്ഷേ, മദ്യത്തിൽ മുഴുകി കുഷ്ഠരോഗികൾ തങ്ങളുടെ ജീവിതം നശിപ്പിക്കുന്നതിനെ ഫാദർ ഡാമിയൻ വിലക്കി. അതോടെ പലരും അദ്ദേഹത്തിനെതിരേ തിരിഞ്ഞു: "അദ്ദേഹത്തിനു കുഷ്ഠരോഗികളുടെ വേദന അറിഞ്ഞുകൂടാ."

ഫാദർ ഡാമിയന്റെ ഹൃദയം നൊന്തു. ആർക്കുവേണ്ടി താൻ വീടും കൂടും വിട്ടുപേക്ഷിച്ച് മൊളോക്കോയിലെത്തിയോ, ആരുടെ പഴുത്തൊലിക്കുന്ന വ്രണങ്ങൾ കഴുകിക്കെട്ടി ചോറു വാരിത്തീറ്റിയോ... അവർതന്നെ വട്ടമിട്ട് എതിർക്കുന്നു– 'കുഷ്ഠരോഗത്തിന്റെ വേദന അറിഞ്ഞുകൂടാത്തവൻ' എന്നു പറഞ്ഞ്! അദ്ദേഹം കരഞ്ഞു – കുനിഞ്ഞു കുമ്പിട്ടിരുന്നു കരഞ്ഞു. കൈയുറപോലുള്ള പഞ്ഞിക്കെട്ടുകളിൽനിന്നു വളരെ പ്രയാസപ്പെട്ട് അദ്ദേഹം തന്റെ കൈകൾ വലിച്ചൂരിയെടുത്ത് അവരെ ആശ്ലേഷിക്കുവാൻ നീട്ടി – വിരലറ്റുപോയി പഴുത്തൊലിക്കുന്ന കൈകൾ! മുമ്പ് ബിഷപ് മൈഗ്രറ്റിനോടൊപ്പം വന്ന് അവരെ ആലിംഗനം ചെയ്യാൻ വിരിച്ചുനീട്ടിയ അതേ കൈകൾ...!

കുഷ്ഠരോഗികൾ അന്തംവിട്ട് ഓടി. അകലങ്ങളിൽ പോയി കൂട്ടംകൂടിയിരുന്നു മാറത്തടിച്ചു കരഞ്ഞു. അവർക്കു സുബോധം വന്നു. ഞങ്ങൾക്കുവേണ്ടി കുഷ്ഠരോഗവുംകൂടി സ്വീകരിച്ചവനെയാണു ഞങ്ങൾ കരയിച്ചത്. ഏകാന്തരാവുകളിൽ ഞങ്ങളുടെ നന്ദിഹീനതയോർത്ത് അദ്ദേഹം ഏങ്ങിയേങ്ങിക്കരയും. വ്രണങ്ങൾ നിറഞ്ഞ ആ ചെവികളിലേക്ക് കണ്ണീരും പഴുപ്പും ഊറിയൂറി ഇറങ്ങും. വേദന അദ്ദേഹത്തെ കാർന്നുതിന്നും!



ഡാമിയനെപ്പോലെ തങ്ങൾക്കുവേണ്ടി ജീവിക്കാൻ മറന്നുപോയ ഒത്തിരിയൊത്തിരി സമർപ്പിതജീവിതങ്ങളുണ്ട്. യേശുവിന്റെ സംഭാവനയാണത്, യേശുവിനുള്ള സംഭാവനയും. എന്തായിരുന്നു മദർ തെരേസായുടെ മഹത്ത്വം? തനിക്ക് അനുഭവിച്ചു തീർക്കാമായിരുന്ന ജീവിതം തെരുവോരങ്ങളിൽ കഴിയുന്നവർക്കു കാഴ്ചവച്ചു, "അവരുടെ ബലഹീനതകൾ ഏറ്റെടുത്തു. രോഗങ്ങൾ വഹിച്ചു" (മത്താ. 8:17).

സമൃദ്ധിയിൽ കഴിയുന്ന ഒട്ടേറെപ്പേരെ മലബാറിന്റെയും കിഴക്കൻ മലയോരങ്ങളുടെയും വിവിധഭാഗങ്ങളിൽ നാം കാണുന്നില്ലേ? ചികഞ്ഞുചികഞ്ഞു ചെല്ലുമ്പോഴാണ് ഒരു രഹസ്യം നമുക്കു പിടികിട്ടുക. മറ്റുള്ളവർക്കുവേണ്ടി ജീവിതം ഹോമിച്ച ഒരു തലമുറ അവർക്കു മുമ്പേ കടന്നുപോയിട്ടുണ്ട് – മക്കൾക്കുവേണ്ടി ബലിജീവിതം നയിച്ച സാഹസികരായ മനുഷ്യർ! സ്വന്തം സുഖവും സന്തോഷവും എന്താണെന്നുപോലും ചിന്തിക്കാതെ പോയവർ...

1889 ഏപ്രിൽ 15. മൊളോക്കോ ദ്വീപ് വിങ്ങിപ്പൊട്ടിക്കരഞ്ഞ ദിവസം! അന്നാണ് ഫാദർ ഡാമിയൻ മരിക്കുന്നത്. താൻ അന്തിയുറങ്ങിയിരുന്ന മരച്ചുവട്ടിൽത്തന്നെ ആ മൃതദേഹം സംസ്കരിക്കപ്പെട്ടു.

നാലു കൊല്ലത്തിനുശേഷം അവിടെ ഉയർന്നുപൊന്തിയ സ്മാരകത്തിൽ എഴുതിച്ചേർത്തിരിക്കുന്ന വാചകം ദിവ്യഗുരുവിനോടു കടം മേടിച്ചതാണ്: "സ്നേഹിതർക്കുവേണ്ടി മരിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല."

■

ദളം പതിനാറ്



മോബിൻ മോഹൻ




"ഒരു കഥ പറയാമോ ഉണ്ണീരിയമ്മേ?"

അമ്മാളു കുണുങ്ങിക്കുണുങ്ങി വന്ന് ഉണ്ണീരിയമ്മയോടു ചോദിച്ചു.

"എവിടെ നിന്റെ കൂട്ടുകാർ?"

"അവരെല്ലാം കളിക്കാൻ പോയിരിക്കുകയാണ്. വെയിലായതുകൊണ്ട് അമ്മ എന്നെ വിട്ടില്ല."

"ആഹാ... എന്തു കഥയാണ് അമ്മാളുവിനു വേണ്ടത്."

"നല്ല രസികൻ കഥ, ഒരുപാട് ചിരിക്കാനുള്ള കഥ."

"എങ്കിൽ ക്രൂഷ്ചേവിന്റെ കഥ പറയാം. ആരാണ് ക്രൂഷ്ചേവ് എന്ന് അമ്മാളുവിന് അറിയാമോ?"

അമ്മാളു ആദ്യമായി കേൾക്കുന്ന പേരായിരുന്നു അത്.



## ക്രൂഷ്ചേവിന്റെ ചിത്രങ്ങൾ

"സോവിയറ്റ് യൂണിയന്റെ പഴയ ഒരു ഭരണാധികാരിയാണ് ക്രൂഷ്ചേവ്, എങ്കിൽ കഥ തുടങ്ങട്ടെ."

അമ്മാളൂ തലയാട്ടി.

ഒരിക്കൽ മോസ്കോ നഗരത്തിലൂടെ തന്റെ സുഹൃത്തിനോടൊപ്പം ക്രൂഷ്ചേവ് നടക്കാനിറങ്ങി. ഭരണാധികാരിയുടെ പ്രൗഢിയൊന്നുമില്ലാതെ ഒരു സാധാരണക്കാരനെപ്പോലെയാണു നടത്തം. അതുകൊണ്ടുതന്നെ ക്രൂഷ്ചേവിനെ ആരും തിരിച്ചറിഞ്ഞില്ല. പൗരന്മാരുടെ അഭിപ്രായങ്ങളും വിശേഷങ്ങളും അറിയാനും തന്നെപ്പറ്റിയുള്ള പൗരന്മാരുടെ മതിപ്പ് കൂട്ടുകാരനെ അറിയിക്കാനുമുള്ള ഉദ്ദേശ്യം നടത്തത്തിനുണ്ടായിരുന്നു.

താൻ നടത്തിയ ഭരണപരിഷ്കാരങ്ങളെപ്പറ്റി വാതോരാതെ സംസാരിച്ചുകൊണ്ടിരുന്ന ക്രൂഷ്ചേവ് അപ്പോഴാണ് ഒരു കാഴ്ച കണ്ടത്.

സോവിയറ്റ് യൂണിയൻ നേതാക്കന്മാരുടെ ചിത്രങ്ങൾ വിൽക്കുന്ന ഒരു കട. കടയുടെ മുൻവശത്ത് തന്റെ ചിത്രങ്ങൾ നിരത്തിവച്ചിരിക്കുന്നു. ക്രൂഷ്ചേവിനു വലിയ സന്തോഷമായി.

"എന്റെ നാട്ടുകാർക്ക് എന്നോട് വലിയ സ്നേഹവും ബഹുമാനവുമാണ്. നോക്കൂ, എന്റെ ചിത്രങ്ങൾപോലും വിറ്റു ജീവിക്കുന്നവരുണ്ട്." ക്രൂഷ്ചേവ് അഭിമാനത്തോടെ പറഞ്ഞു.

"വരൂ, നമുക്ക് അവിടം വരെ പോകാം."

രണ്ടു സുഹൃത്തുക്കളുംകൂടി ചിത്രം വിൽക്കുന്ന കടയിലേക്കു കയറിച്ചെന്നു. കച്ചവടക്കാരൻ രണ്ടുപേരെയും ഹാർദവമായി സ്വാഗതം ചെയ്തു. തന്റെ മുന്നിൽ നിൽക്കുന്നത് സോവിയറ്റ് യൂണിയന്റെ പ്രഥമപൗരൻ ആണെന്നു പാവം കച്ചവടക്കാരൻ തിരിച്ചറിഞ്ഞില്ല.

"ഇത് ക്രൂഷ്ചേവിന്റെ ചിത്രങ്ങളല്ലേ? ഇപ്പോൾ ഇദ്ദേഹത്തിന് ഒരുപാട് ആരാധകരുണ്ട്, അല്ലേ?" ക്രൂഷ്ചേവ് കച്ചവടക്കാരനോടു ചോദിച്ചു.

കച്ചവടക്കാരൻ സൗമ്യമായി ചിരിച്ചു. സുഹൃത്തിന്റെ മുന്നിൽ ഒന്നുകൂടി ഞെളിഞ്ഞുനിന്നുകൊണ്ട് ക്രൂഷ്ചേവ് വീണ്ടും പറഞ്ഞു:

"രാജ്യത്തലവന്റെ ചിത്രം വിറ്റുതന്നെ എത്ര പേരാണ് രാജ്യത്ത് ജീവിക്കുന്നത്. ഈ ക്രൂഷ്ചേവ് ഒരു ജനകീയൻതന്നെ."

കച്ചവടക്കാരൻ വീണ്ടും പുഞ്ചിരിച്ചു.

കച്ചവടക്കാരന്റെ ചിരിയിൽ സംതൃപ്തനാകാതെ ക്രൂഷ്ചേവ് വീണ്ടും ചോദിച്ചു:

"മറ്റു നേതാക്കളുടെ ചിത്രങ്ങൾക്ക് ആവശ്യക്കാർ കുറവായിരിക്കും അല്ലേ?"

കച്ചവടക്കാരൻ അവരുടെ അടുത്തേക്കു വന്ന് രഹസ്യമായി പറഞ്ഞു:

"സാർ, അതുകൊണ്ടല്ല. ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾ ചൂടപ്പംപോലെ വിറ്റുപോകും. ക്രൂഷ്ചേവ് ചിത്രങ്ങൾ മാത്രമാണ് ഇങ്ങനെ കെട്ടിക്കിടക്കുന്നത്. അങ്ങയുടെ സംസാരം കേട്ടിട്ട് ക്രൂഷ്ചേവ് ആരാധകനാണെന്നു തോന്നുന്നു. ഒരു ചിത്രം എടുക്കൂ സാർ. ഒരെണ്ണമെങ്കിലും വിറ്റുപോവട്ടെ."

കച്ചവടക്കാരന്റെ വാക്കുകൾ കേട്ട് ക്രൂഷ്ചേവ് അവിടെനിന്നു സ്ഥലംവിട്ടു. നടത്തം തീരുന്നതുവരെ സുഹൃത്തിന്റെ മുഖത്തേക്കു ക്രൂഷ്ചേവ് നോക്കിയില്ല.

"എങ്ങനെയുണ്ട് കഥ?"

ഉണ്ണീരിയമ്മ ചോദിക്കുമ്പോൾ തലകുമ്പിട്ടു ചിരിക്കുകയായിരുന്നു അമ്മാളു.

■




**ഫെബ്രുവരി 13**
**ദനഹാക്കാലം**
**ഏഴാം ഞായർ**


പുറ 16: 13–21
1 രാജാ 19: 1–8
1 കൊറി 10: 14–21
യോഹ 6: 47–59



ഡോ. ജോസഫ് കരികുളം

# ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും

ദനഹാക്കാലം ദൈവപുത്രനായ ഈശോമിശിഹാ തന്റെ പ്രത്യേകതകളെ ജനസമൂഹത്തിനു വെളിപ്പെടുത്തുന്ന കാലമാണ്. താൻ ജീവന്റെ അപ്പമാകുന്നു എന്ന് ഈശോ ഇന്നത്തെ വായനകളിലൂടെ വെളിപ്പെടുത്തുന്നു. മനുഷ്യനു ജീവൻ നല്കുന്നത് അവൻ കഴിക്കുന്ന ഭക്ഷണമാണ്. ജീവന്റെയും മനുഷ്യന്റെയും അവൻ ആഹരിക്കുന്ന ഭക്ഷണത്തിന്റെയും ദാതാവായ ദൈവം മനുഷ്യന്റെ രക്ഷയ്ക്കായി തന്റെ പുത്രനും പരിപൂർണ ദൈവവുമായ ഈശോമിശിഹായിലൂടെ നടത്തുന്ന പ്രവർത്തനമാണ് രക്ഷാകരപദ്ധതിയിൽ വെളിപ്പെടുത്തുന്നത്. മനുഷ്യനു ജീവൻ നല്കിയവൻതന്നെ ഈ ജീവന്റെ ഭാഗമാകുവാൻ തന്നെത്തന്നെ അപ്പമാക്കി മാറ്റുന്നു.



പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള ഒന്നാം വായന (പുറ 16: 13–21) തങ്ങൾക്കു ഭക്ഷിക്കാൻ അപ്പവും മാംസവും ലഭിക്കുന്നില്ല എന്ന ഇസ്രായേൽ ജനത്തിന്റെ ആവലാതിയോടുള്ള ദൈവത്തിന്റെ പ്രതികരണമാണ്. ദൈവജനത്തിന്റെ പ്രശ്നങ്ങൾ ദൈവത്തിന്റെ പ്രശ്നങ്ങൾ തന്നെയാണ്. ദൈവത്തിന്റെ ശക്തമായ കരം ഇസ്രായേൽ ജനത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി അവരോടൊപ്പം ഉണ്ട് എന്നതിനെ തെളിയിക്കുന്ന കാര്യങ്ങളാണ് ഇസ്രായേൽ ജനം ഈജിപ്തിൽനിന്നു പുറപ്പെട്ടതിന്റെ അടുത്ത ദിവസങ്ങളിൽ നടക്കുന്നത്. ഇസ്രായേൽ ജനത്തെ അദ്ഭുതകരമായി ചെങ്കടൽ കടത്തിയും (പുറ. 14: 1–31); ശുദ്ധജലം നല്കിയും (പുറ. 15: 22–27); മന്നയും മാംസഭക്ഷണവും നല്കിയും (പുറ. 16: 136); പാറയിൽനിന്നു ജലം നല്കിയും (പുറ. 17: 1–7); യുദ്ധത്തിൽ ജയം നല്കിയും (പുറ 17, 8–16), ദൈവം പരിപാലിക്കുന്നത് തന്റെ ശക്തി ജനത്തിനു മനസ്സിലാക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തിലാണ്. "കർത്താവായ ഞാനാണ് നിങ്ങളുടെ ദൈവമെന്ന് അപ്പോൾ നിങ്ങൾ മനസ്സിലാക്കും." (പുറ. 16:12). കാടപ്പക്ഷികളെ കണ്ടപ്പോൾ ഇസ്രായേൽ ജനത്തിന് ഇത് തങ്ങൾക്കുള്ള മാംസഭക്ഷണമാണ് എന്നു മനസ്സിലായി. പക്ഷേ, പ്രഭാതത്തിൽ വീണ മഞ്ഞ് ഉരുകിയപ്പോൾ മരുഭൂമിയുടെ ഉപരിതലത്തിൽ പൊടിമഞ്ഞുപോലെ വെളുത്തു ലോലമായി കാണപ്പെട്ട വസ്തു എന്താണെന്ന് അവർക്കു മനസ്സിലായില്ല. മോശയാണ് അതെന്താണെന്ന് അവർക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നത്. ‘‘കർത്താവ് നിങ്ങൾക്കു ഭക്ഷണമായി തന്നിരിക്കുന്ന അപ്പമാണിത്." ഈശോയുടെ ജീവിതത്തോടും സഭയുടെ ആരാധനക്രമത്തോടും ബന്ധപ്പെട്ട് ഇതേ ചിത്രം നാം കാണുന്നുണ്ട്. ഈശോയുടെ അദ്ഭുതപ്രവൃത്തികൾ കണ്ടവരും വാക്കുകൾ കേട്ടവരും ചോദിക്കുന്നത് ഇവനാരാണ് എന്നാണ്. അതിനു സുവിശേഷത്തിൽ സ്വർഗം കൊടുക്കുന്നത് 'ഇവനെന്റെ പ്രിയപുത്രൻ' എന്ന മറുപടിയാണ്. വി. കുർബാനയിൽ ആകട്ടെ അദ്ഭുതകരമായ രഹസ്യങ്ങളുടെ അർപ്പണത്തിനായി, കൃതജ്ഞതാബലിക്കായി ഒരുമിച്ചുകൂടിയിരിക്കുന്ന ദൈവജനത്തോട് ഈശോയുടെ വാക്കുകൾ (യോഹ. 6: 50, 51) ഉദ്ധരിച്ചുകൊണ്ട് കാർമികൻ പറയുകയാണ്. "ഇത് സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല; പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും."

മന്ന എന്ന അപ്പത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ നീതിയുക്തമായ വിതരണമായിരുന്നു. "ചിലർ കൂടുതലും ചിലർ കുറവും ശേഖരിച്ചു. പിന്നീട് ഓമെർകൊണ്ട് അളന്നു നോക്കിയപ്പോൾ കൂടുതൽ ശേഖരിച്ചവർക്കു കൂടുതലോ, കുറച്ചു ശേഖരിച്ചവർക്കു കുറവോ ഉണ്ടായിരുന്നില്ല. ഓരോരുത്തരും ശേഖരിച്ചത് അവർക്കു ഭക്ഷിക്കാൻ മാത്രമുണ്ടായിരുന്നു" (പുറ. 16: 17–18).

നീതിയുടെ തുല്യവിതരണം ദൈവത്തിന്റെ കരുണയുടെ അടയാളമാണ്. ദൈവത്തിന്റെ രക്ഷയും ജനത്തിനു തുല്യമായിട്ടാണ് വിതരണം ചെയ്യുന്നത്. അവിടത്തെ വിശ്വസിക്കുന്നവർക്ക്, ഈശോയിൽ വിശ്വസിക്കുന്നവർക്കു തുല്യമായി വിതരണം ചെയ്യപ്പെടുന്നത് ദൈവത്തിന്റെ രക്ഷയാണ്. വി. കുർബാനയിൽ ഈശോയുടെ ശരീരവും രക്തവും എല്ലാവർക്കും തുല്യമാണ്. ഈശോയുടെ ശരീരവും രക്തവും എല്ലാവർക്കും ലഭിക്കുന്നത് തുല്യമായാണ്; ആ ശരീരത്തിന്റെ പങ്കുവയ്ക്കലിലൂടെ ലഭിക്കുന്ന നിത്യരക്ഷയും എല്ലാവർക്കും തുല്യമാണ്.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നുള്ള രണ്ടാം വായന (1 രാജാ. 19: 1–8) ഏലിയായുടെ ജീവസന്ധാരണത്തിനായി അപ്പം നൽകുന്ന കർത്താവിന്റെ കരുതൽ സൂചിപ്പിക്കുന്നു. ദൈവം നൽകുന്ന ഭക്ഷണത്തിന്റെ ശക്തി ഏലിയായിൽ പ്രകടമായപ്പോൾ, ‘‘അതിന്റെ ശക്തികൊണ്ടു നാല്പതു രാവും നാല്പതു പകലും നടന്നു കർത്താവിന്റെ മലയായ ഹൊറെബിലെത്തി'' (19,8). ദൈവം നല്കുന്ന ഭക്ഷണത്തിന്റെ അളവല്ല അതിലുള്ള ശക്തിയാണു പ്രധാനം. നാല്പതു രാവും നാല്പതു പകലും നടക്കാനുള്ള ശക്തി ഒരപ്പത്തിൽനിന്നും ഒരു പാത്രം വെള്ളത്തിൽനിന്നും ലഭിക്കണമെങ്കിൽ, ജീവന്റെ നാഥനായ ദൈവംതന്നെ അതിൽ പ്രവർത്തിക്കണം.

ഇന്നത്തെ പഴയ നിയമവായനകളിൽ നാം കാണുന്ന രണ്ടു പരാമർശങ്ങളും ദൈവം ജനത്തിനു കൊടുക്കുന്ന ഭൗമികവും ശാരീരികാരോഗ്യം നൽകുന്നതുമായ അപ്പത്തെക്കുറിച്ചുള്ളവയാണ്. ആ അപ്പം സ്വീകരിക്കുന്നവരുടെ ശാരീരികാരോഗ്യം വർദ്ധിക്കുകയും ഭൗതികമായ ജീവിതം ആരോഗ്യത്തോടെ തുടർന്നുകൊണ്ടുപോകാൻ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ, പുതിയ നിയമത്തിൽ നാം കാണുന്നത് ശാരീരികാരോഗ്യത്തിനോടൊപ്പം, അതിനുമപ്പുറം, ആത്മീയവും നിത്യവുമായ ജീവൻ പ്രദാനം ചെയ്യുന്ന ദൈവമാകുന്ന അപ്പത്തെക്കുറിച്ചാണ്. ദൈവപുത്രനായ ഈശോമിശിഹാ സ്വന്തം ശരീരവും രക്തവും ഭക്ഷണമായി ദൈവജനത്തിനു നല്കുന്നതാണ് ഈ അപ്പം.

ഈശോ താനാകുന്ന, തന്റെ ശരീരമാകുന്ന അപ്പത്തെക്കുറിച്ച് ഇത്രയധികം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ മറ്റൊരു കാര്യവും പറഞ്ഞിട്ടുണ്ടാകില്ല. "ഞാൻ ജീവന്റെ അപ്പമാണ്" (6: 48); സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ് (6: 50); ലോകത്തിന്റെ ജീവനുവേണ്ടിയുള്ള അപ്പം എന്റെ ശരീരമാണ് (6: 51); ജീവൻ ഉണ്ടാകണമെങ്കിൽ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യണം (6: 53); എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട് (6: 54); എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും (6: 57); ഇതു ഭക്ഷിക്കുന്നൻ എന്നേക്കും ജീവിക്കും (6: 58). തന്റെ ശരീരമാകുന്ന ഭക്ഷണത്തെക്കുറിച്ചും അതു പ്രദാനം ചെയ്യുന്ന നിത്യജീവനെക്കുറിച്ചും തിരിച്ചും മറിച്ചും, ആവർത്തിച്ചാവർത്തിച്ച്, തന്റെ ജനത്തെ പഠിപ്പിക്കുന്ന ഈശോയെയാണു നാം കാണുന്നത്.


ആശീർവദിക്കപ്പെടുന്ന അപ്പവും വീഞ്ഞും ഈശോമിശിഹായുടെ ശരീരത്തിലും രക്തത്തിലുമുള്ള പങ്കുവയ്ക്കലാണെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു (1 കോറി. 10: 14–22: ലേഖനം). സത്യദൈവമായ ഈശോമിശിഹായിൽ വിശ്വസിക്കുന്നവരും അവന്റെ ശരീരത്തിലും രക്തത്തിലും പങ്കുപറ്റുന്നവരുമായ നമ്മൾ, അവിശ്വാസികൾ അവരുടെ ദൈവങ്ങൾക്ക് അർപ്പിക്കുന്ന ഭക്ഷണത്തിൽ പങ്കുപറ്റുന്നത്, പിശാചിനുള്ള ബലിയർപ്പണത്തിൽ പങ്കാളികൾ ആകുന്നതിനു തുല്യമാണെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. മറ്റുള്ള ദൈവങ്ങൾക്ക് അർപ്പിച്ച ഭക്ഷണം കഴിക്കുന്നത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒന്നാം പ്രമാണലംഘനംതന്നെയാണ്. ▪

# പരദൂഷണം ആപത്ത്

മിനിക്കഥ

ബിനു സുതൻ

**പാ**ലിയപുരം രാജ്യത്തെ രാജാവായിരുന്നു നരേന്ദ്രരാജ്. അദ്ദേഹം നാട്ടിലുള്ള ഓരോ വീട്ടിലും കയറിയിറങ്ങി ഓരോരുത്തരുടെയും ആവശ്യങ്ങൾ നേരിൽക്കണ്ടു മനസ്സിലാക്കി വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുത്തു. അങ്ങനെ പാലിയപുരത്തുള്ളവർ വിശപ്പറിയാതെ ജീവിക്കാൻ തുടങ്ങി. മഴ പെയ്താൽ നനഞ്ഞൊലിക്കുന്ന വീടുകൾ ഇല്ലാതായി. സുരക്ഷിതമായ അടച്ചുമുറികളും ജനാലകളും ഉള്ള വീടുകൾ എല്ലാവർക്കും ഉണ്ടായെന്നു രാജാവ് ലഭ്യമാക്കി. വൃത്തിയും ശുചിത്വവും നല്ല ഭക്ഷണവും ഉറപ്പുവരുത്തി. രോഗങ്ങളും പട്ടിണിയും നാട്ടിൽനിന്നു തുടച്ചുമാറ്റി. എല്ലാവരും സന്തോഷത്തോടെ ജീവിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി.



നരേന്ദ്രരാജിന്റെ അറുപതാം പിറന്നാൾ കെങ്കേമമാക്കാൻ കൊട്ടാരവാസികൾ തീരുമാനിച്ചു. നാട്ടുകാർക്കെല്ലാം സദ്യ കൊടുക്കാൻ രാജാവ് തീരുമാനിച്ചു. രാജകൊട്ടാരത്തിനകത്തും പുറത്തുമായി സദ്യയൊരുക്കി. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധൻ പെട്ടെന്ന് കുഴഞ്ഞുവീണു. നിമിഷനേരത്തിനുള്ളിൽ വൃദ്ധൻ മരണപ്പെട്ടു. മരിച്ചുകഴിഞ്ഞപ്പോൾ വൃദ്ധന്റെ ശരീരത്തിനു നീലനിറമായി. ഭക്ഷണത്തിൽ വിഷം കലർന്നിട്ടുണ്ടെന്നു നിഗമനത്തിലെത്തി.

പരദൂഷണക്കാരിയായ ഒരു സ്ത്രീ നാട്ടിലുണ്ടായിരുന്നു. വൃദ്ധൻ മരിച്ചതിൽ അവർ രാജാവിനെ പഴിചാരുകയും രാജാവിന്റെ പ്രവൃത്തികളിലെല്ലാം കുറ്റങ്ങൾ കണ്ടെത്തുകയും ചെയ്തു. എല്ലാവരോടും രാജാവിനെപ്പറ്റി ഇല്ലാക്കഥകൾ പറഞ്ഞുപരത്തുകയും ചെയ്തു.

ഒരു പരുന്ത് വിഷസർപ്പത്തെ കൊത്തിക്കൊണ്ടു കൊട്ടാരത്തിനു മുകളിലൂടെ പറന്നുപോയപ്പോൾ സർപ്പത്തിന്റെ വിഷം വൃദ്ധന്റെ ഭക്ഷണത്തിൽ വീണത് ആരും അറിഞ്ഞിരുന്നില്ല.

ഇതിൽ ആരാണു കുറ്റക്കാർ? രാജാവോ, വൃദ്ധനോ, പരുന്തോ? അതോ, ചത്തുപോയ സർപ്പമോ?

തുടർന്നുള്ള കാലത്ത് നാട്ടുകാർക്ക് ഏറെ ഉപകാരിയായ രാജാവിന് കൂടുതൽ ഐശ്വര്യങ്ങളും സമ്പത്തും വർദ്ധിച്ചു.

വൃദ്ധന്റെ കുടുംബത്തിനും അഭിവൃദ്ധി കൂടിവന്നതേയുള്ളൂ.

അതേസമയം, പരദൂഷണക്കാരി സ്ത്രീക്ക് പാപഭാരങ്ങളും കടങ്ങളും നഷ്ടങ്ങളും ദുരിതങ്ങളും തുടർച്ചയായി അനുഭവിക്കേണ്ടിവന്നു.

1-ാം പേജ് തുടർച്ച

# കുതിപ്പിന് ഡിജിറ്റൽ ഡോസ്

കൊവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യാൻ ആരോഗ്യമേഖലയിലെങ്കിലും വൻതോതിലുള്ള നിക്ഷേപത്തിനും ആധുനികീകരണത്തിനും പദ്ധതിയുണ്ടായില്ലെന്നതു നടുക്കുന്നതായി. ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ദീർഘവീക്ഷണത്തോടെയുള്ള ഒരു വൻപദ്ധതിയും പ്രഖ്യാപിച്ചില്ല.

ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതിവഴി ഭൂമി രജിസ്ട്രേഷൻ ഏകീകരിക്കുമെന്ന പ്രഖ്യാപനം സംസ്ഥാനങ്ങൾക്കു കെണിയായേക്കും.

**കർഷകനെയും കണക്കിലെടുത്തില്ല**

ഇന്ത്യൻ ഗ്രാമീണജീവിതത്തിന്റെയും സമ്പദ്ഘടനയുടെയും നട്ടെല്ലായ കാർഷികമേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും കാര്യമായൊന്നും ബജറ്റിലില്ല. കൊവിഡ് മഹാമാരിയെ അതിജീവിക്കുന്നതിന് ഏറ്റവുമധികം സംഭാവന നൽകിയത് കാർഷികമേഖലയാണ്. ഭക്ഷ്യോത്പാദനത്തിലെ റിക്കാർഡ് ആണ് രാജ്യത്തെ പാവങ്ങൾക്കും സാധാരണക്കാർക്കും പട്ടിണിയില്ലാതെ പ്രതിസന്ധികാലം മറികടക്കാൻ സഹായകമായത്.

കേരളംപോലുള്ള സംസ്ഥാനങ്ങളിലെ കർഷകരോടു കേന്ദ്രസർക്കാരിനു നേരിയ കാരുണ്യവും താത്പര്യവും പോലും ഇല്ലെന്നതും വ്യക്തമായി. കോർപ്പറേറ്റ് കുത്തകകളോടു കാണിക്കുന്ന താത്പര്യവും കരുതലുംപോലും കർഷകർക്കും തൊഴിലാളികൾക്കുംവേണ്ടി ഉണ്ടായില്ല. കാർഷികമേഖലയ്ക്കു വകയിരുത്തിയത് 1.24 ലക്ഷം കോടി രൂപയാണ്. 2019-20 ലെ ബജറ്റിൽ 1.54 ലക്ഷം കോടിയായിരുന്നതു കുറച്ചു. കൃഷിയിടത്തിൽ ഡ്രോൺ പറത്തിയാൽ കർഷകന്റെ വയറു നിറയില്ല.

**മലയാളമണ്ണിനും വളമില്ല**

ബജറ്റിൽ കൃഷിക്കാർക്കു പ്രഖ്യാപിക്കുന്ന തുകയെല്ലാം വടക്കുനോക്കിയന്ത്രങ്ങളാണെന്നതു ദക്ഷിണേന്ത്യക്കാർ തിരിച്ചറിയാതിരിക്കില്ല. പുതിയ ബജറ്റിൽ താങ്ങുവിലയായി നൽകുന്ന 2.37 ലക്ഷം കോടി രൂപ അടക്കമുള്ള മിക്കതും ഉത്തരേന്ത്യൻ കർഷകർക്കു വേണ്ടിയുള്ളതാണ്. യുപി തിരഞ്ഞെടുപ്പിൽ നേട്ടം ഉണ്ടാക്കാനായി ഗോതമ്പുകർഷകരെ സഹായിക്കുകയാണു ലക്ഷ്യം. കടുത്ത പ്രതിസന്ധിയിലുള്ള കേരളത്തിലെ റബർ, കുരുമുളക്, ഏലം അടക്കമുള്ള കർഷകർക്ക് ഒന്നുമില്ല. കർഷകർക്കു നൽകുന്ന 6,000 രൂപയുടെ സാമ്പത്തികസഹായത്തിന്റെ ആനുകൂല്യവും മലയാളികൾക്കു കിട്ടാറില്ല.

പരുത്തിക്കർഷകർക്കു മാത്രമായി കഴിഞ്ഞ ബജറ്റിൽ 25,974 കോടിയുടെ പദ്ധതി പ്രഖ്യാപിച്ചതുപോലെ കേരളത്തിലെ ഏതെങ്കിലും കൃഷിക്കുവേണ്ടി പദ്ധതി പ്രഖ്യാപിക്കാൻ കേന്ദ്രം തയ്യാറാകില്ലെന്നതു പ്രതിഷേധാർഹമാണ്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച കാർഷിക വിളകൾക്ക് ഉത്പാദനച്ചെലവിന്റെ ഒന്നരയിരട്ടി താങ്ങുവിലയും 16.5 ലക്ഷം കോടി രൂപയുടെ കാർഷികവായ്പയും ഉത്തരേന്ത്യൻ കർഷകർക്കുവേണ്ടിയായിരുന്നു.

ഗോതമ്പ്, കരിമ്പ് തുടങ്ങിയവയ്ക്കു ചെലവിന്റെ ഒന്നരയിരട്ടി താങ്ങുവില നൽകുമ്പോൾ, റബറിനും മറ്റും ഉത്പാദനച്ചെലവുപോലും നൽകാൻ കേന്ദ്രം തയ്യാറല്ല. റബർ, സ്പൈസസ് ബോർഡുകളെ ദുർബലപ്പെടുത്താനും റബർ കർഷകരെ കഷ്ടത്തിലാക്കാനുമാണു പുതിയ റബർ നിയമവും സ്പൈസസ് നിയമവുമെന്നും കർഷകർ തിരിച്ചറിയും.

**കുത്തകസൗഹൃദം മറക്കാതെ**

സാധാരണക്കാർക്ക് ഇളവുകളില്ലെങ്കിലും വൻകിട കോർപ്പറേറ്റ് കമ്പനികളുടെ അധികനികുതി (കോർപറേറ്റ് സർചാർജ്) 12 ശതമാനത്തിൽനിന്നു വെറും ഏഴു ശതമാനമായി കുറയ്ക്കാൻ പക്ഷേ, ധനമന്ത്രി മറന്നില്ല. 2019 സെപ്റ്റംബറിൽ കോർപ്പറേറ്റ് അടിസ്ഥാനനികുതി നിരക്ക് 30 ൽനിന്ന് 22 ശതമാനമായി കുറച്ചതിനു പുറമേയാണിത്. പുതിയ നിർമാണക്കമ്പനികളുടെ നികുതികളും 25 ൽ നിന്ന് 15 ശതമാനമായി 2019 ൽ കുറച്ചിരുന്നു.

കോർപ്പറേറ്റ് കമ്പനികൾക്കു നൽകിയ നികുതി ഇളവിന് അനുസരിച്ച് വ്യാവസായിക ഉത്പാദനം കൂടുകയോ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയോ ചെയ്തില്ല. എന്നിട്ടും ചങ്ങാത്തമുതലാളിമാരെ വീണ്ടും തലോടാൻ കേന്ദ്രം മടിച്ചില്ല. രാജ്യത്തെ മുകൾത്തട്ടിലുള്ള അഞ്ചു ശതമാനം അതിസമ്പന്നരിൽ നിന്ന് ഒരു ശതമാനം നികുതിയെങ്കിലും അധികമായി ഈടാക്കിയിരുന്നെങ്കിൽ കൊവിഡിൽ മരിച്ച കർഷകർ, തൊഴിലാളികൾ, ചെറുകിട ബിസിനസുകാർ തുടങ്ങിയവരുടെ കടങ്ങൾ എഴുതിത്തള്ളുകയെങ്കിലും ചെയ്യാമായിരുന്നു.

**സർവം ഡിജിറ്റൽ മയം**

5 ജി, ഡിജിറ്റൽ രൂപ, ഇ-പാസ്പോർട്ട്, പോസ്റ്റ് ഓഫീസുകളിലെ കോർ ബാങ്കിങ്, ടെലി മാനസികാരോഗ്യപദ്ധതി തുടങ്ങിയ ഡിജിറ്റൽ മുന്നേറ്റങ്ങൾ പൊതുവേ ഗുണകരമാകും. പ്രാദേശികഭാഷകളിലടക്കം പുതിയ പഠന ചാനലുകൾ ഡിജിറ്റൽ പഠനത്തിനു പ്രോത്സാഹനമാകും.

സർക്കാരിന്റെ ക്രിപ്റ്റോ കറൻസിക്ക് അംഗീകാരം നൽകിയതും ഡിജിറ്റൽ കറൻസി നടപ്പിലാക്കുന്നതും ടെലികോം 5 ജി ലേലവുമെല്ലാം കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ കച്ചവടം കൊഴുപ്പിക്കാനാണ്. ഭീകരപ്രവർത്തനം, നികുതിവെട്ടിപ്പ്, കള്ളപ്പണം തുടങ്ങിയവയ്ക്കെല്ലാം ക്രിപ്റ്റോ കറൻസികൾ ഉപയോഗിക്കപ്പെടുന്നുവെന്ന മുന്നറിയിപ്പുകൾ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നു.

**വികസനക്കുതിപ്പിനു ഗതിശക്തി**

അടിസ്ഥാനസൗകര്യ വികസനത്തിനു നൽകുന്ന ഊന്നൽ വികസനക്കുതിപ്പിനെ സഹായിക്കും. പിഎം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാനിനായി വകയിരുത്തിയ ഒരു ലക്ഷം കോടി രൂപയുടെ വികസനം പ്രതീക്ഷയേകുന്നു. സാഗർമാല, ഭാരത്മാല, ഉഡാൻ തുടങ്ങിയ വൻപദ്ധതികൾ ദേശീയതലത്തിൽ കണക്കുവിറ്റി ഫലപ്രദമാക്കും. ജിഡിപിയുടെ 2.9 ശതമാനം അടിസ്ഥാനസൗകര്യവികസനത്തിനു വകയിരുത്തിയതു ഫലപ്രദമാകട്ടെ.

ദേശീയപാതയുടെ 25,000 കിലോമീറ്റർ വികസനം 2022-23 ൽ നടപ്പാക്കുമെന്ന പ്രഖ്യാപനം പ്രതീക്ഷ നൽകുന്നു. റോഡ്, റെയിൽവേ, വിമാനത്താവളങ്ങൾ, ജലപാത, പൊതുഗതാഗതം, ലോജിസ്റ്റിക്സ് അടിസ്ഥാനസൗകര്യവികസനം എന്നീ ഏഴ് എൻജിനുകളുടെ വികസനം സാധ്യമാക്കുകയെന്നതു പ്രധാനമാണ്.

സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷം കോടിയുടെ പലിശരഹിതവായ്പ നൽകുമെന്ന പ്രഖ്യാപനം ഫെഡറൽ സംവിധാനത്തിൽ സ്വാഗതാർഹമാണ്. സ്റ്റാർട്ടപ് സംരംഭങ്ങൾക്കു പ്രോത്സാഹനം തുടരുന്ന ബജറ്റിലെ സമീപനവും ശ്ലാഘനീയമാണ്. രാജ്യത്തെ 3.8 കോടി കുടുംബങ്ങൾക്കു കുടിവെള്ളം നൽകാനുള്ള 60,000 കോടിയുടെ പദ്ധതിയും കൊള്ളാം. വൈദ്യുതിവാഹനങ്ങളുടെ പ്രോത്സാഹനം രാജ്യത്ത് അനിവാര്യതയാണ്.

**വിമുഖതയില്ലാതെ വിറ്റഴിക്കൽ**

എയർ ഇന്ത്യയ്ക്കു പിന്നാലെ എൽഐസിയുടെ സ്വകാര്യവത്കരണംകൂടി വേഗം നടപ്പാക്കുകയാണ്. എയർ ഇന്ത്യ ടാറ്റ കമ്പനിക്കു കൈമാറിയശേഷവും കമ്പനിയുടെ നഷ്ടം നികത്താനായി മാത്രം 51,971 കോടി രൂപയാണു പൊതുഖജനാവിലെ പണം ഈ ബജറ്റിൽ വകയിരുത്തിയത്. ബിഎസ്എൻഎൽ ജീവനക്കാർക്കു സ്വയം വിരമിക്കലിനായി 7,443.57 കോടി രൂപയും ജിഎസ്ടി തുക അടയ്ക്കാനായി 3,550 കോടിയുമാണു ബജറ്റിലുള്ളത്. 2019 ഒക്ടോബറിൽ കേന്ദ്രം നൽകിയ 69,000 കോടി രൂപയുടെ സാമ്പത്തികപാക്കേജിനു പുറമേയാണിത്.

എൽഐസിയുടെ ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ 78,000 കോടി രൂപയാണു ബജറ്റിൽ ഈ വർഷം പ്രതീക്ഷിക്കുന്നത്. നേരത്തേ ബജറ്റ് ലക്ഷ്യമിട്ടിരുന്നത് 1.75 ലക്ഷം കോടിയായിരുന്നു.

പുതിയ വന്ദേഭാരത് ട്രെയിനുകൾ പ്രഖ്യാപിച്ചതും സ്വകാര്യമേഖലയ്ക്കാണ്. നേരത്തേ പ്രഖ്യാപിച്ച രണ്ടെണ്ണം സ്വകാര്യകമ്പനികൾ ഏറ്റെടുത്തിരുന്നില്ല. വൻനഗരങ്ങളെ ബന്ധിപ്പിക്കുന്ന ലാഭകരമായ തിരക്കേറിയ റെയിൽ റൂട്ടുകൾ സ്വകാര്യ കമ്പനികൾക്കു പതിച്ചുനൽകുന്നതോടെ ഇന്ത്യൻ റെയിൽവേയുടെ സ്ഥിതി കൂടുതൽ വിഷമത്തിലാകും. ■



കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സാഹിത്യവേദി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ജോയി മുത്തോലി.

---

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

# പാറാൻചാത്തൻ

■ മാത്യൂസ് ആർപ്പൂക്കര



പറക്കും അണ്ണാൻ രാത്രി സഞ്ചാരിയാണ്. സസ്തനിയാണ്. പാറാൻ, പാറേച്ചാത്തൻ എന്നും വിളിപ്പേരുണ്ട്. കരണ്ടുതീനികളുടെ കൂട്ടത്തിൽപ്പെടുന്ന ഒരിനം അണ്ണാനാണിത്. ലോകത്ത് അപൂർവം രാജ്യങ്ങളിൽ മാത്രമേ ഇവയെ കാണുന്നുള്ളൂ. കേരളത്തിലെ ചില വന്യജീവിസങ്കേതങ്ങളിലും കാണാറുണ്ട്. പേരു സൂചിപ്പിക്കുംപോലെ പറക്കും അണ്ണാൻ പറക്കാറുണ്ട്. പക്ഷേ, പക്ഷികൾ പറക്കുമ്പോലെയല്ല. യഥാർത്ഥത്തിൽ ഒരു മരത്തിൽനിന്നു മറ്റൊന്നിലേക്കു ചാടിപ്പോകുകയാണു ചെയ്യുന്നത്, സാധാരണ അണ്ണാൻ ചെയ്യുമ്പോലെ. എന്നാൽ, ഇവയുടെ നാലു കാലുകളെയും ഉടലിനെയും ബന്ധിപ്പിച്ചുകൊണ്ടൊരു ചർമം കാണാം. ഈ ചർമവും രോമനിബിഡമായ വാലുമാണ് ഇവയെ പറക്കാൻ സഹായിക്കുക. മുന്നോട്ടു ചാടുമ്പോൾ ഈ ചർമം വിടർന്നുവരും. അപ്പോൾ അന്തരീക്ഷത്തിൽ അനായാസം ഒഴുകിപ്പറക്കാൻ കഴിയുന്നു. മറ്റൊരു കാര്യം ഇവയ്ക്കു താഴേക്കു മാത്രമേ ചാടാൻ അഥവാ പറക്കാൻ പറ്റുകയുള്ളൂ എന്നതാണ്. ഉയരംകൂടിയ മരത്തിൽ ഓടിപ്പാഞ്ഞുകയറിയിട്ട് താഴെയുള്ള ചില്ലകളിലേക്ക് പറന്നിറങ്ങുന്നു. വായുവിലൂടെ ഒഴുകി തെന്നിമാറുകയാണു ചെയ്യുക. ഒറ്റപ്രാവശ്യം 300 അടിയോളം ഇങ്ങനെ ഒഴുകിപ്പറക്കാൻ പറക്കും അണ്ണാനു കഴിയുന്നു. പറക്കുമ്പോൾ ഇവ ചൂളംവിളിക്കുമ്പോലൊരു സ്വരം ഉണ്ടാക്കുന്നു.

മരപ്പൊത്തുകളിലാണു പാറാൻചാത്തന്റെ താമസം. ചിലപ്പോഴൊക്കെ ഇവ പകലും സഞ്ചരിക്കുന്നതു കാണാം.

പഴങ്ങളും ഇലകളും കായ്കളും ചില നേരങ്ങളിൽ മരത്തൊലിയും തിന്നാറുണ്ട്. ഉളിപ്പല്ലുകൊണ്ടാണ് കായുടെയും മറ്റും തോടു കളയുക. കായ്കനികളും മറ്റും അധികം ലഭിച്ചാൽ കുറച്ചെടുത്തു സൂക്ഷിച്ചുവയ്ക്കുന്ന സ്വഭാവവും ഇവയ്ക്കുണ്ട്. ക്ഷാമകാലത്തേക്കുപയോഗിക്കാനാണത്. കവിൾസഞ്ചിയിലാണ് ഭക്ഷണം ശേഖരിച്ചുവയ്ക്കുക.

ചെറിയ പാറാൻ അല്ലെങ്കിൽ ചെറിയ പറക്കും അണ്ണാൻ എന്നൊരു ഇനംകൂടി ഈ വർഗത്തിൽപ്പെടുന്നുണ്ട്. ട്രാവൻകൂർ ഫ്ളൈയിങ് സ്കിറൽ എന്ന പേരിലും ഇതറിയപ്പെടുന്നു. പശ്ചിമഘട്ടത്തിലെ നിത്യഹരിതവനങ്ങളാണ് ഇവയുടെ ആവാസകേന്ദ്രം. ചെറിയ പാറാനെക്കുറിച്ചു കൂടുതൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. വംശനാശഭീഷണി നേരിടുന്ന സസ്തനിയായ അണ്ണാനാണിത്. അതീവസംരക്ഷണം അർഹിക്കുന്ന ഇനം.

നാട്ടിൻപുറങ്ങളിലുള്ള അണ്ണാനെക്കാൾ അല്പംകൂടി വലിപ്പമുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ കാടുകളിൽ വളരെ ചുരുക്കമായി കാണാനാവും. കാലിനും വാലിനും തവിട്ടുനിറമാണ്. കൈകാലുകൾ ചർമത്താൽ ബന്ധിതമാണ്. ചർമവും വാലും രോമാവൃതമാണ്. പാറേച്ചാത്തനെപ്പോലെതന്നെ ഇവയ്ക്കും താഴോട്ടു മാത്രമേ ചാടിപ്പറക്കാൻ സാധിക്കുകയുള്ളൂ. വലിയ പാറാൻചാത്തനും ചെറിയ പാറാൻചാത്തനും കാടുകളിൽ ഉണ്ടെന്നറിയുക. രണ്ടും രണ്ടിനമാണ്.

*(ഈ പരമ്പര അവസാനിക്കുന്നു)*




# പുതുകവിതയിലെ പാർശ്വഭാവന





സിസ്റ്റർ സ്റ്റെല്ല
പന്തനാനി എസ്.എച്ച്.

ഉത്തരാധുനികഘട്ടത്തിൽ മുഖ്യധാരാസാഹിത്യത്തിൽ വലിയ പ്രാധാന്യം നേടിയ സാഹിത്യശാഖയാണ് ദലിത് സാഹിത്യം. വരേണ്യസംസ്കൃതിയുടെ തലത്തിൽനിന്നു ഭിന്നമായി കീഴാളരും അടിച്ചമർത്തപ്പെട്ടവരുമായ ഒരുകൂട്ടം ജനവിഭാഗത്തിന്റെ അനുഭവങ്ങളും ആവിഷ്കാരങ്ങളുമാണ് ദലിത് സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ദലിതർക്കുവേണ്ടി ദലിതരാൽ രചിക്കപ്പെടുന്ന ദലിതന്റെ സാഹിത്യമാണ് ദലിത് സാഹിത്യമെന്നും ജാതിയെച്ചൊല്ലിയുള്ള വിഷാദം, അതിക്രമങ്ങളുടെ ഭീകരത തുടങ്ങിയ വിഷയങ്ങൾ എടുത്തുകാട്ടിക്കൊണ്ട് സവർണർ കുറിക്കുന്ന കുറിമാനങ്ങളും പൊഴിക്കുന്ന മുതലക്കണ്ണീരും ദലിത് സാഹിത്യമല്ല എന്നും കവിയൂർ മുരളി ദലിത് സാഹിത്യത്തെ നിർവചിക്കുന്നുണ്ട്. ദലിത് ജനതയുടെ ആത്മാംശത്തെ പൂർണമായും ആവിഷ്കരിക്കാൻ ദലിതരായ എഴുത്തുകാർക്കേ കഴിയൂ എന്ന ഈ തിരിച്ചറിവാണ് ദലിത് എഴുത്തുകാരെ മുഖ്യധാരയിലേക്കു കടന്നുവരാൻ പ്രേരിപ്പിച്ചത്. 1990 കൾക്കുശേഷം ദലിത് സാഹിത്യം മലയാളസാഹിത്യത്തിന്റെ മുഖ്യധാരയിൽ തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കി. മലയാളസാഹിത്യത്തിൽ ദലിത് സാഹിത്യശാഖ ദലിത് എഴുത്തുകാരാൽ വളർച്ച പ്രാപിച്ചു. വരേണ്യരായ എഴുത്തുകാരുടെ ദലിതാഖ്യാനങ്ങളാൽ മാത്രം സാഹിത്യലോകത്ത് അടയാളപ്പെടുത്തപ്പെട്ടിരുന്ന ദലിത് ജീവിതത്തെ ദലിത് ജനത സ്വയം ആഖ്യാനം ചെയ്യാൻ തുടങ്ങിയത് ദലിത് കാവ്യശാഖയുടെ വളർച്ചയ്ക്കു കാരണമായി. സ്വന്തം ജീവിതത്തെ സ്വയം എഴുതാൻ തുടങ്ങിയപ്പോൾ തങ്ങൾക്കു നിഷേധിക്കപ്പെട്ടിരുന്ന കർതൃസ്ഥാനത്തിന്റെ വീണ്ടെടുപ്പുകൂടിയാണ് ദലിത് സാഹിത്യകാരന്മാർ സാധ്യമാക്കിയത്.

ദലിത് ജീവിതത്തിന്റെ നേരനുഭവം ദലിത് കവിതകളിൽ ദൃശ്യമാണ്. പൊയ്കയിൽ അപ്പച്ചന്റെയും കെ.പി. കറുപ്പന്റെയും കവിതകൾക്കുശേഷം ദലിത് കവിതാസാഹിത്യശാഖയെ പരിപോഷിപ്പിച്ച എഴുത്തുകാരാണ് എസ്. ജോസഫ്, എം.ആർ. രേണുകുമാർ, എം.ബി. മനോജ്, സി.എസ്. രാജേഷ്, സുനിൽ കുമാർ എം.എസ്, ധന്യ എം.ഡി. വിജില ചിറപ്പാട്, എസ്. കലേഷ് തുടങ്ങിയ കവികൾ. ആഖ്യാനരീതികൾകൊണ്ടും ഭാഷാശൈലികൊണ്ടും ഇതര കവികളിൽനിന്ന് എസ്.ജോസഫും എം.ആർ. രേണുകുമാറും വ്യത്യസ്തരാണ്.

ഉയർന്ന ദലിത് അവബോധത്തിന്റെ വികാസപരിണാമങ്ങളും ദലിത് സ്വത്വപരതയും എസ്. ജോസഫിന്റെ കവിതകളുടെ സവിശേഷതയാണ്. സവർണഭാഷയെ കീഴാളഭാഷകൊണ്ടു വിനിർമിച്ചവയാണ് എസ്. ജോസഫിന്റെ കവിതകൾ. വെള്ളം എന്ന കവിതയിൽ ദലിത് ജീവിതത്തിന്റെ സ്വത്വപ്രതിസന്ധിയെ കവി സൂക്ഷ്മമായി അടയാളപ്പെടുത്തുന്നു. "മുമ്പൊക്കെ ഞങ്ങൾക്കൊന്നും കിണറില്ലായിരുന്നു/ വെള്ളമെടുക്കാൻ കുൻശന്മാരുടെ വീടുകളിൽ പോണമായിരുന്നു/ അവർ മുറ്റത്തുനിന്നു തൊട്ടിയിൽ വെള്ളം കോരും/ ഞങ്ങൾക്ക് താഴെനിന്നു കവുങ്ങുംപാളയിൽ കോരാം/ ഇന്ന് ഞങ്ങൾക്കു കിണറുണ്ട്/ വെള്ളമില്ല/ കിണറെടുത്ത് ചെരിച്ചുവച്ച്/ നാലുകൊടം വെള്ളമൂറ്റിയെടുത്ത്"/ സ്വന്തമായി കിണറില്ലാതിരുന്ന ഭൂതകാലത്തിൽ നേരിടേണ്ടി വന്ന ചൂഷിതാവസ്ഥയെയും സ്വന്തമായി കിണർ ഉണ്ടായപ്പോൾ അതിൽ വെള്ളമില്ലാതിരിക്കുന്ന വർത്തമാനകാലാവസ്ഥയെയും കവി അവതരിപ്പിക്കുന്നു. ജാതീയതയും അയിത്തവും മൂലം കീഴാളജനത അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനെ കവിത വിവരിക്കുന്നു.

ദലിത് ജീവിതാവസ്ഥയുടെ ആഴങ്ങളെയും സ്വത്വപരതയെയും തീക്ഷ്ണവർത്തമാനകാലത്തെയും സൂക്ഷ്മമായി ആവിഷ്കരിക്കുന്നവയാണ് എം.ആർ. രേണുകുമാറിന്റെ കവിതകൾ. ദലിത് ജീവിതത്തിന്റെ ദുരിതവും വേദനയും നിറഞ്ഞ മറ്റൊരു മുഖം എം.ആർ. രേണുകുമാറിന്റെ 'മിണ്ടാപ്രാണി' എന്ന കവിതയിൽ കണ്ടെത്താനാവും. "കാക്ക/ നിലത്തിറങ്ങുംമുമ്പ്/ ഉണരണം/ കറവക്കാരൻ/ എത്തുംമുമ്പേ/ ചാണകം വാരി/ തൊഴുത്തു വൃത്തിയാക്കണം/ കറവപ്പാത്രവും/ എണ്ണക്കുപ്പിയും/ എടുത്തു വയ്ക്കണം. ഇങ്ങനെ നീളുന്നു ഒരു ദലിതന്റെ ജീവിത ദിനചര്യ. വരേണ്യജനതയുടെ വീട്ടിൽ അധ്വാനിച്ച് തുച്ഛമായ വേതനത്തിലൂടെ തന്റെ ജീവിതത്തിനുവേണ്ട വക സമ്പാദിക്കുന്ന കീഴാളജനതയുടെ ജീവിതാവസ്ഥയെ കവി അവതരിപ്പിക്കുന്നു. ദലിത് ജനതയുടെ കടുത്ത ജീവിതാനുഭവത്തിന്റെ നേർച്ചിത്രമാണ് രേണുകുമാറിന്റെ ഈ കവിത. കീഴാളജീവിതത്തിന്റെ വേദന നിറഞ്ഞ ഭൂതകാലത്തെ അയവിറക്കുന്ന കവിതയാണ് എസ്. ജോസഫിന്റെ കറുത്തകല്ല്. ദലിത് രാഷ്ട്രീയത്തിന്റെ തീവ്രമായ അനുഭവത്തെ കവിത അടയാളപ്പെടുത്തുന്നു. കറുപ്പ് എന്ന നിറത്തിലൂടെ വർണവിവേചനത്തിന്റെ അനുഭവത്തെ കവി അവതരിപ്പിക്കുന്നു. "കറുത്ത കല്ലിന്റെ പുറത്തിരുന്ന്/ ചെറുപ്പകാലത്ത് കളിച്ചത് ഓർക്കുന്നു/ എനിക്കുമുമ്പേ ജനിച്ച കല്ലിത്/ കറുത്തവനെന്റെ കറുപ്പുള്ള കല്ല്." തങ്ങളുടെ ഭൂതകാലജീവിതത്തിന്റെ ഓർമകളായിട്ടാണ് കറുത്ത കല്ലിനെ കവി അവതരിപ്പിക്കുന്നത്. ഈ കല്ല് തുളച്ചുകയറി തന്റെ പൂർവികരുടെ ജീവിതത്തിന്റെ വേദനകളെ, അവർ അനുഭവിച്ച ജീവിതസഹനങ്ങളെ അടിച്ചമർത്തപ്പെടലിനെയൊക്കെ കണ്ടെത്താൻ ശ്രമിക്കുകയാണ് കവി ഈ കവിതയിൽ. വരേണ്യവർഗത്തിന്റെ ചൂഷണങ്ങൾക്ക് ഇരയാക്കപ്പെട്ട തന്റെ മുൻഗാമികളുടെ ജീവിതാവസ്ഥകളെ കവി അന്വേഷിക്കുന്നു. അത് കണ്ടെത്താൻ ശ്രമിക്കുന്നു.

എം.ആർ. രേണുകുമാറിന്റെ 'ഓർമയുടെ നിഴൽ' എന്ന കവിതയിൽ,

"അരിയിലെ കല്ലുകൾപോലെ
മറവികൾക്കിടയിൽ
അങ്ങിങ്ങായി ഓർമകൾ" എന്ന് എഴുതുമ്പോൾ വേദന നിറഞ്ഞ ഓർമകളെ കവി അയവിറക്കുന്നു. കഴിഞ്ഞകാലത്തിന്റെ മറക്കാനാവാത്ത ഓർമകൾ ഇന്നും കടന്നുവരുന്നു. വ്യവസ്ഥാപിതമായ സാഹിത്യവും മുതലാളിത്ത സംസ്കൃതിയും പാർശ്വവത്കരിക്കപ്പെട്ട കീഴാളജീവിതത്തിന്റെ ദീനതയും ഭാഷാരീതികളുമെല്ലാം രേണുകുമാറിന്റെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. ഇദ്ദേഹത്തിന്റെ തന്നെ 'അലച്ചുവീണു പെയ്ത്' എന്ന കവിതയിൽ ദുരിതജീവിതത്തിന്റെ നേരനുഭവത്തെ കവി അടയാളപ്പെടുത്തുന്നത് ഇങ്ങനെയാണ്: വയറുനിറഞ്ഞ കൂട്ടുകാർ/ മഴവെള്ളത്തിൽ കളിച്ചാർക്കുമ്പോൾ/ മുട്ടുനീര് വെള്ളത്തിൽ നിന്ന്/ അടുപ്പൂതുമമ്മയെയും/ ആവി വരാത്ത മൺകലത്തെയും/ മാറി മാറി നോക്കി/ പാതകത്തിന്മേൽ/ ഞാൻ ചുരുണ്ടിരിക്കുന്നു. ദലിത് ജീവിതത്തിന്റെ അഥവാ പാർശ്വവത്കരിക്കപ്പെട്ട കീഴാളജീവിതത്തിന്റെ ദൈന്യം പേറുന്ന ഒരു ചിത്രമാണിത്.

എസ്. ജോസഫിന്റെ 'ഐഡന്റിറ്റി കാർഡ്' എന്ന കവിത കീഴാളരാഷ്ട്രീയത്തിന്റെ തീവ്രമായ അനുഭവത്തെ അടയാളപ്പെടുത്തുന്നു. ഐഡന്റിറ്റി കാർഡിൽ സ്റ്റൈപ്പെന്റ് മേടിക്കുന്ന ചുവന്ന രേഖകൾ കണ്ടതോടെ പ്രണയം നിരസിക്കുന്ന പെൺകുട്ടിയെയാണ് കവി അവതരിപ്പിക്കുന്നത്. ഒരു ദലിതൻ എന്നതിന്റെ പേരിൽ അനുഭവിക്കേണ്ടി വന്ന തിരസ്കരണത്തിന്റെയും ഒറ്റപ്പെടലിന്റെയും നൊമ്പരങ്ങളെ കവി ധ്വനിപ്പിക്കുന്നു. കീഴാളജീവിതത്തിന്റെ പൊരുളുകളെയും ദുരിതങ്ങളെയുമാണ് എസ്. ജോസഫ് കവിതയിൽ വർണിക്കുന്നത്. മണ്ണും മനുഷ്യരും കാടും തോടും പ്രാണികളും പറപ്പകളുമെല്ലാം നിറഞ്ഞ ജൈവസമ്പുഷ്ടമായ ഒരാവാസവ്യവസ്ഥയാണ് ജോസഫിന്റെ കവിതകളെന്ന് രാജേഷ് ചിറപ്പാട് അഭിപ്രായപ്പെടുന്നു. പ്രകൃതിയോടൊപ്പം വികസിച്ചു വരുന്ന മനുഷ്യസാന്നിധ്യത്തിന്റെ ആരും പറയാത്ത പൊള്ളുന്ന ഇടങ്ങളെയാണ് ഈ കവിതകൾ എക്കാലവും കാട്ടിത്തരുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. 'ഉപ്പന്റെ കൂവൽ വരയ്ക്കുന്നു', 'മീൻകാരൻ' തുടങ്ങിയ കവിതകൾ ഇത്തരം പ്രകൃത്യനുഭവങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നുണ്ട്.

സാഹിത്യലോകത്ത് നിലനിന്നിരുന്ന വരേണ്യാധിപത്യത്താൽ അദൃശ്യമാക്കപ്പെട്ടിരുന്ന ദലിത് ജീവിതത്തെ സാഹിത്യത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനു സഹായകരമായി എന്നതാണ് ദലിത് സാഹിത്യത്തെ സാഹിത്യലോകത്ത് പ്രസക്തമാക്കുന്ന പ്രഥമഘടകം. ദലിത് ജനതയുടെ കർതൃത്വവീണ്ടെടുപ്പിനും അതുവഴി തങ്ങൾ ജീവിക്കുന്നതും അനുഭവിക്കുന്നതുമായ ജീവിതത്തിന്റെ സത്യസന്ധമായ ആഖ്യാനത്തിനും ദലിത് സാഹിത്യം കാരണമായി.

## അമ്മമാഹാത്മ്യം

കവിത

തെരേസ പീറ്റർ



അമ്മയെന്ന രണ്ടക്ഷരമാധുര്യ-
മുൾക്കളത്തെപ്പുളകിതമാക്കിടും
ഉത്തമാംശങ്ങളൊക്കെയുമമ്മയിൽ
മുത്തുപോലെന്നും മുറ്റിവിളങ്ങുന്നു.

അമ്മ ദേവിയും രക്ഷയുമൂഴിയിൽ,
ഭൂമിയെപ്പോൽ സഹിക്കുന്നൊരമ്മയെ
ഊഷ്മളസ്നേഹധാരയാമമ്മയെ
നെഞ്ചിലേറ്റി വണങ്ങാം നമോഃ നമ.

അമ്മ പാരിലെൻ കൺകണ്ട ദൈവമാം
അമ്മഭാവം വിശുദ്ധം മനോഹരം
ലോകമുള്ളോരുനാൾവരെ മാനവർ-
ക്കമ്മ പൂജിതനാമമതായിടും.

അമ്മയ്ക്കിന്നിടമില്ലയോ? ദുർഗതി!
അമ്മ വർജ്യമോയിന്നു ഗൃഹങ്ങളിൽ?
അമ്മമാനസം ചുട്ടുനീറുന്നുവോ?
അമ്മ ബാധ്യതയായിടുന്നോയിഹ?

അമ്മഭാവം വികലമതാകുകിൽ
ആ ഗൃഹമിരുൾമൂടിടും നിശ്ചയം.
അമ്മമാർ വഴിതെറ്റുന്നിടങ്ങളിൽ
അമ്മ ഹാ, പാപം നാടിൻ വിനാശവും.

അമ്മയെന്നും വിളങ്ങിയകതാരിൽ
അമ്മയെന്നും ജയിക്കയുലകിലായ്
അമ്മമാനസം നോവാതെ കാത്തിടാം
അമ്മമാഹാത്മ്യം വിളങ്ങട്ടെ ചുറ്റിലും.

# ഈ മരണമണി മുഴക്കുന്നത് കേന്ദ്രസർക്കാരോ റബർ ബോർഡോ?

1-ാം പേജ് തുടർച്ച

അതേസമയം, കർഷകരെ സംബന്ധിച്ചിടത്തോളം നിലവിൽ 10-ാം വകുപ്പുപ്രകാരം തങ്ങളുടെ റബർകൃഷിയുള്ള തോട്ടങ്ങൾ റബർ ബോർഡിൽ രജിസ്റ്റർ ചെയ്യണം. ഇതിനായി റബർകൃഷിക്കും ആവർത്തനക്കൃഷിക്കും സ്ഥലവിസ്തീർണം റബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് ലൈസൻസ് നൽകുമായിരുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത കരടുനിയമത്തിലില്ല. സംസ്ഥാന സർക്കാരിന്റെ റബർ പ്രോത്സാഹനപദ്ധതിക്കുപോലും ആധാരമാകുന്നത് ഈ വിശദാംശങ്ങളും രേഖകളുമാണെന്നിരിക്കേ, പുതിയ നിയമത്തിൽ ഈ കർഷകസംബന്ധമായ വിഷയം സജീവമായി പരിഗണിക്കേണ്ടതാണ്. റബർകൃഷിയെയും കർഷകരെയും അവഗണിച്ച് പ്രകൃതിദത്തറബറിന്റെ രാജ്യാന്തരവിപണിയും ഇറക്കുമതിയും കാലക്രമേണ കൃത്രിമറബറിന്റെ അനിയന്ത്രിത ഇറക്കുമതിയും ലക്ഷ്യംവയ്ക്കുകയാണോ ഇതിന്റെ പിന്നിലെന്നും സംശയിക്കാം.

**റബർ ബോർഡിൽ പൊളിച്ചെഴുത്ത്**

കരടുനിയമത്തിലെ മൂന്നാം അധ്യായം 12 മുതൽ 20 വരെയുള്ള വകുപ്പുകൾ റബർ ബോർഡിലെ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും നിയമനങ്ങളും അധികാരങ്ങളും സംബന്ധിച്ചുള്ളതാണ്. നിലവിലുള്ള ഘടനയിൽ വൻ പൊളിച്ചുപണിയാണ് കരടുനിയമത്തിലുള്ളത്.

സംസ്ഥാനം തിരിച്ചുള്ള പ്രാതിനിധ്യം പുതിയ നിയമത്തിൽനിന്നു പരിപൂർണമായി ഒഴിവാക്കി. റബർ ബോർഡിൽ കേരളത്തിന്റെ എട്ടു പ്രതിനിധികളെന്നാണ് നിലവിലെ നിയമത്തിലുള്ള വ്യവസ്ഥ. ഇതിൽ രണ്ടുപേർ സംസ്ഥാന സർക്കാരിൽനിന്നും ആറു പേർ റബർ ഉത്പാദനമേഖലയിൽനിന്നുമാണ്. തമിഴ്നാടിന്റെ പ്രതിനിധികളായി രണ്ടു പേർ. സംസ്ഥാനം തിരിച്ചുള്ള പ്രാതിനിധ്യം ഒഴിവാക്കി റബറുത്പാദക സംസ്ഥാനങ്ങളുൾപ്പെടെ എട്ടു മേഖലകളിൽനിന്നായി 19 പേരെ കേന്ദ്രം നിയമിക്കും എന്നാണു പറയുന്നത്. റബർകൃഷിയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കുകൂടി പ്രാതിനിധ്യം ഉറപ്പാക്കാനെന്നോണമാണ് സംസ്ഥാനം തിരിച്ചുള്ള വ്യവസ്ഥ നിയമത്തിൽനിന്ന് ഒഴിവാക്കുന്നതെന്നാണു സൂചന.

അതേസമയം, മൊത്തം ബോർഡംഗങ്ങളുടെ എണ്ണം മുപ്പതിൽ കൂടരുതെന്നും 13-ാം വകുപ്പിൽ സൂചിപ്പിക്കുന്നു. ബോർഡംഗങ്ങളുടെ യോഗ്യതകളെക്കുറിച്ചുള്ള 14-ാം വകുപ്പിലെ വിശദീകരണത്തിൽ റബർസംബന്ധമായ വിവിധ വിഷയങ്ങളിൽ അറിവും പഠനവും അനുഭവജ്ഞാനവും മുൻപരിചയവുമുള്ളവർ വേണമെന്നുണ്ട്. അതേസമയം, പാർലമെന്റംഗങ്ങൾക്കും സംസ്ഥാനത്തിന്റെ പ്രതിനിധികൾക്കും കേന്ദ്രസർക്കാർ നേരിട്ടു നിയമിക്കുന്നവർക്കും ഈ യോഗ്യത ആവശ്യമില്ലെന്നു കൃത്യമായി പറഞ്ഞ് ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ വ്യക്തമാക്കിയാൽ, കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ ഇഷ്ടക്കാരുടെ ഇടത്താവളം മാത്രമായി നാളെ റബർ ബോർഡ് മാറും.

**റബർ ബോർഡ് വെറും റബർ സ്റ്റാമ്പ്**

പിടിച്ചുകെട്ടിയ പട്ടംപോലെയാണ് റബർ ബോർഡിന്റെ അവസ്ഥ. കരടുനിയമത്തിലെ 19-ാം വകുപ്പിൽ ബോർഡിന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ഇവയെല്ലാം അവസാനം ചെന്നെത്തുന്നത് കേന്ദ്ര വ്യവസായവാണിജ്യമന്ത്രാലയത്തിലെ ഉന്നതോദ്യോഗസ്ഥരിലേക്കും രാഷ്ട്രീയ - വ്യവസായ ലോബികളിലേക്കുമാണ്. കർഷകസഹായിയായി ഇന്നലെവരെ അവകാശവാദമുന്നയിച്ച റബർ ബോർഡിന്റെ ചിത്രം ചരിത്രമായി മാറും. കഴിഞ്ഞ കാലങ്ങളിൽ കർഷകസംഘടനകൾ സൂചിപ്പിച്ചതുപോലെ കർഷകരെ മറന്ന് വ്യവസായലോബിയുടെയും വൻകിട വ്യാപാരികളുടെയും ഇടനിലക്കാരും ആജ്ഞാനുവർത്തികളുമായി റബർ ബോർഡ് തുടരും. ഉത്പാദന, ഉപഭോഗ കയറ്റുമതി, ഇറക്കുമതി സ്റ്റോക്ക് കണക്കുകളും വിപണിവിലയും മേല്പറഞ്ഞവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കും ഇറക്കുമതി ഉയർത്തുന്നതിനും അട്ടിമറിക്കുന്നതിനുംവേണ്ടിമാത്രമാകും.

നിലവിലുള്ള 8 എ, 8 ബി വകുപ്പുകൾ പരിപൂർണമായി റദ്ദു ചെയ്തു. റബർ ബോർഡിന്റെ അധികാരം ഉയർത്തിക്കാട്ടുന്നതായിരുന്നു ഈ വകുപ്പുകൾ. 8 എ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് റബർ ഇറക്കുമതി ചെയ്യുന്നതിനും വിൽക്കുന്നതിനും റബർ ബോർഡിന് അധികാരമുണ്ട്. 8 ബി പ്രകാരം കേന്ദ്ര സർക്കാർ വിവിധ വിഷയങ്ങളിൽ റബർ ബോർഡുമായി കൂടിയാലോചന നടത്തണമെന്നുമുണ്ട്. ഇവ രണ്ടും പുതിയ കരടിൽ ഇല്ല. ഇതിനർത്ഥം റബർ ബോർഡുപോലും ഭാവിയിൽ അപ്രസക്തമാകുമെന്നാണ്. എന്തിനേറെ, ഈ നിയമനിർമാണത്തിനുപോലും റബർ ബോർഡിനു പങ്കില്ലെന്നാണു പുറത്തുവരുന്ന വിവരങ്ങൾ.

**ഗുണനിലവാരത്തിലെ തട്ടിപ്പ്**

വ്യവസായലോബിയോടു ചേർന്ന് റബർ ബോർഡ് എക്കാലവും കർഷകരെ നിരന്തരം ആക്ഷേപിക്കുന്ന വിഷയമാണ് ഇന്ത്യയിലെ ഷീറ്റ് റബറുൾപ്പെടെ അസംസ്കൃത റബറിനു ഗുണനിലവാരമില്ലെന്നുള്ളത്. അതിനാൽത്തന്നെ പുതിയ നിയമത്തിലെ 3-ാം വകുപ്പിൽ രാജ്യത്ത് ഉത്പാദിപ്പിക്കുന്നതും കയറ്റുമതി ചെയ്യുന്നതുമായ റബറിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണമെന്നു നിർദേശിക്കുന്നു. ഗുണനിലവാരവിഷയം ഉയർത്തിക്കാട്ടി വിലയിടിക്കുക എന്ന തന്ത്രവുമുണ്ട്. റബറുത്പാദകരാജ്യങ്ങളിലെ ഗ്രേഡ് 3 നു തുല്യമാണ് കേരളത്തിലെ ഗ്രേഡ് 4 റബറെന്നുള്ളതു മറക്കരുത്. ഗ്രേഡിങ്ങിന്റെ പേരിലുള്ള കർഷകദ്രോഹം പലതവണ കേരളം ചർച്ച ചെയ്തിട്ടുള്ളതാണ്.



ഇറക്കുമതി ചെയ്യുന്നതും ടയർ വ്യവസായികൾ ഉപയോഗിക്കുന്നതുമായ ബ്ലോക്ക് റബറുമായി തട്ടിച്ചുനോക്കുമ്പോൾ ഗ്രേഡ് നാലിന്റെ ഗുണനിലവാരത്തെക്കുറിച്ച് എന്ത് എതിരഭിപ്രായം പറയാനാകും? അതേസമയം, ഇറക്കുമതി ചെയ്യുന്ന പ്രകൃതിദത്ത റബറിന്റെയും റബറുത്പന്നങ്ങളുടെയും ഗുണനിലവാരത്തെ സംബന്ധിച്ച് യാതൊന്നും പുതിയ നിയമത്തിലില്ല. കാലക്രമേണ മാനദണ്ഡങ്ങൾ നിശ്ചയിച്ച് അനിയന്ത്രിത ചണ്ടിപ്പാൽ ഇറക്കുമതിക്ക് കളമൊരുങ്ങുമെന്ന് ഉറപ്പിക്കാം.

**സ്വതന്ത്രവ്യാപാരക്കരാറുകളുടെ സ്വാധീനം**

ഇന്ത്യ ഇതിനോടകം ഏർപ്പെട്ടതും ഉടൻ ഏർപ്പെടാനായി ചർച്ചകൾ തുടരുന്നതുമായ സ്വതന്ത്ര വ്യാപാരക്കരാറുകളുടെ ശക്തമായ സ്വാധീനം നിലവിലുള്ള നിയമത്തിന്റെ റദ്ദാക്കലിലും നിർദിഷ്ട നിയമത്തിന്റെ പിന്നാമ്പുറങ്ങളിലുമുണ്ട്. റബർ ബോർഡിനെ ഒരു ഉപദേശകസമിതിയായി ചിലയിടങ്ങളിൽ മാത്രം സൂചിപ്പിക്കുന്നുണ്ട്. അന്തിമതീരുമാനം കേന്ദ്ര വ്യവസായവാണിജ്യ വകുപ്പിന്റേതായിരിക്കും. അതിനാൽത്തന്നെ കർഷകശബ്ദവും വേദനയും പ്രതിസന്ധികളും പരാമർശിക്കപ്പെടില്ലെന്നു മാത്രമല്ല, കർഷകരെയും ഉത്പാദനപ്രക്രിയകളെയും കാർഷികവിഷയങ്ങളെയും മറന്ന് വ്യവസായി, വ്യാപാരി, ഇറക്കുമതി, കയറ്റുമതി പ്രോത്സാഹനമായിരിക്കും മുഖ്യ അജണ്ട. സ്വതന്ത്രവ്യാപാരക്കരാറുപ്രകാരമുള്ള നികുതിരഹിത ഇറക്കുമതിക്കു പുതിയ നിയമനിർമാണത്തിലൂടെ കളമൊരുങ്ങും. രാജ്യങ്ങൾ തമ്മിലുള്ള ഇറക്കുമതിച്ചുങ്കം സമയബന്ധിതമായി പൂജ്യത്തിലെത്തിക്കണമെന്നും ഒരൊറ്റ വിപണിയായി ലോകം മാറണമെന്നുമാണു ലോകവ്യാപാരസംഘടനയുടെ നിലപാട്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ഒരു ഉപകരണമാണ് റബർ കർഷകരെ ബലിയാടാക്കിയുള്ള ഈ നിയമനിർമാണം.

**അടിസ്ഥാന, പരമാവധി വിലകളുടെ ആവർത്തനം**

കരടുനിയമത്തിന്റെ മൂന്നാം വകുപ്പിന്റെ ഏഴാം ഉപവകുപ്പിൽ ചെറുകിട കർഷകരുൾപ്പെടെ റബർ കർഷകർക്കെല്ലാം ന്യായവും ആദായകരവുമായ വില ലഭിക്കാൻ പ്രോത്സാഹിപ്പിക്കുമെന്നു സൂചിപ്പിക്കുന്നുണ്ട്. ഒരിടത്തും ന്യായവില സംബന്ധിച്ച് യാതൊരു പരാമർശവുമില്ല. അതേസമയം, നിലവിലുള്ള റബർ ആക്ടിന്റെ 13-ാം വകുപ്പ് കരടുനിയമത്തിൽ 30-ാം വകുപ്പായി ചേർത്തിട്ടുമുണ്ട്. സർക്കാരിന് (റബർ ബോർഡല്ല) റബറിനു കുറഞ്ഞവിലയോ കൂടിയ വിലയോ രണ്ടും ഒരുമിച്ചോ നിശ്ചയിക്കാവുന്നതാണ്. പ്രസ്തുത കുറഞ്ഞ വിലയിലും താഴ്ത്തിയോ പരമാവധി വിലയിൽ ഉയർത്തിയോ റബർ വാങ്ങുകയോ വിൽക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാൻ പാടില്ല. അങ്ങനെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് ഒരു വർഷംവരെ തടവോ പിഴയോ ഇവ രണ്ടുംകൂടിയോ അനുഭവിക്കേണ്ടിവരും. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത് കാലങ്ങൾ പഴക്കമുള്ള ഈ നിയമഭാഗം കോടതിയിൽ ഇതിനോടകം ചോദ്യം ചെയ്തിട്ടും അനുകൂലവിധിയുണ്ടായിട്ടും നടപ്പിലാക്കുന്നില്ലെന്നുള്ളതാണ്. അതോടൊപ്പം, കുരുമുളകിനും അടയ്ക്കയ്ക്കും ഉള്ളതുപോലെ അസംസ്കൃതറബറിന്റെ ഇറക്കുമതിക്ക് അടിസ്ഥാന ഇറക്കുമതി വില നിശ്ചയിക്കണമെന്ന നിർദേശവും ബോധപൂർവം പുതിയ നിയമത്തിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു.

**ക്രമക്കേടുകൾ ക്രിമിനൽ കുറ്റമല്ല**

നിലവിലുള്ള നിയമമനുസരിച്ച് റബർ ബോർഡിന്റെ ലൈസൻസ് ഉള്ളവർക്കുമാത്രമേ റബർ വ്യാപാരം നടത്താനാവൂ. നിലവിലുള്ള നിയമം 26-ാം വകുപ്പനുസരിച്ച് ക്രയവിക്രയങ്ങളിൽ ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാൽ ജയിൽവാസമുൾപ്പെടെ ശിക്ഷ അനുഭവിക്കേണ്ടിവരും. 26 എ യിൽ ക്രിമിനൽ കുറ്റമായി വിശദീകരിക്കുന്നു. എന്നാൽ, പുതിയ നിയമത്തിൽ ഇവ ക്രിമിനൽ കുറ്റമാകുന്നില്ലെന്നു മാത്രമല്ല, നിലവിലുള്ള 26, 26 എ വകുപ്പുകൾ പാടേ ഒഴിവാക്കിയിരിക്കുകയുമാണ്. നിയമം നിർമിക്കുമ്പോൾത്തന്നെ നിയമം ലംഘിക്കുന്നവർക്കുള്ള ശിക്ഷയിലും വ്യക്തതയുണ്ടാവേണ്ടതാണ്. കള്ളന്മാർക്കും കൊള്ളക്കാർക്കും സംരക്ഷണകവചമൊരുക്കുന്ന നിർദേശമാണ് പുതിയ കരടിലുള്ളത്.

**റബർ പൂഴ്ത്തി വയ്ക്കാം; കുഴപ്പമില്ല**

നിലവിലെ നിയമത്തിലെ 16-ാം വകുപ്പനുസരിച്ച് റബർ സംഭരിച്ചു പൂഴ്ത്തിവയ്ക്കാൻ അനുവദിക്കില്ല. വിപണിയിൽ ക്ഷാമമുണ്ടാകാതിരിക്കാൻ മാത്രമല്ല വ്യാപാരികൾ വിപണിവില അട്ടിമറിക്കാതിരിക്കാനുമാണ് ഈ നടപടി. എന്നാൽ, പുതിയ കരടുനിയമം ഇക്കാര്യം പാടേ അവഗണിച്ചു. ഒരു വ്യക്തിക്ക് എത്രമാത്രം വേണമെങ്കിലും റബർ ശേഖരിച്ചുവയ്ക്കാം. ആഭ്യന്തരവിപണിയിൽ പ്രകൃതിദത്ത റബറിനു ക്ഷാമമുണ്ടായാലും പ്രശ്നമില്ല. ഇറക്കുമതിക്ക് അവസരമുണ്ട്. ഈ അവസരം മുതലാക്കി വ്യവസായികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്ത് സ്റ്റോക്ക് ചെയ്യും. ആഭ്യന്തരവിപണി തകരും. ആരും ഇടപെടുകയോ നിയന്ത്രിക്കുകയോ ഇല്ല. നികുതിരഹിത ഇറക്കുമതിയും ഉറപ്പ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഉത്പാദനം വർദ്ധിക്കുമ്പോൾ കേരളം വ്യവസായികൾക്ക് ഒരു പ്രശ്നമല്ലാതായിത്തീരും. വ്യവസായികൾ വില നിശ്ചയിക്കും. കർഷകർക്കു വ്യവസായികൾ പറയുന്ന വിലയ്ക്കു റബർ കൊടുക്കാം എന്ന നിലയിലേക്കു കാര്യങ്ങൾ കൂടുതലായി മാറും. നിലവിലുള്ള ഇന്നത്തെ വിപണിയുടെ സ്ഥിതിയും ഇതിൽനിന്ന് ഏറെ വ്യത്യസ്തമല്ല.

**കൃത്രിമ റബറും ഒഴുകിയെത്തും**

പ്രകൃതിദത്ത റബർ മാത്രമല്ല സിന്തറ്റിക് റബർ ഉൾപ്പെടെ കൃത്രിമ റബറിന്റെ ഇറക്കുമതിക്കും വാതിലുകൾ പുതിയ നിയമത്തിലൂടെ തുറക്കുന്നു. അമേരിക്കയും ബ്രിട്ടനുമായുള്ള ഇന്ത്യയുടെ വരാനിരിക്കുന്ന സ്വതന്ത്രവ്യാപാരക്കരാറിൽ ഇതു സംബന്ധിച്ചു സൂചനകളുമുണ്ട്. പുതിയ റബർ ആക്ടിലൂടെ എല്ലാ അധികാരങ്ങളും കേന്ദ്ര വ്യവസായ വാണിജ്യമന്ത്രാലയത്തിന്റെ കീഴിലാകുമ്പോൾ കർഷകർ റബർവിഷയവുമായി കോടതിയിലെത്തിയാലും നേട്ടമുണ്ടാകില്ല. പാർലമെന്റംഗങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളും സ്ഥിരം പ്രസ്താവനകൾക്കപ്പുറം ആത്മാർത്ഥ സമീപനം സ്വീകരിക്കാനുള്ള സാധ്യതയും കുറവ്.

**നിലപാടുകളില്ലാത്ത കർഷകർ**

റബർ മേഖലയിലെ പ്രശ്നങ്ങൾ പുതിയ നിയമനിർമാണം വരെ എത്തിയിട്ടും അസംഘടിതരായി തുടരുകയാണു കർഷകർ. ആരെങ്കിലും ഇക്കാര്യങ്ങളിൽ എതിർക്കട്ടെ, കേസുകൾ നടത്തട്ടെ, അതിന്റെ ഗുണഫലമനുഭവിക്കാം എന്ന ചിന്താഗതി നല്ലതല്ല. റബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളും വിവിധ കർഷകസംഘടനകളും ആവേശം തണുത്ത് നിഷ്ക്രിയരായിരിക്കുന്നു. റബർ കർഷകർ ഒരുമിച്ചുചേർന്നു പ്രവർത്തിക്കാൻ തയ്യാറാകണം. ■




പെരുനാൾപ്പറമ്പ്.

ആളുകളുടെ തിരക്ക്. കച്ചവടക്കാരുടെ കലപിലകൾ. വിശുദ്ധരൂപങ്ങൾക്കു മുമ്പിൽ കൈകൾ കൂപ്പി പ്രാർത്ഥനയുടെ നിയോഗങ്ങളഴിച്ച് വിശ്വാസികൾ. പള്ളിയിൽനിന്നു പ്രദക്ഷിണം പുറത്തേക്ക് ഇറങ്ങുന്നതിനു മുന്നോടിയായി ആകാശത്ത് പടക്കം പൊട്ടിത്തെറിച്ചു. മുത്തുക്കുടകൾ നിവർക്കപ്പെട്ടു. ആളുകൾ പ്രദക്ഷിണത്തിൽ പങ്കെടുക്കാനായി വരി നിന്നു. പെരുനാൾപ്പറമ്പിന്റെ തിരക്കിൽ സനലുമുണ്ടായിരുന്നു. അയാളുടെ കൈത്തണ്ടയിൽ ദയയും ബെഞ്ചമിനും മുറുക്കെപ്പിടിച്ചിട്ടുണ്ടായിരുന്നു. അയാൾ ഓരോ കാഴ്ചകൾ മക്കൾക്കു കാണിച്ചു കൊടത്തു. ആകാശത്തൊട്ടിലാണ് ദയയെ വിസ്മയിപ്പിച്ചത്. അവൾക്ക് അതിൽ കയറണം. ബെഞ്ചമിനെ കളിപ്പാട്ടക്കടയാണ് ആകർഷിച്ചത്. നീണ്ട തോക്കും ബാറ്ററിയിലോടുന്ന വണ്ടിയും... എല്ലാ ആഗ്രഹങ്ങളും സാധിച്ചുതരാമെന്ന് സനൽ വാക്കുകൊടുത്തു. അവർ മുന്നോട്ടുനടക്കുമ്പോഴാണ് അതു സംഭവിച്ചത്. ചുവടുകൾക്കു മുമ്പിൽ വലിയൊരു സ്ഫോടനം. ഒരു പന്തുപോലെ സനൽ തെറിച്ചു പോയി. കൈത്തണ്ടയിലെ കുഞ്ഞുപിടിത്തങ്ങൾ വിട്ടുപോയി. നിലത്തു വീണുകിടക്കുമ്പോൾ അതാ അടുത്ത സ്ഫോടനം. ആളുകളുടെ കൂട്ടനിലവിളികൾ, ആർത്തനാദങ്ങൾ. പള്ളിമണികൾ അപായസൂചനയെന്നോണം കൂട്ടമായി അടിച്ചു തുടങ്ങി.

"മക്കളേ, ദയക്കുട്ടീ, ബെച്ചൂ." സനൽ ആകാശവും ഭൂമിയും നടുങ്ങത്തക്ക വിധത്തിൽ അലറിവിളിച്ചു. അപ്പോൾ സ്മിത അയാളുടെ അരികിലേക്കോടിയെത്തി.

''എന്റെ മക്കളെവിടെ?'' സ്മിത ചോദിച്ചു. അവളുടെ ശിരസ്സിൽ പുഷ്പകിരീടമുണ്ടായിരുന്നു. വിവാഹവസ്ത്രമായിരുന്നു അവൾ ധരിച്ചിരുന്നത്.

"ഞാൻ നിങ്ങളെ ഏല്പിച്ചിട്ടു പോയതല്ലായിരുന്നോ, എന്നിട്ട് അവരെവിടെ. എവിടെ കൊണ്ടുപോയി നിങ്ങളെന്റെ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചു?"

"സ്മിതേ..." സനൽ അലർച്ചയോടെ ചാടിയെണീറ്റു. കട്ടിലിൽ എണീറ്റിരുന്ന് അയാൾ കിതച്ചു. എവിടെ പള്ളിപ്പെരുനാൾ? എവിടെ ബോംബ് സ്ഫോടനം? എവിടെ ആളും ബഹളവും? എവിടെ എന്റെ മക്കൾ? എവിടെ സ്മിത? ഏതാനും നിമിഷം കഴിഞ്ഞപ്പോൾ സനലിനു മനസ്സിലായി, താൻ തന്റെ വീട്ടിലാണ്. കട്ടിലിലാണ്. താൻ കണ്ടത് സ്വപ്നമായിരുന്നു. നേരം വെളുത്തിരിക്കുന്നു.

അയാൾ മുഖംതിരിച്ചു കട്ടിലിലേക്കു നോക്കി. ബെഞ്ചമിനും ദയയും കട്ടിലിൽ ഇല്ലല്ലോ. അവർ? ആലോചിച്ചപ്പോൾ അക്കാര്യവും വ്യക്തമായി. അവരെ താൻ പറഞ്ഞുവിട്ടിരിക്കുന്നു. അവർ തനിക്കൊപ്പം ഇല്ല. എന്റെ മക്കൾ. സോജൻ വന്നതും സംസാരിച്ചതും സനലിന്റെ ഓർമയിലെത്തി. അവർക്കു താൻ ഭക്ഷണം കൊടുക്കുന്നില്ലെന്ന്. വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ലെന്ന്. തന്റെ കൂടെ ജീവിച്ചാൽ അവർ ഒരു കഴിവുമില്ലാത്തവരായിപ്പോകുമെന്ന്. സോജന്റെ ഓരോ വാക്കും സനലിന്റെ ഓർമയിലേക്കു വീണ്ടുമെത്തി. ദൈവമേ, എന്തൊരു ദുഷ്ടനാണു താൻ. താൻ തന്റെ മക്കളെ ഉപേക്ഷിച്ചിരിക്കുന്നു. സ്വപ്നത്തിലാണെങ്കിലും സ്മിത തന്നോടു ചോദിച്ച ചോദ്യം വളരെ പ്രസക്തമാണെന്നും സനലിന് മനസ്സിലായി. ശരിയല്ലേ മക്കളെ തന്നെ ഏല്പിച്ചിട്ടാണ് അവൾ പോയത്. തിരികെ വരാൻവേണ്ടി പോയതായിരുന്നുവെങ്കിലും തിരികെ വരാത്ത യാത്രയായിരുന്നു അത്. മക്കൾ തന്റെ അടുക്കലായിരുന്നു. അവരുടെ സംരക്ഷണം തന്റെ മാത്രം ഉത്തരവാദിത്വമായിരുന്നു. പക്ഷേ, താൻ അവരെ ഉപേക്ഷിച്ചു. എന്തിന്?

സനൽ ആത്മവിമർശനം നടത്തി. അതിന്റെ ഒടുവിൽ അയാൾ അതിന് ഉത്തരം കണ്ടെത്തിയത് ഇങ്ങനെയാണ്: താൻ തന്റെ സുഖം നോക്കി. ഉത്തരവാദിത്വങ്ങളിൽനിന്നുള്ള ഒളിച്ചോട്ടം. മക്കളുടെ സുരക്ഷിതത്വം ഏറ്റെടുക്കാനുള്ള വൈമുഖ്യം. അവർ ഒഴിവായിപ്പോയാൽ താൻ സ്വതന്ത്രനാകുമെന്ന തോന്നൽ. തന്റെ ഇഷ്ടങ്ങൾക്കു പുറകെ പോകാനുള്ള താത്പര്യം.

എന്തൊരു മനുഷ്യനാണു താൻ. സനലിന് ആദ്യമായി ആത്മനിന്ദ തോന്നി. പുഴുവിനെക്കാൾ, കൃമിയെക്കാൾ നികൃഷ്ടൻ. മനുഷ്യൻ എന്നു വിശേഷിപ്പിക്കാൻപോലും താൻ അർഹനല്ല. ദയയും ബെഞ്ചമിനും യാത്ര പറയും നേരം തന്നെ നോക്കിയ നോട്ടം. അത് ഇപ്പോഴാണ് തന്നെ കുത്തിമുറിവേല്പിക്കുന്നത്. ദിവസമെത്രയോ ഇതിനകം കടന്നുപോയിട്ടും അതേക്കുറിച്ചൊന്നും ചിന്തിച്ചിരുന്നില്ല. മദ്യത്തിന്റെ ലഹരിയിലായിരുന്നുവല്ലോ ദിവസങ്ങൾ.

പക്ഷേ, ഇപ്പോൾ, എന്റെ കുഞ്ഞുങ്ങൾ. എന്റെ കുഞ്ഞുങ്ങൾ. സനലിനു ചങ്കു പൊടിയുന്നതുപോലെ തോന്നി. അമ്മ മരിച്ചുപോയെങ്കിലും അവർക്ക് അപ്പനുണ്ടായിരുന്നു. പക്ഷേ, ആ അപ്പൻ അവരെ ഇപ്പോൾ ഉപേക്ഷിച്ചിരിക്കുന്നു. അതും എന്തിന്. തന്റെ സുഖത്തിനു വേണ്ടി. തനിച്ചു ജീവിക്കുന്നതിന്റെ സുഖത്തിനുവേണ്ടി.

നീ നിന്നിൽനിന്നുതന്നെ ഒളിച്ചോടുകയാണ്. ഉള്ളിലിരുന്ന് ആരോ തന്നോട് പറയുന്നതു സനൽ അറിഞ്ഞു.

ഒളിച്ചോട്ടം. അത് തനിക്കെന്നും ഉണ്ടായിരുന്നുവല്ലോയെന്ന് സനൽ ഓർത്തു. ഒരിക്കലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള ധൈര്യമോ സന്നദ്ധതയോ താൻ കാണിച്ചിരുന്നില്ല. ചെറുപ്പംമുതൽക്കേ ആവശ്യത്തിൽ കൂടുതൽ സുരക്ഷിതത്വം അനുഭവിച്ചുവളർന്നതുകൊണ്ട് അതിനപ്പുറത്തേക്കു പോകാനുള്ള ധൈര്യം കിട്ടിയിരുന്നില്ല എന്നതാണു സത്യം. ആ കഴിവുകേടാണ് തന്നെ ഇത്രയും നിലംപറ്റെ വീഴിച്ചിരിക്കുന്നത്. മദ്യപാനംപോലും രക്ഷപ്പെടാനുള്ള മാർഗമായിരുന്നു, ഒളിച്ചോട്ടമായിരുന്നു. പക്ഷേ, ഇനിയും ഇങ്ങനെ വീണുകിടക്കുന്നതിൽ അർത്ഥമില്ലെന്ന് സനലിന് ആദ്യമായിത്തോന്നി. വീണുകിടക്കാനാണു തീരുമാനമെങ്കിൽ മക്കളെ തനിക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടും. ആ ചിന്ത ഹൃദയഭേദകമായിരുന്നു. മക്കളെ തനിക്ക് നഷ്ടപ്പെടുക. സ്വാഭാവികമായ കാരണങ്ങൾകൊണ്ടല്ല തന്റെതന്നെ ഉപേക്ഷകൊണ്ട്. ആ തെറ്റിന് എവിടെയാണു ന്യായീകരണം കിട്ടുക? മക്കളെ കാണണം. അവരെ കൂട്ടിക്കൊണ്ടുവരണം. സനൽ തീരുമാനിച്ചു. ആ നിമിഷംതന്നെയാണ് ജോസഫിന്റെ ശബ്ദം സനലിന്റെ കാതുകളിലെത്തിയത്.

''തൊണ്ട വരളുന്നു. ആ കൊച്ചുണ്ടായിരുന്നെങ്കിൽ ഒരു ഗ്ലാസ് വെള്ളമെങ്കിലും കിട്ടുമായിരുന്നു."

ദയ ഒരു വീട്ടമ്മയായി മാറിയതിനെക്കുറിച്ച് അപ്പോഴാണ് സനൽ മനസ്സിലാക്കിയത്. ഈ വീടിനെ മുന്നോട്ടുകൊണ്ടുപോയിരുന്നത് അവളായിരുന്നു. പക്ഷേ, താൻ അതും തിരിച്ചറിഞ്ഞില്ല.

"അപ്പച്ചാ," സനൽ മുറിയിലേക്ക് ചെന്നു.

"ഇപ്പഴാടാ ഈ വീട് ശരിക്കും മരിച്ച വീടായത്. കൊച്ചുങ്ങളുടെ വർത്താനോം ചിരിയും കളിയും ഒന്നുമില്ലാതെ. ശരിയാ, ഞാനാ പറഞ്ഞെ അവരെ കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളാൻ. എന്നാലും അത് ഇത്രേം പേടിപ്പെടുത്തുമെന്ന് ഞാനറിഞ്ഞില്ല."

വീടിനെ വീടാക്കുന്ന ഒരു ഘടകം കുഞ്ഞുങ്ങളുടെ കളിചിരികളാണ്. അവരുടെ കരച്ചിലും പിടിവാശികളുമാണ്. ബെഞ്ചമിന്റെ ശാഠ്യങ്ങളും ദയയോടുള്ള വഴക്കുകൂടലുകളും. സനലിന്റെ ഓർമയിലേക്ക് അതെല്ലാം കടന്നുവന്നു.

എന്റെ മക്കൾ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും? അവരെ കാണാൻ സനലിന് വല്ലാത്ത കൊതി തോന്നി. അവരെ കെട്ടിപ്പിടിക്കണം. ഉമ്മ വയ്ക്കണം, മക്കളേയെന്നു വിളിക്കണം.

"നീ ചെന്നു വിളിച്ചോണ്ടു വാടാ അവരെ. നിന്റെ മക്കളാ അവര്. നീയുള്ളപ്പോ വല്ല വീട്ടിലും അഗതികളെപ്പോലെ കഴിയേണ്ടവരല്ല അവര്. അതിനാദ്യം നീ ജീവിക്കാൻ പഠിക്കണം. പ്രശ്നങ്ങളെ നേരിടാൻ തന്റേടം കാണിക്കണം. ധൈര്യമുണ്ടാവണം." ജോസഫിന്റെ വാക്കുകൾ സനലിന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുകയായിരുന്നു.




ഇക്കഴിഞ്ഞ കാലത്തിനിടയിൽ പലരും സനലിനെ പല രീതിയിൽ ഉപദേശിച്ചിട്ടുണ്ട്. മാറ്റിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, സനൽ അതിനോടൊന്നും പൊരുത്തപ്പെട്ടിരുന്നില്ല. ആ ഉപദേശങ്ങളെയൊന്നും വകവച്ചിരുന്നുമില്ല. തന്റേതായ രീതിയിൽ അവയ്ക്കോരോന്നിനും അയാൾ മറുപടി നല്കിയിരുന്നു. പക്ഷേ, ജോസഫ് പറഞ്ഞപ്പോൾ ആ വാക്കുകൾക്ക് വല്ലാത്ത സ്വാധീനശക്തിയുള്ളതുപോലെ സനലിന് അനുഭവപ്പെട്ടു.

"വളർത്തുദോഷമുണ്ട് നിനക്ക്. അതിന്റെ കുറ്റം ഞാനും ചുമക്കാം. പക്ഷേ, അതൊരു അടവായിട്ട് നീയെടുക്കരുത്. ഓടിയൊളിക്കാൻ എളുപ്പമാ. നേരിടാനാ ബുദ്ധിമുട്ട്. നീയെന്തു തീരുമാനിച്ചു." പലതരം ചിന്തകൾ സനലിലൂടെ കടന്നുപോയി.

ഇത്തിരി നേരം കഴിഞ്ഞാണ് സനൽ അതിനു മറുപടി പറഞ്ഞത്.

"നേരിടാൻ." ആ ശബ്ദം ശാന്തമായിരുന്നു. പക്ഷേ, അത് ഉറച്ചതായിരുന്നു.

ശേഷം 14-ാം പേജിൽ

# ലോകായുക്തയുടെ ചിറകരിയാനുള്ള ഓർഡിനൻസ്



പ്ലാത്തോട്ടം മാത്യു



ഇന്ത്യയ്ക്കാകെ മാതൃകയായ നിയമങ്ങളും ചട്ടങ്ങളുമായാണ് കേരള ലോകായുക്തയുടെ പ്രവർത്തനമെന്നു പ്രകീർത്തിച്ചവരാണ് കേരളത്തിലെ ഇടതുമുന്നണി നേതൃത്വം. പക്ഷേ, ഇപ്പോൾ ലോകായുക്തയുടെ അധികാരങ്ങൾ ഇല്ലാതാക്കി, സർക്കാരിന്റെ ഒരു ഉപകരണമാക്കി, വെറും നോക്കുകുത്തിയാക്കി മാറ്റാനാണ് സർക്കാർ നീക്കം. ഗവർണറുടെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള ഓർഡിനൻസ് ഭരണഘടനാവിദഗ്ധരുടെയും നിയമപണ്ഡിതരുടെയും പരിശോധനയ്ക്കും നിർദേശങ്ങൾക്കുമായി ഗവർണർ നൽകിയിട്ടുള്ളതായാണു വാർത്തകൾ. ഗവർണറുടെ മുമ്പിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള ഈ ഓർഡിനൻസ് ലോകായുക്തയുടെ ചിറകരിയുന്നതാണ്. അടുത്തകാലംവരെ കേരള ലോകായുക്തയെ പ്രശംസിക്കുകയും രാജ്യത്തിനുതന്നെ വലിയ മാതൃകയാണെന്നു പ്രസ്താവിക്കുകയും ചെയ്തുകൊണ്ടിരുന്ന മുഖ്യമന്ത്രിയും സി.പി.ഐ.എമ്മും നീതിയുടെ ഈ കാവൽഗോപുരം തകർക്കാൻ നീക്കം നടത്തുകയാണ്. മുഖ്യമന്ത്രിയുടെ മെഗാഫോൺ ആയി മാറിയിട്ടുള്ള സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സ്ഥലകാലവിഭ്രാന്തിയിലാണ് ഈ വിഷയത്തിൽ പ്രതികരിക്കുന്നത്.

ലോകായുക്തയുടെ മുമ്പിൽ, തനിക്കും ഇപ്പോഴത്തെയും കഴിഞ്ഞ മന്ത്രിസഭയിലെയും പലർക്കുമെതിരേയുള്ള കേസുകളിൽനിന്നു രക്ഷപ്പെടണമെങ്കിൽ ഇതു മാത്രമേ വഴിയുള്ളൂ എന്നു മുഖ്യമന്ത്രി തിരിച്ചറിഞ്ഞിരിക്കുന്നുവെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. രാജാവ് നഗ്നനാണെന്ന് ജനങ്ങൾ പറഞ്ഞുതുടങ്ങിയിരിക്കുന്നു. എന്തുവന്നാലും തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ പാവങ്ങൾക്കു ഭക്ഷ്യക്കിറ്റും മാധ്യമമുതലാളിമാർക്ക് പൊതുഖജനാവിൽനിന്നു കോടികൾ പരസ്യയിനത്തിലും നൽകി അച്ചടി - ദൃശ്യമാധ്യമങ്ങളെ ചൊല്പടിക്കു കൊണ്ടുവരാമെന്ന ചിന്തയാണ് മുഖ്യമന്ത്രിക്കും പാർട്ടിക്കും. അതിനാൽത്തന്നെ ജനവികാരങ്ങളും പ്രതിഷേധവും ഗൗനിക്കാതെ മുന്നോട്ടുപോകുകയായിരുന്നു മുഖ്യമന്ത്രി. ഇപ്പോൾ ലോകായുക്ത തനിക്കുനേരേ വിരൽ ചൂണ്ടുമോയെന്ന ഭയത്തിലാണ് മുഖ്യമന്ത്രിയെന്നതും വ്യക്തമാണ്. അതുകൊണ്ട് സി.പി.എം. ദേശീയനേതൃത്വത്തിന്റെയും ഇടതുപക്ഷകക്ഷികളുടെയും എതിർപ്പുപോലും അവഗണിച്ച്, നിയമസഭ ചേരാനിരിക്കേ, അവിടെ ചർച്ചയ്ക്കും തീരുമാനത്തിനും വിടാതെ ഓർഡിനൻസിലൂടെ ലോകായുക്തയെ നിർവീര്യമാക്കാൻ തയ്യാറായത്. പക്ഷേ, ഗവർണറെ ഇക്കാര്യത്തിൽ റബർ സ്റ്റാമ്പാക്കാമെന്ന ആഗ്രഹത്തിനു തുടക്കത്തിലേ തടസ്സമായിട്ടുണ്ട്.

ജുഡീഷ്യറിയെയും നിയമവാഴ്ചയെയും തകർക്കാനിടയാക്കുന്ന നീക്കമാണിപ്പോൾ നടത്തുന്നത്. ഇതു ഭരണനേതൃത്വത്തിന്റെ ധിക്കാരമാണു വെളിപ്പെടുത്തുന്നത്. കെ - റെയിൽ പദ്ധതി ഉൾപ്പെടെ സർക്കാർ പറയുന്നതു ജനങ്ങൾ അംഗീകരിക്കണം. ജനവികാരമോ പ്രതിഷേധമോ പരിഗണിക്കില്ലെന്ന നിലപാടു ജനാധിപത്യവിരുദ്ധമാണ്. റേഡിയോപോലെ പറയുന്നത് ഇങ്ങോട്ടു കേൾക്കാം മറുപടി പറയാനാവില്ല എന്ന സമീപനം ശരിയല്ല. ഇതു ജനാധിപത്യവിരുദ്ധവും ജനവിരുദ്ധവുമാണ്. തിടുക്കപ്പെട്ട് ഇത്തരത്തിൽ ഓർഡിനൻസ് കൊണ്ടുവരാനുള്ള കാരണം വ്യക്തമായി മനസ്സിലാക്കിത്തന്നെയാണു പ്രതിപക്ഷവും ഭരണമുന്നണിയിലെ രണ്ടാമത്തെ വലിയ കക്ഷിയായ സി.പി.ഐയും പ്രതികരിച്ചിട്ടുള്ളത്.

ഇടതുപക്ഷ ദേശീയനേതൃത്വം കാഴ്ചക്കാരുടെ റോളിലേക്കു മാറാതെ ആർജവത്തോടെ പ്രതികരിക്കാൻ തയ്യാറാകണം. കർണാടക ലോകായുക്ത വിധിയെത്തുടർന്ന് മുഖ്യമന്ത്രി യദിയൂരപ്പയെ ജയിലിലടച്ചപ്പോൾ അതു സ്വാഗതം ചെയ്തയാളാണ് പിണറായി വിജയൻ. ഒരു പടികൂടി കടന്ന്, ദേശീയതലത്തിൽ ലോക്പാൽ നിയമപരിധിയിൽ പ്രധാനമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമെന്നു വാദിച്ചയാളുമാണ് അദ്ദേഹം. ലോക്പാൽ പരിധിയിൽ പ്രധാനമന്ത്രി വരുന്നതിൽ ഭയമുള്ളതിനാലാണ് അതിൽനിന്നൊഴിവാകാൻ ശ്രമിക്കുന്നതെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. ഇതിനു നേരേ വിപരീതനിലപാടുമായി വരുമ്പോൾ കാരണമെന്തെന്നു ജനങ്ങൾക്കു ബോധ്യമാകുന്നതാണ്. 2019 ൽ സി.പി.എം. ഔദ്യോഗികജിഹ്വയായ ചിന്ത വാരികയിൽ പിണറായി പറഞ്ഞത്, ഓംബുഡ്സ്മാൻ കുരയ്ക്കുന്ന ഒരു നായ മാത്രമാണ്, ലോകായുക്ത അങ്ങനെയല്ലെന്നാണ്. പുതിയ ഓർഡിനൻസിലൂടെ കേരള ലോകായുക്തയെ കുരയ്ക്കാൻ പോലും കെല്പില്ലാത്ത നിലയിൽ നിർവീര്യമാക്കാനാണു ശ്രമം. ഇപ്പോൾ നിർവീര്യമാക്കാൻ ശ്രമിക്കുന്ന വകുപ്പുകൾ നിയമസഭ മുമ്പു വിശദമായി ചർച്ച ചെയ്തു തള്ളിക്കളഞ്ഞതാണെന്ന കാര്യം പിണറായും കോടിയേരിയും സൗകര്യപൂർവം വിസ്മരിക്കുകയാണ്.

ലോകായുക്തനിയമത്തിൽ ഭേദഗതികൊണ്ടുവരാനുള്ള ഓർഡിനൻസ് നീക്കം മുഖ്യമന്ത്രിയെ കേസുകളിൽനിന്നു രക്ഷപ്പെടുത്താനാണെന്നു പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ കുറ്റപ്പെടുത്തുന്നു. അടുത്തനാളിൽ മുഖ്യമന്ത്രിക്കും ഉന്നതവിദ്യാഭ്യാസമന്ത്രിക്കുമെതിരായുണ്ടായ കേസുകൾ ലോകായുക്തയ്ക്കുമുമ്പിൽ വരുന്നതാണ്, ഇത്തരമൊരു ഓർഡിനൻസിനു പിന്നിലെന്ന് അദ്ദേഹം പറയുന്നു. മുഖ്യമന്ത്രിക്കെതിരേ കേസുവന്നപ്പോൾ മാത്രമാണ് 22 വർഷമായി സി.പി.എം. പറയാത്ത ലോകായുക്ത നിയമത്തിനു ഭരണഘടനാവിരുദ്ധത പറയുന്നത്. എന്തും ചെയ്യാമെന്ന പ്രഖ്യാപനമാണ് നിയമഭേദഗതി നീക്കമെന്നാണ് അദ്ദേഹം പറയുന്നത്.

എന്തെല്ലാം ന്യായീകരണങ്ങൾ ഉയർത്തിയാലും ജനങ്ങൾക്കു സ്വീകാര്യമായ നീക്കമല്ല ഇത്. പൊതുപ്രവർത്തകരുടെ അഴിമതിയും സ്വജനപക്ഷപാതവും ഭരണത്തലപ്പത്തെ ഉന്നതരുടെ നിയമവാഴ്ചയ്ക്കു നിരക്കാത്ത വഴിവിട്ട നടപടികളും തെളിവുകളുടെ പിൻബലത്തിൽ പരിശോധിച്ചു മേൽനടപടികൾക്ക് ഉത്തരവിടാനുള്ള അവകാശം ഇല്ലാതാക്കാനുള്ള നീക്കം അനുവദിക്കാനാവില്ല. മൊറാർജി ദേശായി ഭരണപരിഷ്കാരക്കമ്മീഷനാണ് അഴിമതിവിരുദ്ധ ഓംബുഡ്സ്മാൻ സംവിധാനം സംസ്ഥാനങ്ങളിൽ രൂപീകരിക്കണമെന്ന നിർദേശം മുന്നോട്ടുവച്ചത്. നാലു പതിറ്റാണ്ടിലേറെക്കഴിഞ്ഞാണ് ദേശീയതലത്തിൽ ലോക്പാൽ നിയമം കൊണ്ടുവരുന്നത്. മഹാരാഷ്ട്ര, കേരളം, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ശക്തമായ അധികാരാവകാശങ്ങളുള്ള ലോകായുക്തസംവിധാനം നിലവിൽ വന്നിരുന്നു. 1966 ലെ മൊറാർജി ഭരണപരിഷ്കാരക്കമ്മീഷൻ ശുപാർശകളോടു നീതിപുലർത്തുന്ന തരത്തിൽ കേരള ലോകായുക്ത നടപ്പാക്കുന്നത് 1996 ലെ ഇ.കെ. നായനാർ സർക്കാരിന്റെ കാലത്താണ്. ലോകായുക്തയുടെ അധികാരം കവരാൻ ശ്രമിക്കുന്ന പിണറായി വിജയൻ അന്നത്തെ നായനാർ മന്ത്രിസഭയിൽ അംഗമായിരുന്നു എന്ന വസ്തുത വിസ്മരിച്ചുകൂടാ. അഴിമതിവിരുദ്ധമായ പ്രതിച്ഛായയുണ്ടാക്കി ജനവിശ്വാസം നേടി അധികാരത്തിൽ വരുകയും കിട്ടുന്ന അവസരങ്ങളിൽ അഴിമതിയുടെ ചെളിക്കുണ്ടിൽ പതിക്കുകയും ചെയ്യുന്ന രാഷ്ട്രീയനേതാക്കളുടെ കപടമുഖമാണിപ്പോൾ മുഖംമൂടി മാറ്റി പുറത്തുവരുന്നത്. മുഖ്യമന്ത്രിയും സ്പീക്കറും പ്രതിപക്ഷനേതാവും ചേർന്ന സമിതിയുടെ ശുപാർശപ്രകാരം നിയമിതമാകുന്ന ലോകായുക്ത ജനതാത്പര്യസംരക്ഷണത്തിന് ആശ്രയിക്കാവുന്ന സ്ഥാപനമാണ്. സുപ്രീം കോടതി ജഡ്ജി, ഹൈക്കോടതി ജഡ്ജി സ്ഥാനങ്ങളിൽനിന്നു വിരമിച്ചവർ ഉൾപ്പെട്ട ലോകായുക്തയ്ക്ക് കുറ്റക്കാരായി കണ്ടെത്തുന്നവരെ അധികാരസ്ഥാനത്തുനിന്നു നീക്കാൻ ഉത്തരവിടാൻ അധികാരമുണ്ട്. കെ.ടി. ജലീലിന് മന്ത്രിസ്ഥാനം നഷ്ടപ്പെടുന്നത് അങ്ങനെയാണ്. അത്തരം ഡമോക്ലിസിന്റെ വാൾ തങ്ങളുടെ തലയ്ക്കുമീതെ തൂങ്ങിക്കിടക്കുന്നതായി പേടിക്കുന്നവർ, അവസാനകച്ചിത്തുരുമ്പായി ഇങ്ങനെയൊരു ഓർഡിനൻസിനു നീക്കം നടത്തുകയാണ്. വിരമിച്ച സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റീസോ ലോകായുക്ത അധ്യക്ഷസ്ഥാനത്തിരിക്കണമെന്ന നിയമം ഭേദഗതി ചെയ്ത് ഹൈക്കോടതിയിൽനിന്നു വിരമിച്ച ഏതെങ്കിലും ജഡ്ജിയെ അധ്യക്ഷസ്ഥാനത്തേക്കു കൊണ്ടുവരാമെന്ന ഭേദഗതിനീക്കവും അപകടകരമാണ്.

മനുഷ്യാവകാശക്കമ്മീഷൻ, ബാലാവകാശക്കമ്മീഷൻ, വനിതാക്കമ്മീഷൻ എന്നിവയെപ്പോലെ തങ്ങളുടെ ചിറകിനടിയിലൊതുങ്ങുന്ന ഒരു സംവിധാനമാക്കി കേരള ലോകായുക്തയെ മാറ്റാനുള്ള നീക്കം ഒരിക്കലും അനുവദിക്കാവുന്നതല്ല. ഇക്കാര്യത്തിൽ സി.പി.ഐ. ഉറച്ച നിലപാടെടുക്കണം. ഗവർണർ നിയമപരിപാലനത്തിൽ ഉയർത്തുന്ന സംശയങ്ങൾ ജനങ്ങൾക്കുമുമ്പിലും ഉയർന്നുവരുന്നതാണ്. ഇക്കാര്യത്തിൽ ഗവർണർ ഉറച്ച നിലപാടു സ്വീകരിക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. നിയമവാഴ്ച നിലനിർത്തേണ്ടത് ആരുടെയെങ്കിലും ഔദാര്യത്തിലാകരുത്. തങ്ങൾക്കുനേരേ നീളുന്ന കരങ്ങൾ മുറിച്ചുമാറ്റാനും വാദങ്ങളുന്നയിക്കുന്ന നാവ് അരിയാനും നടക്കുന്ന നീക്കത്തിനതിരേ രാഷ്ട്രീയനിലപാടു നോക്കാതെ ഒരുമിച്ചുനിൽക്കാൻ രാഷ്ട്രീയപ്പാർട്ടികൾക്കു കഴിയണം.

■




ഇലയ്ക്കും തണ്ടിനും പുളിരസമുള്ള ഔഷധച്ചെടിയാണ് പുളിയാറൽ. വിറ്റാമിനുകളായ 'സി'യും 'ബി'യും ഇതിൽ അടങ്ങിയിട്ടുണ്ട്. ദഹനശക്തി വർധിപ്പിക്കുക, രുചിയുണർത്തുക എന്നിവയ്ക്കുപുറമേ കുടൽപ്പുണ്ണ്, ഗ്രഹണി, അർശസ്, രക്താതിസാരം, കരൾരോഗങ്ങൾ, അലർജി, ഗർഭാശയരോഗങ്ങൾ ഇവയ്ക്കു ഫലപ്രദമാണ് പുളിയാറൽ. പനി, തൊണ്ടവേദന, ആമാശയരോഗങ്ങൾ, കുടൽരോഗങ്ങൾ തുടങ്ങിയവ ശമിപ്പിക്കുന്ന ഇവ ദഹനശക്തി വർധിപ്പിക്കാനും ഉത്തമമാണ്.

പുളിയാറൽ തനിച്ചും മറ്റു മരുന്നുകളോടു ചേർത്തും ഉപയോഗിച്ചുവരുന്നു. മഞ്ഞനിറമുള്ള ചെറിയ പൂക്കളാണ് പുളിയാറലിന്റേത്. ഇലകൾ ഹൃദയാകൃതിയിൽ മൂന്നായി പിരിഞ്ഞുകാണുന്നു. പുളിരസമുള്ളതിനാൽ അമ്ളിക, അമ്ലപത്രക എന്നീ പേരുകൾകൂടി പുളിയാറലിനുണ്ട്.

നമ്മുടെ പറമ്പിലും മറ്റും വളർന്നുകാണുന്ന ഇവ പഴയ കാലങ്ങളിൽ കൂടുതലായി ഉപയോഗിച്ചിരുന്നു. ഒട്ടേറെ ഔഷധഗുണങ്ങൾ നിറഞ്ഞ പുളിയാറലിന് നമ്മുടെ കൃഷിയിടത്തിലും സ്ഥാനം നൽകേണ്ടതാണ്.





*നോവലിസ്റ്റ്*

*11-ാം പേജ് തുടർച്ച*

ജോസഫിന് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അയാൾ അമ്പരപ്പോടെ സനലിനെ നോക്കി. സനൽ അയാളെ നോക്കി പുഞ്ചിരിച്ചു.

"എന്റെ കർത്താവേ," ജോസഫ് നെഞ്ചിൽ കൈവച്ചു. ഈ വീട് വീണ്ടും വീടാവുകയാണോ?

സനൽ അടുക്കളയിലേക്കു ചെന്നു. അപ്പച്ചനു കാപ്പിയിടണം. ഗ്യാസ് സ്റ്റൗ ഓൺ ചെയ്തപ്പോൾ അതു കത്തുന്നില്ല. സിലിണ്ടർ കുലുക്കി നോക്കി. അതു കാലിയായെന്നു സനലിനു മനസ്സിലായി. മുമ്പ് സുമനായിരുന്നു ഗ്യാസ് സിലിണ്ടർ കണക്ട് ചെയ്തുകൊടുത്തിരുന്നത്. ആദ്യമായി അവനെ അക്കാര്യത്തിനു വേണ്ടി വിളിച്ചത് സനൽ ഓർമിച്ചു. അവിടം മുതൽക്കായിരുന്നില്ലേ വ്യക്തിയെന്ന നിലയിലുള്ള തന്റെ അധഃപതനം ആരംഭിച്ചത്? എന്തു ചെയ്യണമെന്നറിയാതെ സനൽ ഒരു നിമിഷം നിന്നു.

"ഇത് അത്ര സംഭവമൊന്നുമല്ല സനൽ. ഒരു തഞ്ചത്തിന് അങ്ങ് ചെയ്താൽ മതി." സ്മിത പണ്ടു പറയാറുണ്ടായിരുന്നത് സനലിന്റെ ഓർമയിലെത്തി. അവൾ ചെയ്യാറുണ്ടായിരുന്നതിന്റെ രംഗങ്ങൾ സനലിന്റെ മനസ്സിലേക്കെത്തി. പുതിയൊരു ഊർജം ഉള്ളിൽ നിറഞ്ഞതുപോലെ. സനൽ ഫിൽ ചെയ്തു വച്ചിരുന്ന സിലിണ്ടർ പുറത്തേക്കെടുത്തു. കാലിയായ സിലിണ്ടറിന്റെ റെഗുലേറ്റർ എടുത്തുമാറ്റി. അത് പുതിയ സിലിണ്ടറിൽ ഘടിപ്പിച്ചു. അപ്പോഴൊക്കെ സ്മിത തനിക്ക് നിർദേശം നല്കിക്കൊണ്ടിരിക്കുന്നതുപോലെയുള്ള അനുഭവമാണ് സനലിനുണ്ടായത്. ഇത്രയേയുള്ളൂ കാര്യം. സിലിണ്ടർ മാറ്റിപ്പിടിപ്പിച്ചതിനുശേഷം സ്റ്റൗ കത്തിക്കുമ്പോൾ സനൽ തന്നോടുതന്നെ പറഞ്ഞു. അയാളുടെ ഉള്ളിലേക്ക് ആത്മവിശ്വാസത്തിന്റെ പുതിയൊരു കാറ്റ് വീശിയെത്തുകയായിരുന്നു. അതൊരു തുടക്കമാവുകയായിരുന്നു.

*** *** ***

"ചേച്ചീ," ബെഞ്ചമിൻ അങ്ങനെ വിളിച്ചുകൊണ്ട് ദയയുടെ അടുക്കലേക്ക് ഓടിച്ചെന്നു.

ദയ സോജന്റെ ഹോട്ടലിലെ ടേബിൾ വൃത്തിയാക്കുകയായിരുന്നു. സമയം ഉച്ച കഴിഞ്ഞിരുന്നു. ഊണിന്റെ തിരക്ക് ഏറെക്കുറെ അവസാനിച്ചിരിക്കുന്നു.

"എന്താ മോനേ?"

"പപ്പ" ബെഞ്ചമിൻ മറുപടി നല്കി.

ദയയ്ക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾ നോക്കുമ്പോൾ ഹോട്ടലിന്റെ കവാടത്തിൽ സനൽ. കൗണ്ടറിലിരുന്ന് പണം എണ്ണിത്തിട്ടപ്പെടുത്തുകയായിരുന്ന സോജൻ സനലിനെ കണ്ടിരുന്നില്ല. ടേബിൾ തുടച്ചുകൊണ്ടിരുന്ന ദയ തുണി അവിടെയിട്ടിട്ട് സനലിന്റെ അടുക്കലേക്ക് ഓടിച്ചെന്നു.

"പപ്പാ," ദയയുടെ വിളി കേട്ടാണ് സോജൻ തല ഉയർത്തി നോക്കിയത്. അയാൾ സനലിനെ കണ്ടു. വല്ലാത്തൊരു ജാള്യത അയാളുടെ മുഖത്തുണ്ടായി. പക്ഷേ, സനൽ അതൊന്നും ശ്രദ്ധിച്ചതേയില്ല. അയാളുടെ മുഴുവൻ നോട്ടവും തന്റെ മക്കളിലായിരുന്നു. എത്രയോ നാളുകൾക്കു ശേഷം. എന്റെ മക്കൾ. അയാളുടെ കണ്ണുനിറഞ്ഞു.

"പപ്പാ," ദയ കരഞ്ഞുകൊണ്ട് വിളിച്ചു.

"എന്റെ മോളേ," അയാൾ അവളെ വാരിപ്പുണർന്നു. മറുകരംകൊണ്ട് ബെഞ്ചമിനെയും.

"പാതിപ്പണി ഇവിടെയിട്ടിട്ട് നീയെവിടെപ്പോയതാ കൊച്ചേ? പാത്രം കഴുകാൻ കിടക്കുന്ന കാര്യം നിനക്കറിയില്ലേ?" ഷീബ ഉറക്കെ സംസാരിച്ചുകൊണ്ട് അവിടേക്കു വന്നത് അപ്പോഴായിരുന്നു. സനലിനെ അപ്രതീക്ഷിതമായി കണ്ടപ്പോൾ അവളും വല്ലാതെയായി. സനൽ വരുമെന്ന് അവർ ഇരുവരും പ്രതീക്ഷിച്ചിരുന്നതേയില്ല.

"ഇന്ന് ക്ലാസില്ലാത്തോണ്ട്. ഹോട്ടലിലെ ഹെൽപ്പറ് ഇല്ലാത്തോണ്ട്." സോജൻ വിശദീകരിക്കുംപോലെ സനലിനോടു പറഞ്ഞു.

"ഉം," ഒട്ടും എതിർപ്പോ പിണക്കമോ ഇല്ലാതെ സനൽ തലയാട്ടി. അയാൾ ദയയുടെ കരം പിടിച്ചു നിവർത്തിനോക്കി. അത് പരുക്കനായതായി അയാൾക്കു മനസ്സിലായി. സനലിന്റെ കണ്ണുനിറഞ്ഞു. അപ്പൻ നോക്കുന്നതിനെക്കാളും നന്നായി നോക്കാമെന്നു പറഞ്ഞു കൊണ്ടുപോയിട്ട്. സങ്കടം വന്ന് സനലിന്റെ ചങ്കു നിറഞ്ഞു.

"നമുക്ക് വീട്ടിൽ പോകാം." സനൽ അത്രയുമേ പറഞ്ഞുള്ളൂ. ദയയുടെയും ബെഞ്ചമിന്റെയും കണ്ണുകളിലെ തിളക്കം സനൽ കണ്ടു. സോജനും ഷീബയും ഒരു വാക്കുപോലും പറയാതെ നിശ്ചലരായി നിന്നു.

*** *** ***

സനൽ ദയയെയും ബെഞ്ചമിനെയും കൂട്ടി നേരേ പോയത് സ്മിതയുടെ കല്ലറയ്ക്കരികിലേക്കാണ്. അവിടെ അവർ തിരികൾ കൊളുത്തി, പൂക്കൾ സമർപ്പിച്ചു.

"സ്മിതേ, സ്വപ്നത്തിലൂടെയെങ്കിലും നീയെന്നെ വഴക്കുപറയാൻ വൈകിയതെന്തേ? നീയെന്നെ ശാസിക്കാതിരുന്നതെന്തേ? ഇനി ഞാൻ പഴയതുപോലെ എന്നു പറയുന്നില്ല. അതിനെക്കാൾ നല്ല സനലായിരിക്കും. നമ്മുടെ മക്കളെ നീ ആഗ്രഹിക്കുംപോലെ പരിപാലിക്കുന്ന നല്ലൊരു പപ്പയായിരിക്കും. ഇതെന്റെ ഉറപ്പ്."

സനൽ സ്മിതയുടെ കല്ലറയ്ക്കൽ മുട്ടുകുത്തി നിന്നു പറഞ്ഞു.

"നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും. ഒന്നുകൊണ്ടും പേടിക്കണ്ട. സനലിന് എല്ലാം കഴിയും, എല്ലാം." സ്മിതയുടെ വാക്കുകൾ സനൽ കേട്ടു.

"നമ്മുടെ പൊന്നുമക്കൾക്ക് അപ്പനായും അമ്മയായും സനൽ മാത്രമേയുള്ളൂ. അവരെ ഇനി യാർക്കും വിട്ടുകൊടുക്കരുത്." സ്മിത വീണ്ടും പറഞ്ഞു.

"ഇല്ല." സനൽ ആ കല്ലറയ്ക്കു നേരേ കരം ചേർത്ത് വാക്കു നല്കി.

സന്ധ്യയായിരുന്നു സനലും കുട്ടികളും വീട്ടിലെത്തിയപ്പോൾ. അവരെ കാത്ത് സുമൻ വരാന്തയിലുണ്ടായിരുന്നു.

"ഞാൻ പലതവണ സാറിനെ വിളിച്ചായിരുന്നല്ലോ. എന്നിട്ടെന്താ സാറ് ഫോണെടുക്കാതിരുന്നത്."

സനലിനെ കണ്ടപ്പോൾ സുമൻ ചോദിച്ചു. സുമനെ കണ്ടതേ ദയയുടെ മുഖം മങ്ങി. പപ്പ വീണ്ടും സുമനങ്കിളുമായി ചേർന്നു മദ്യപിക്കുമോ? അതായിരുന്നു അവളുടെ ആശങ്ക.

"അതുശരി, കുട്ടികളെ കൂട്ടിക്കൊണ്ടുവരാൻ പോയതായിരുന്നോ? അതു നല്ല കാര്യം. സാറ് വേഗം പോയി ഡ്രസ് മാറിയിട്ടു വാ. നമുക്കൊന്നു കൂടാം, ഒരാഴ്ചയായി ഞാനിവിടെയില്ലാത്തോണ്ട് സാറിനൊരു കമ്പനി കിട്ടിക്കാണില്ലെന്ന് എനിക്കറിയാം."

"സുമൻ," സനൽ സുമന്റെ തോളത്ത് കൈചേർത്തുകൊണ്ട് പറഞ്ഞു:

"ഇനി മദ്യപിക്കാനായി സുമൻ ഇവിടെ വരരുത്. കഴിഞ്ഞതെല്ലാം കഴിഞ്ഞു. അതിനു ഞാനാരെയും കുറ്റം പറയുന്നില്ല, എന്നെയല്ലാതെ. പക്ഷേ, ഇനി അതുണ്ടാവില്ല."

സുമൻ അവിശ്വസനീയതയോടെ സനലിനെ നോക്കി.

"നഷ്ടങ്ങളുണ്ടായെന്ന് എനിക്കറിയാം. പക്ഷേ, ഞാൻ അതേക്കുറിച്ചു ചിന്തിക്കുന്നില്ല. നാളെ മുതൽ സ്കൂളിൽ വരാൻ അച്ചന്മാർ പറഞ്ഞിട്ടുണ്ട്. സ്മിതയും അമ്മച്ചിയും ഇല്ലെങ്കിലും ഞങ്ങൾക്കു ജീവിക്കണം സുമൻ. കരഞ്ഞും മദ്യപിച്ചും നിരാശപ്പെട്ടും കഴിയാൻ ഇനി എന്നെക്കിട്ടില്ല. പലതും ഞാൻ പഠിച്ചുവരുന്നതേയുള്ളൂ. പക്ഷേ, പഠിക്കും. എത്ര തവണ വീണിട്ടാണ് ഒരു കുഞ്ഞ് എണീറ്റുനടക്കുന്നത്. അതുപോലെയാ ഞാനും."

"സാറ് ഏതെങ്കിലും ധ്യാനകേന്ദ്രത്തിൽ പോയാരുന്നോ. ഏതാ സാറേ ആ ധ്യാനകേന്ദ്രം? എനിക്കുംകൂടി ഒന്ന് പോയാലോയെന്ന് ഒരാലോചന." സുമൻ പറഞ്ഞു.

"മനസ്സാണ് ഏറ്റവും വലിയ ധ്യാനകേന്ദ്രം. മനസ്സാക്ഷിയാണ് ഏറ്റവും വലിയ ആത്മീയഗുരു. നമ്മൾ നമ്മെത്തന്നെ ധ്യാനിച്ചു കഴിയുമ്പോൾ തിരുത്താനും മുന്നോട്ടുപോകാനും ഉള്ള ശക്തിയും കഴിവും കിട്ടും.

സനൽ അതു പറഞ്ഞിട്ട് ദയയുടെയും ബെഞ്ചമിന്റെയും കൈയ്ക്കു പിടിച്ച് വരാന്തയിലേക്കു കയറി. വാതിൽക്കലായി അമ്മച്ചിയും സ്മിതയും നില്ക്കുന്നതുപോലെയും അവർ തങ്ങളെ സ്വാഗതം ചെയ്യുന്നതുപോലെയും സനലിനു തോന്നി. അവരെ നോക്കി ചിരിച്ചുകൊണ്ട് ഒരു ഗൃഹപ്രവേശനമെന്നോണം സനൽ അകത്തേക്കു പ്രവേശിച്ചു. അപ്പോൾ ഒരു കാറ്റ് അവരെ കടന്നുപോയി. സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും പരാഗങ്ങൾ നിറഞ്ഞ കാറ്റായിരുന്നു അത്. *(അവസാനിച്ചു)*

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# നിർണയവും നിർണയനവും



നിർണയവും നിർണയനവും രണ്ടാണെന്നു പലർക്കുമറിഞ്ഞുകൂടാ. അവർ രണ്ടിടത്തും നിർണയം പ്രയോഗിക്കുന്നു. നിർ + നയം = നിർണ്ണയം. "ഋഷരേഫങ്ങൾക്കു പിന്നിൽ നാവു ണാവായ്ച്ചമഞ്ഞിടും" * എന്ന നിയമപ്രകാരം നിർ + നയം, നിർണയം എന്നാകുന്നു. "ബുദ്ധിയുടെ മറുകരയെ നല്ലവണ്ണം നയിക്കുന്നത് നിർണയം" ** തീർച്ച എന്നാണ് ഈ പദത്തിന്റെ പ്രസിദ്ധമായ അർത്ഥം. "സ്വർണവർണമരയന്നം മഞ്ജുനാദമിതു നിർണ്ണയമെനിക്കിണങ്ങുമെന്നു തോന്നും" *** (നളചരിതം ആട്ടക്കഥ ഒന്നാം ദിവസം) എന്നിടത്തെ നിർണയത്തിനു തീർച്ചയായിട്ട് എന്നാണല്ലോ വിവക്ഷിതം. ഉറപ്പ് എന്നും നിർണയത്തിന് അർഥമുണ്ട്. 'എന്തു ത്യാഗം സഹിച്ചും പരീക്ഷയിൽ വിജയം നേടുമെന്നു നിർണ്ണയം' എന്ന വാക്യത്തിലെ നിർണയംകൊണ്ട് ഉറപ്പുനൽകലാണല്ലോ ഉദ്ദിഷ്ടം.

തീരുമാനമാണ് നിർണയമെങ്കിൽ, തീരുമാനിക്കലാണ് നിർണയനം. നിർ + നയനം = നിർണയനം. അതായത്, നിർണയിക്കുന്ന പ്രവൃത്തിയെ നിർണയനം കുറിക്കുന്നു. തീർച്ചയാക്കൽ, നിശ്ചയിക്കൽ, തിട്ടംവരുത്തൽ (ascertainment, determining) എന്നീ വിവക്ഷിതങ്ങളിലാണ് നിർണയനം പ്രയോഗിക്കേണ്ടത്. വൈയാകരണന്റെ ഭാഷയിൽ പറഞ്ഞാൽ, നിർണയം കേവലനാമവും നിർണയനം കേവലക്രിയാനാമവുമാണ്. ആകയാൽ, നിർണയനം വേണ്ടിടത്ത് നിർണയം പ്രയോഗിച്ചാൽ അർത്ഥവിപര്യയം ഉണ്ടാകാം. രോഗനിർണയം – രോഗനിർണയനം; മൂല്യനിർണയം – മൂല്യനിർണയനം; സ്ഥാനാർത്ഥിനിർണയം – സ്ഥാനാർത്ഥിനിനിർണയനം; പൗരത്വനിർണയം – പൗരത്വനിർണയനം; മണ്ഡലനിർണയം – മണ്ഡലനിർണയനം – ഇവ തമ്മിലുള്ള അർഥവ്യത്യാസം ശ്രദ്ധിക്കുക. കൊവിഡുനിർണയം എന്നു പറഞ്ഞാൽ അവിടെയുള്ളവർക്ക് അഥവാ അവിടെ ചെല്ലുന്നവർക്ക് കൊവിഡ് തീർച്ച എന്ന സൂചന വരാം. പകരം കൊവിഡ് ഉണ്ടോ എന്നു തിട്ടപ്പെടുത്തുന്നതിന് കൊവിഡു നിർണയനം എന്നായാൽ നന്നായി.

നിർ + നോദം = നിർണോദം (നിർണോധം തെറ്റ്) ആകുന്നതും മേൽസൂചിപ്പിച്ച നിയമപ്രകാരമാണ്. നിർണോദത്തിന് ഓടിക്കൽ, ബഹിഷ്കരിക്കൽ എന്നൊക്കെയാണ് അർഥം. ചുരുക്കത്തിൽ, നിർണയം വേറേ നിർണയനം വേറേ എന്നു മനസ്സിലാക്കണം.

* ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം 347

** ശാസ്ത്രി, എം. എച്ച്., നളചരിതം ആട്ടക്കഥ (വ്യാഖ്യാനം) രസികകൗതുകം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1991, പുറം –110.

*** പരമേശ്വരൻ മൂസ്സത്, അമരകോശം (പരമേശ്വരീ), എൻ.ബി.എസ്., കോട്ടയം, 2013, പുറം – 136



സിനിമ

# മേപ്പടിയാൻ



വിനീഷ് പി.പി.



നവാഗതനായ വിഷ്ണു മോഹൻ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്ന സിനിമയാണ് മേപ്പടിയാൻ. ഉണ്ണിമുകുന്ദനാണ് നായകൻ. ഒരു സ്ഥലക്കച്ചവടവുമായി ബന്ധപ്പെട്ട് നായകനുണ്ടാവുന്ന പ്രതിസന്ധികളും അയാൾ അവയെ വിജയകരമായി തരണം ചെയ്യുന്നതുമാണ് സിനിമയുടെ പ്രമേയം.

ഈരാറ്റുപേട്ടയിൽ വർക് ഷോപ്പ് നടത്തുന്ന ജയകൃഷ്ണൻ പെങ്ങൾക്കുവേണ്ടി സ്ഥലം വാങ്ങുന്നതിനാണ് തന്റെ സുഹൃത്തും ജീവിതത്തോടു യാതൊരു പ്രതിബദ്ധതയുമില്ലാത്തവനുമായ ഫിലിപ്പോസ് വർക്കിയെയും (സൈജു കുറുപ്പ്)കൂട്ടി ഇറങ്ങിത്തിരിക്കുന്നത്. ജങ്ഷനിലെ കണ്ണായ 54 സെന്റിൽനിന്ന് പത്തു സെന്റ് വാങ്ങാൻ അവർ തീരുമാനിക്കുന്നു. മകളുടെ കല്യാണത്തിന് ഈ സ്ഥലം വിറ്റു കിട്ടുന്ന പണം ഉപയോഗിക്കാമെന്ന ജയകൃഷ്ണന്റെയും ഫിലിപ്പോസിന്റെയും ഉറപ്പിന്മേൽ സ്ഥലമുടമയും ഭാര്യയും (കുണ്ടറ ജോണി, നിഷ സാരംഗ്) കല്യാണത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. എന്നാൽ, ഫിലിപ്പോസ് കൃത്യസമയത്തു പണം നല്കാമെന്ന വാക്കു പാലിക്കുന്നില്ല. മേൽപ്പറഞ്ഞ തുക സംഘടിപ്പിക്കുന്നതിനിടയിൽ നായകൻ നേരിടുന്ന തിരിച്ചടികളും അത്തരം സന്ദർഭങ്ങളെ അയാൾ അതിജീവിക്കുന്നതും ആപത്ഘട്ടങ്ങളിൽ കൈയൊഴിയുകയോ തന്റെ നിസ്സഹായതമുതലാക്കുകയോ ചെയ്തവരോടു വളരെ തന്ത്രപരമായി പ്രതികാരം ചെയ്തുകൊണ്ട് നിഷ്കളങ്കനായ നായകനിൽനിന്നു തന്ത്രേടിയായ നായകനായി മാറുന്നതുമാണ് സിനിമയുടെ ഇതിവൃത്തം.

ഉണ്ണി മുകുന്ദൻ അവതരിപ്പിക്കുന്ന ജയകൃഷ്ണൻ എന്ന കഥാപാത്രം, മലയാള സിനിമ കാലാകാലങ്ങളായി തുടർന്നു വരുന്ന (ഈ അടുത്ത കാലത്ത് ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്) സർവംസഹനോ നിഷ്കളങ്കനോ നന്മ നിറഞ്ഞവനോ ആയ നായകനോടു വളരെയധികം സാമ്യം തോന്നുന്ന ഒരു കഥാപാത്രമാണ്. പ്രതിസന്ധികളിൽ തളർന്നുവെന്നും പരാജയപ്പെട്ടു പോകുമെന്നും കരുതുന്നിടത്തുനിന്ന് ഉയിർത്തെഴുന്നേല്ക്കുന്ന പരമ്പരാഗതനായകനാണ് അയാൾ.

ജയകൃഷ്ണന്റെ സുഹൃത്തായ ഫിലിപ്പോസ് വർക്കിയായി സൈജു കുറുപ്പ് മികവാർന്നതും സ്വതഃസിദ്ധവുമായ അഭിനയത്താൽ പ്രേക്ഷകരുടെ ശ്രദ്ധ നേടുന്നു. അലസതയും ധാരാളിത്തവും ഒത്തുചേരുന്ന ഒരു വ്യക്തിയുടെ പെരുമാറ്റരീതികൾ വളരെ കൃത്യമായാണ് സൈജു കുറുപ്പ് അവതരിപ്പിച്ചിരിക്കുന്നത്. സിനിമയുടെ പല ഘട്ടങ്ങളിലും നമുക്ക് ആ പ്രകടനങ്ങൾ കാണാവുന്നതാണ്. ഷേവ് ചെയ്തുകൊണ്ടിരിക്കുന്ന ബംഗാളിപ്പയ്യനോട് നമുക്ക് ടൗണിൽ പുതിയ ബാർബർ ഷോപ്പ് ആരംഭിക്കാമെന്നും ഫണ്ട് ഞാൻ ഏറ്റുവെന്നും വളരെ തന്മയത്വമായും വിശ്വസനീയമായും പറഞ്ഞു ഫലിപ്പിക്കുമ്പോൾ, നമ്മുടെ നിത്യജീവിതത്തിൽ എപ്പോഴെങ്കിലും കണ്ടുമുട്ടാറുള്ള, കൈയിൽ ഒരു നയാപൈസപോലുമില്ലെങ്കിലും വലിയ വർത്തമാനങ്ങൾ പറഞ്ഞ് മറ്റുള്ളവരെ കുഴിയിൽ വീഴ്ത്തുന്ന കൗശലക്കാരനായ ഒരാളെ ഓർമ വരും.

മലയാളസിനിമയിലെ കൂടുതൽ നായികമാരും നായകനോടൊപ്പം പാട്ടുരംഗങ്ങളിലെ പ്രകടനത്തിനും പ്രേമസല്ലാപങ്ങൾക്കും മാത്രമുള്ളതാണെന്ന് മേപ്പടിയാനിലെ നായികയും ശരിവയ്ക്കുന്നു. നായകൻ അനുഭവിക്കുന്ന മാനസിക, സാഹചര്യ സമ്മർദങ്ങളുടെ ഒരു ഘട്ടത്തിലും നായിക പങ്കാളിയാകുന്നില്ല എന്നുമാത്രമല്ല കഥയുടെ ഒരു നിശ്ചിതഘട്ടത്തിൽ നായിക ജയകൃഷ്ണനെ പിരിഞ്ഞുപോകുന്നുമുണ്ട്. പെയ്തുകൊണ്ടിരിക്കുന്ന മഴയിൽ നായകനെ നിർത്തി, കുട ചൂടി പോകുന്ന നായികയെ കാണുമ്പോൾ അവർ തമ്മിലുള്ള ബന്ധം മുറിഞ്ഞതായി നാം കരുതുന്നു. എന്നാൽ, സിനിമയുടെ അവസാനഭാഗത്ത് നായിക പ്രത്യക്ഷപ്പെടുന്നുമുണ്ട്.

നായകന്റെ വീരത്വത്തിന് അലങ്കാരങ്ങൾ ചാർത്തുന്നവയാണ് വില്ലന്റെ ചതികൾ, കുത്സിത പ്രവൃത്തികൾ, അധാർമികതകൾ, ക്രൂരതകൾ എന്നിവയെല്ലാം. തീർത്തും വില്ലനല്ലെങ്കിലും നായകന്റെ നിസ്സഹായതയെ മുതലെടുക്കുന്ന, മതശാസനകൾ തെല്ലും തെറ്റിക്കാത്ത, ലാഭേച്ഛ മാത്രം മനസ്സിൽ കാണുന്ന ഒരു എതിരാളിയായി ഇന്ദ്രൻസ് തന്റെ വേഷം മനോഹരമാക്കിയിരിക്കുന്നു. കൂടാതെ, സബ് ഇൻസ്പെക്ടറായി വരുന്ന ശ്രീജിത്ത് രവിയും കുണ്ടറ ജോണി, നിഷ സാരംഗ് എന്നിവരും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.

**സിനിമ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം**

കലകളിൽ ഏറ്റവും മഹത്തരമായ കല സിനിമയാണെന്നു പറഞ്ഞത് മഹാനായ ലെനിനാണ്. നമ്മുടെ ആശയങ്ങൾ, നിലപാടുകൾ, പക്ഷം എന്നിവ ഏറ്റവും മനോഹരമായി മറ്റൊരാളിലേക്കു സംവേദനം ചെയ്യാൻ പറ്റുന്ന മാധ്യമമാണു സിനിമ. അങ്ങനെ നോക്കുമ്പോൾ ചില ആശയങ്ങളുടെ ഒളിച്ചുകടത്തലുകൾ സിനിമയിൽ സംഭവിക്കുന്നില്ലേ എന്നു ന്യായമായും സംശയിക്കാവുന്നതാണ്. കഥാഗതിയുടെ നിർണായകമായ സന്ദർഭത്തിൽ നായകന്റെ അവസ്ഥയെ മുതലെടുക്കുന്ന മുസ്ലിം കഥാപാത്രം കച്ചവടമനോഭാവത്തോടെയും അധിനിവേശ സ്വഭാവത്തോടെയും ഇടപെടുമ്പോഴും രോഗിയെയുംകൊണ്ടു പായുന്ന ആംബുലൻസിനെ ഹൈലൈറ്റ് ചെയ്തു കാണിക്കുമ്പോഴും അവസാനം നായകൻ കറുപ്പുടുത്ത്, ചന്ദനക്കുറിയും കൈയിൽ ചരടുമായി പശ്ചാത്തലസംഗീതത്തിന്റെ അകമ്പടിയോടെ എത്തുമ്പോഴും സിനിമയെപ്പറ്റിയുള്ള നമ്മുടെ ചില മുൻവിധികൾ യാഥാർത്ഥ്യമാകുക കൂടി ചെയ്യുന്നുണ്ട്. ■

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# അസഹനീയമായ കല്ലുകടി

കാവ്യരചനപോലെതന്നെ പാട്ടെഴുത്തിനെയും മഹത്തായ സർഗാനുഷ്ഠാനം എന്ന നിലയിൽ പരിഗണിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതിന് ഏറ്റവും നല്ല തെളിവാണ് "ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം" എന്ന പഴയ പാട്ട് തന്റെ അന്ത്യോപചാരസമയത്ത് താഴ്ന്ന ശബ്ദത്തിൽ കേൾപ്പിക്കമെന്ന കോൺഗ്രസ് നേതാവ് പി.ടി. തോമസിന്റെ അവസാനത്തെ ആഗ്രഹം. ഈ പാട്ട് പിറന്നിട്ട് ഏതാണ്ട് നാല്പത്തേഴു വർഷമായി. ഇതിന്റെ രചയിതാവായ വയലാർ രാമവർമ അന്തരിച്ചിട്ടും അത്രയും കാലമായി. എന്നിട്ടും ഈ ഗാനം ജീവവായുപോലെ പി.ടി. തോമസ് ഇത്രയുംകാലം മനസ്സിൽ താലോലിച്ചുകൊണ്ടു നടന്നെങ്കിൽ അതിന്റെ വരികൾക്കും സംഗീതത്തിനും ആലാപനത്തിനും എന്തൊക്കെയോ സവിശേഷതകളുണ്ട്; സംശയമില്ല.

എന്നാൽ, ഇപ്പോൾ സ്ഥിതിയെന്താണ്? 'വർക്കി' എന്ന ചിത്രത്തിലെ ഈ ഗാനമൊന്നു ശ്രദ്ധിക്കുക:

"തേനെഴുതവേ മഴമുകിൽ മിഴികളിൽ നിൻ
കാതടികളിൽ അലയിടും മൊഴികളായ്
ഞാനണയവേ അണിവിരൽ പവനുമായ് നിൻ
കാലടികളെ തുടരുമീ വഴികളിൽ
കനവുകളൊരു നേരം
കിളിമകളുടെ തേരിൽ ആലോലമായ്
പറയുമോ പതിയെ നിൻ മാനസം
കരളിലെ കഥകളും കാതേലും." (രചന – ആദർശ് വേണുഗോപാൽ; സംഗീതം – സുരേഷ് സോമസുന്ദർ; ആലാപനം – കെ.എസ്. ഹരിശങ്കർ, ശ്രീനന്ദന).

ഇവിടെ നമുക്കു മനസ്സിലാകാത്ത ഒരു വാക്കുപോലുമില്ല. എന്നാൽ, ഈ വരികളുടെ ആശയം നമുക്കു തീരെ പിടികിട്ടുന്നില്ല. എന്തുകൊണ്ടാണ്? ഉത്തരം വളരെ വ്യക്തം. വാക്കുകൾ പരസ്പരപൂരകങ്ങളായാൽ മാത്രമേ അവയ്ക്ക് അർത്ഥമുളവാകുകയുള്ളൂ. നേരത്തെ സൂചിപ്പിച്ച പാട്ട് വയലാർ ഇങ്ങനെയാണ് എഴുതിയതെന്നു സങ്കല്പിക്കുക:

"തീരം ചന്ദ്രകളഭം ഉറങ്ങും ചാർത്തി
തീരം ഇന്ദ്രധനുസ്സിൽ കൊഴിയും തൂവൽ"

ഈ ഗാനം (അങ്ങനെയുള്ള പേരിനുപോലും അർഹമല്ല എന്നതു വേറേ കാര്യം) ആരെങ്കിലും ഇഷ്ടപ്പെടുമോ? ഇതേ അവസ്ഥയാണ് 'വർക്കി'യിലെ ഗാനത്തിനുമുള്ളത്.

തേൻ എന്താണെന്നു നമുക്കറിയാം. എങ്കിലും 'തേനെഴുതവേ' എന്നു പ്രയോഗിച്ചതോടെ തേനിന്റെ മധുരം നഷ്ടപ്പെട്ടുപോയി. തേനെഴുതുന്നതെങ്ങനെ എന്ന് രചയിതാവുതന്നെ വിശദീകരിച്ചേ മതിയാവൂ. മഴമുകിൽ മിഴികളിലാണത്രേ തേനെഴുതുന്നത്. 'കാതടികളിൽ' എന്ന് അടുത്ത പ്രയോഗം. കാലടി എന്നു കേട്ടിട്ടുള്ള നമുക്ക് കാതടി ഇരുട്ടടിയായി മാറുന്നു. 'അണിവിരൽ പവനുമായ്' എന്ന് മറ്റൊരു പ്രയോഗം. ഇവിടെയൊക്കെ അർത്ഥമന്വേഷിക്കുന്ന നാം കുഴങ്ങും. കാനൽജലത്തിൽ ജലം തിരയുമ്പോലെ വ്യർത്ഥപ്രവൃത്തിയാകുമത്.

കല്ലുകടിക്കുന്ന ഇത്തരം പ്രയോഗങ്ങൾ ഗാനത്തിൽ കുത്തിനിറച്ചിരിക്കുകയാണു രചയിതാവ്. അതുകൊണ്ട് എന്തു നേട്ടമെന്നു ചോദിച്ചാൽ അദ്ദേഹം കൈമലർത്തിക്കാണിച്ചെന്നും വരും. കണ്ടില്ലേ, 'കാതേലും' എന്ന പ്രയോഗത്തോടെയാണു പല്ലവിക്കു പാട്ടെഴുത്തുകാരൻ വിരാമമിട്ടിരിക്കുന്നത്. എന്തൊക്കെയോ എഴുതി എന്നതല്ലാതെ പേനയെടുത്തതിന്റെ ഉദ്ദേശ്യം പോലും അദ്ദേഹത്തിനു വ്യക്തമല്ല.

"കായാമ്പൂ വിരിയും മാറിൽ
മായാതെ തഴുകാം തൂവലായ്...." എന്ന ഈരടി ഇതേ ഗാനത്തിൽ തുടർന്നു കേൾക്കാം. കായാവ് (കാശാവ്) എന്ന ഔഷധസസ്യത്തിന്റെ പൂവാണ് കായാമ്പൂ എന്നറിയപ്പെടുന്നത്. അതിന്റെ നീലനിറം പരിഗണിച്ചാണു കവികൾ പലതും എഴുതിയിട്ടുള്ളത്.

"കായാമ്പൂ കണ്ണിൽ വിടരും
കമലദളം കവിളിൽ വിടരും" (ചിത്രം – നഭം) എന്ന വയലാറിന്റെ ഗാനം ഒരുദാഹരണം. കായാമ്പൂവർണൻ എന്നു ശ്രീകൃഷ്ണനെ വിശേഷിപ്പിക്കുന്നത് മറ്റൊരുദാഹരണം. വാക്കുകളെ മാനിക്കാത്ത, അവയുടെ അർത്ഥം ചിന്തിക്കാതെ ആദർശ് വേണുഗോപാൽ കായാമ്പൂ വിരിയിച്ചിരിക്കുന്നത് മറ്റൊരിടത്താണ്. പാമ്പു കടിയേറ്റാൽ ശരീരം നീലിക്കാറുണ്ട്. 'വർക്കി'യിലെ ഗാനത്തിന്റെ വരി കേട്ടപ്പോൾ നായികയ്ക്കു സർപ്പദംശനമേറ്റോ എന്നും സംശയിച്ചു. ഗാനരചനയുടെ അടിസ്ഥാനതത്ത്വങ്ങൾ പോലുമറിയാത്തവർ തൂലിക എടുക്കാതിരിക്കുകയാവും ഉചിതം എന്നുമാത്രം പറഞ്ഞുകൊള്ളട്ടെ. ■

Deepanalam Weekly

RNI No : 16998/68
Vol. 54 No. 43 Date of Publication 03 February 2022
Annual Subscription Rate ₹300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment





തിരുനാൾ ആശംസകൾ!

Mother Superior & Community

**CARMELITE CONVENT**

**KURAVILANGAD**

**Headmistress, staff & students**
**ST. MARY'S GIRLS HIGH SCHOOL&**
**ST. MARY'S GIRLS L.P. SCHOOL, KURAVILANGAD**




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org